the PROPHET

Kahlil Gibran

along with MALAYALAM translation

ഖലീൽ ഗിബ്രാൻ (Kahlil Gibran)
എഴുതിയ
The Prophet (പ്രവാചകൻ)
എന്ന ഗ്രന്ഥത്തിന്റെ മലയാളം പരിഭാഷ

Malayalam translation of
The Prophet by Kahlil Gibran

Translator:
VED from VICTORIA INSTITUTIONS

It is foretold! The torrential flow of inexorable destiny!

This PDF version has been published on: 29th of June 2023.

The English text is in the Public Domain in many nations.

The Malayalam translation is copyrighted.
©VICTORIA INSTITUTIONS, Aaradhana, Deverkovil 673508 India

Video-based reading-audio of this book can be found on this webpage

Published by
VICTORIA INSTITUTIONS
Aaradhana, DEVERKOVIL 673508
India
Telegram: https://t.me/VICTORIA_INSTITUTIONS
www.victoria.org.in
admn@victoria.org.in

Digital book created by:
DEVERKOVIL Inc.,
Aaradhana, DEVERKOVIL 673508
India
www.deverkovil.com

If you find this digital book to be of any use to you, maybe you can send a monetary support to VICTORIA INSTITUTIONS.

The expected amount is Rs. 20/-

Click here to send the support amount. Or scan the above QR code.

Please note that this voluntary donation shall be non-refundable.

contents

1. The Coming of the Ship
നൗകയുടെ വരവ്

2. On Love
സ്നേഹത്തിനെക്കുറിച്ച്

3. On Marriage
വിവാഹത്തെക്കുറിച്ച്

4. On Children
കുട്ടികളെക്കുറിച്ച്

5. On Giving
നല്കുന്നതിനെക്കുറിച്ച്

6. On Eating and Drinking
തിന്നുന്നതിനെക്കുറിച്ചും,
കുടിക്കുന്നതിനെക്കുറിച്ചും

7. On Work
ജോലി ചെയ്യുന്നതിനെക്കുറിച്ച്

8. On Joy & Sorrow
ആനന്ദത്തെക്കുറിച്ചും,
വ്യസനത്തെക്കുറിച്ചും

9. On Houses
ഭവനങ്ങളെക്കുറിച്ച്

10. On Clothes
വസ്ത്രങ്ങളെക്കുറിച്ച്

ആമുഖം
Click here!

contents

11. On Buying & Selling
വാങ്ങുന്നതിനെക്കുറിച്ചും,
വിൽക്കുന്നതിനെക്കുറിച്ചും

12. On Crime & Punishment
കുറ്റവും ശിക്ഷയും എന്നതിനെക്കുറിച്ച്

13. On Laws
നിയമചട്ടങ്ങളെക്കുറിച്ച്

14. On Freedom
സ്വാതന്ത്ര്യത്തെക്കുറച്ച്

15. On Reason & Passion
യുക്തിവിചാരത്തെക്കുറിച്ചും,
വികാരത്തെക്കുറിച്ചും

16. On Pain
നൊമ്പരത്തെക്കുറിച്ച്

17. On Self-Knowledge
ആത്മജ്ഞാനത്തെക്കുറിച്ച്

18. On Teaching
പഠിപ്പിക്കുന്നതിനെക്കുറിച്ച്

19. On Friendship
സൗഹൃദത്തെക്കുറിച്ച്

20. On Talking
സംസാരിക്കുന്നതിനെക്കുറിച്ച്

contents

21. On Time
സമയത്തിനെക്കുറിച്ച്

22. On Good & Evil
ഉത്തമമായതിനെക്കുറിച്ചും,
ദുഷ്ടമായതിനെക്കുറിച്ചും

23. On Prayer
പ്രാർത്ഥനയെക്കുറിച്ച്

24. On Pleasure
ഉല്ലാസത്തെക്കുറിച്ച്

25. On Beauty
സൗന്ദര്യത്തെക്കുറിച്ച്

26. On Religion
മതത്തെക്കുറിച്ച്

27. On Death
മരണത്തെക്കുറിച്ച്

28. The Farewell
വിടവാങ്ങൽ

Other books
CLICK HERE

Malabar Manual
CLICK HERE

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചരിത്രം
CLICK HERE

ഫ്യൂഡൽ ഭാഷകളിലെ ഉള്ളറ ചിത്രങ്ങൾ
CLICK HERE

ENGLISH CLASS
CLICK HERE

ആമുഖം

ഈ ഗ്രന്ഥത്തിന്റെ തർജ്ജമക്കാരൻ എന്ന നിലയിൽ ഇത്രയും കാര്യങ്ങൾ ഇവിടെ കുറിച്ചിടുകയാണ്.

പല പഴയകാല ഇങ്ഗ്ളിഷ് ഗ്രന്ഥങ്ങളേയും ഡിജിറ്റൽ രൂപത്തിലാക്കുകയും, അവയിൽ ചിലതിനെല്ലാം വ്യാഖ്യാനങ്ങൾ എഴുതിയിട്ടുമുള്ള വ്യക്തിയാണ് ഈ തർജ്ജ ചെയ്ത ആൾ.

1. Malabar Manual by William Logan
2. Travancore State Manual by V Nagam Aiya
3. Native Life in Travancore by Rev. Samuel Mateer F.L.S
4. Castes & Tribes of Southern India Vol 1 Vol 1 by Edgar Thurston
5. Omens and Superstitions of Southern India by EDGAR THURSTON
6. Mein Kampf by Adolf Hitler - A demystification!
7. Oscar Wilde and Myself by Alfred Bruce Douglas
8. The Native Races of South Africa by George W. Stow
9. Kamasutra of Vatsyayana (Google books)

തുടങ്ങിയവ ആ വക ഗ്രന്ഥങ്ങളിൽ പെടും.

പോരാത്തതിന്, മലയാളത്തിൽ തന്നെ ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചരിത്രം - ഒരു അനുഭാവ്യചിത്രീകരണം, എന്ന പേരിൽ ഒരു നീണ്ട് എഴുത്തു പരമ്പരതന്നെ എഴുതിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ അനവധി കാര്യങ്ങളെക്കുറിച്ച് തികച്ചും മൗലികമായ (original) ആശയങ്ങളും വിവരങ്ങളും ചേർത്തിട്ടുണ്ട്.

ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതും ചേർക്കാൻ ഉദ്ദേശിക്കുന്നതുമായ കാര്യങ്ങൾ ഇവയാണ്:

ശാസ്ത്രം (Science), ഭാഷാ ശാസ്ത്രം (Linguistics), സാമൂഹിക ശാസ്ത്രം (Social Science), രാഷ്ട്രതന്ത്രം (Political Science), വിദ്യാഭ്യാസം (Education), നരവംശശാസ്ത്രം (Anthropology), നരകുലശാസ്ത്രം/ വംശീയശാസ്ത്രം (Ethnographic studies), മനശ്ശാസ്ത്രം(Psychology), ശരീരഘടനാശാസ്ത്രം (Anatomy),

ദക്ഷിണേഷ്യൻ ചരിത്രം (History of South Asia), ഇങ്ഗ്ലിഷ് കൊളോണിയലിസം (English Colonialism), ബ്യട്ടിഷ്-ഇന്ത്യ (British India), ബ്യട്ടിഷ്-മലബാർ (British Malabar), ലോക ചരിത്രം (World History) എന്നിവയും

ഇങ്ഗ്ളിഷ് സാഹിത്യവും (English literature), ഇങ്ഗ്ളണ്ടിന്റെ ചരിത്രവും (History of England), തുടങ്ങിയവയും

ഈ എഴുത്തുകാരൻ തന്നെ സ്വന്തമായി രൂപകൽപ്പന ചെയ്ത യാഥാർത്ഥ്യത്തിന്റേയും, ജീവന്റേയും, ശരീരഘടനയുടേയും, ഭാഷയുടേയും സോഫ്ട്വേർ കോഡുകൾ

അതീന്ദ്രിയാനുഭവപഠനം (Parapsychology), ദൈവശാസ്ത്രം / അദ്ധ്യാത്മവിദ്യ (Theology), പുരാണങ്ങൾ (Epics), കൂടോത്രം (Blackmagic/Witchcraft) തുടങ്ങിയവയും,

ഇതുമായി ബന്ധപ്പെട്ട് ഹോമിയോപ്പതി എന്ന ചികിത്സാ സമ്പ്രദായത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന യന്ത്രസംവിധാനം

ഇവയിൽ മിക്കവയിലും ഈ എഴുത്തുകാരന് കാര്യമായ ഔപചാരിക വിദ്യാഭ്യാസ യോഗ്യതകൾ യാതൊന്നും ഇല്ലതന്നെ.

ഈ ഗ്രന്ഥം ഈ ലിങ്കിൽ നിന്നും വായിക്കാനും ഡൗൺലോഡ് ചെയ്യാനും ആവുന്നതാണ്.

ഈ തർജ്ജമക്കാരന്റെ ഏറ്റവും ഇഷ്ടപ്പെട്ട ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യകാരന്മാർ Oscar Wildeഉം Somerset Maughamഉം ആകുന്നു.

എന്നാൽ, Kahlil Gibranന്റെ The Prophetൽ വളരെ മനോഹരങ്ങളായ വരികളും വാക്കുകളും ഉള്ളത് വളരെ കാലം മുൻപുതന്നെ ശ്രദ്ധയിൽ പെട്ടിരുന്നു. ഇതാണ് ഇങ്ങിനെ ഒരു തർജ്ജമയ്ക്ക് ഒരുമ്പെടാനുള്ള പ്രചോദനം എന്നു തോന്നുന്നു.

ഈ തർജ്ജമയുമായി ബന്ധപ്പെട്ട് പറയാനുള്ളത്, ഈ തർജ്ജമക്കാരൻ ഫ്യൂഡൽ ഭാഷകളേയും ഭാഷകളിലെ കോഡുകളേയും പറ്റി നിരീക്ഷിച്ച് പലവിധ പഠനങ്ങൾ നടത്തുന്ന ഒരു വ്യക്തിയാണ്.

ഇങ്ഗ്ലിഷ് എന്ന നിരപ്പ് സ്വഭാവം ഉള്ള (planar) ഭാഷയിലെ ഒരു കൃതിയെ മലയാളം എന്ന ഫ്യൂഡൽ ഭാഷയിലേക്ക് തർജ്ജമചെയ്യുമ്പോൾ ചില പ്രശ്നങ്ങൾ നേരിടും. ഫ്യൂഡൽ ഭാഷകളിൽ വാക്കുകൾക്കും മനുഷ്യർക്കും ഒരു 3-ഡി (3-D) പരിസരാന്തരീക്ഷമാണ് ഉള്ളത്.

വ്യക്തമായി പറഞ്ഞാൽ, ഇങ്ഗ്ളിഷിലെ You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയ വാക്കുകൾ ഫ്യൂഡൽ ഭാഷകളിലേക്ക് തർജ്ജമചെയ്യുമ്പോൾ , അവയ്ക്ക് ഒരു ത്രിശാഖിത്വം (trichotomy) സംഭവിക്കുന്നു.

ഈ പ്രശ്നത്തെക്കുറിച്ച് ഈ തർജ്ജമക്കാരൻ കൂടുതലായി ശ്രദ്ധാലുവായതിനാൽ, ഈ ഗ്രന്ഥത്തിൽ ‘He’ എന്ന വാക്ക്-പ്രയോഗത്തിന് പലപ്പോഴും 'അയാൾ' എന്ന മലയാള വാക്കാണ് തർജ്ജമയായി നൽകിയിട്ടുള്ളത്. 'അവൻ' എന്നോ, 'അദ്ദേഹം' എന്നോ ഉപയോഗിച്ചിട്ടില്ല.

അതേ സമയം, ഈശ്വരനെക്കുറിച്ച് പരാമർശിക്കുന്ന അവസരത്തിൽ, ‘He’ എന്ന വാക്കിന് 'അവൻ' എന്ന വാക്കാണ് നൽകിയിട്ടുള്ളത്. അത് പോലെതന്നെ ‘You’ എന്ന പദം ദിവ്യവ്യക്തിത്വത്തോടാകുമ്പോഴും, 'നീ' എന്നാണ് നൽകിയിട്ടുള്ളത്.

മനുഷ്യർ തമ്മിലുള്ള സംബോധനകളിൽ, ‘നിങ്ങൾ’ എന്നാണ് പൊതുവായി നൽകിയിട്ടുള്ള വാക്ക്. ചിലയിടങ്ങളിൽ ‘അങ്ങ്’ എന്ന വാക്കും നൽകിയിട്ടുണ്ട്.

‘She’ എന്ന വാക്കിന്റെ കാര്യത്തിൽ ‘അയാൾ(സ്ത്രീ)’ എന്ന തർജ്ജമയാണ് നൽകിയിട്ടുള്ളത്. ‘അവൾ’ എന്ന വാക്ക് തികച്ചും അനുചിതമായ ഒരു തർജ്ജമയായാണ് ഈ തർജ്ജമക്കാരന്റെ പക്ഷം.

തർജ്ജമയുടെ ഗുണനിലവാരത്തെക്കുറിച്ചും പറയേണ്ടിയിരിക്കുന്നു. തർജ്ജമ ചെയ്ത ആൾ മലയാള ഭാഷാ പണ്ഡിതനല്ല. അതിനാൽത്തന്നെ പലവിധ പോരായ്മകളും തർജ്ജമയിൽ കണ്ടേക്കാം. പല വാക്യങ്ങൾക്കും കൂടുതൽ ഉചിതമായ തർജ്ജമകൾ ഉണ്ടാവില്ലാ എന്ന് പറയാൻ ആവില്ല.

മാത്രവുമല്ല, എല്ലാ വാക്യങ്ങളുടെയും വാക്കുകളുടേയും തർജ്ജമ പൂർണ്ണമായും ശരിയാണ് എന്നും ഉറപ്പിച്ച് പറയാനുമാവില്ല.

ഉപസംഹരിക്കുന്നതിന് മുൻപായി, ഒരു ചെറിയ ഉൾക്കാഴ്ചയും (insight) നൽകാം. ഈ എഴുത്തിലെ ആശയങ്ങൾ വായനക്കാരൻ മനസ്സിൽ ചേർക്കുമ്പോൾ, വ്യക്തമായും മനസ്സിലാക്കേണ്ടത്, ഒരു ഏഷ്യൻ രാജ്യത്തിൽ നിന്നും ഇങ്ഗ്ലിഷ് സാമൂഹികാന്തരീക്ഷത്തിലേക്ക് മാറിത്താമസിച്ച ഒരു വ്യക്തിയുടെ മനസ്സിൽ കയറിവന്ന ആഹ്ളാദാവസ്ഥ സൃഷ്ടിച്ച ചിന്തകൾ ആവാം ഈ ഗ്രന്ഥത്തിലെ വരികൾ എന്നത്.

മലയാളം എന്ന കഠിനമായ ഫ്യൂഡൽ ഭാഷാ അന്തരീക്ഷം ഇങ്ഗ്ലിഷ് സാമൂഹികാന്തരീക്ഷത്തിൽ നിന്നും തികച്ചും വിഭിന്നമാണ് എന്ന് എപ്പോഴും ഓർക്കുക.

VED from VICTORIA INSTITUTIONS

നൗകയുടെ വരവ്

The Coming of the Ship

Almustafa, the chosen and the beloved, who was a dawn unto his own day, had waited twelve years in the city of Orphalese for his ship that was to return and bear him back to the isle of his birth.

സ്വന്തം നാളിന്റെ ഒരു സൂര്യോദയമായ, തിരഞ്ഞെടുക്കപ്പെട്ട ആളും, അത്യധികം സ്നേഹിക്കപ്പെട്ട ആളും ആയ അൽമുസ്തഫ, ഓർഫാലീസ് നഗരത്തിൽ പന്ത്രണ്ട് വർഷക്കാലം, തിരിച്ചുവന്ന് തന്റെ ജന്മദേശമായ ദ്വീപിലേക്ക് തന്നെ കൊണ്ട്പോകുന്ന തന്റെ നൗകക്കായി കാത്ത് നിന്നിരുന്നു.

And in the twelfth year, on the seventh day of Ielool, the month of reaping, he climbed the hill without the city walls and looked seaward; and he beheld the ship coming with the mist.

അതിന്റെ പന്ത്രണ്ടാം വർഷത്തിൽ, വിളവെടുപ്പിന്റെ മാസമായ ഈലൂലിൽ, ഏഴാം നാളിൽ, നഗര മതിലുകൾക്ക് പുറത്തായുള്ള കുന്നിൻപുറത്ത് കയറുകയും, കടലിലേക്ക് നോക്കുകയും ചെയ്തു അയാൾ; എന്നിട്ട് മൂടൽമഞ്ഞിനോടൊപ്പം ആ കപ്പൽ വരുന്നത് അയാൾ നോക്കിക്കണ്ടു.

Then the gates of his heart were flung open, and his joy flew far over the sea. And he closed his eyes and prayed in the silences of his soul.
അപ്പോൾ അയാളുടെ ഹൃദയത്തിന്റെ പടിവാതിലുകൾ വലിച്ചുതുറക്കപ്പെട്ടു, അയാളുടെ ആനന്ദം കടലിന് മുകളിലൂടെ ദൂരത്തോളം പറന്നു. അയാൾ തന്റെ നേത്രങ്ങള് അടച്ചു, എന്നിട്ട് സ്വന്തം ആത്മാവിന്റെ നിശബ്ദതകളില് പ്രാര്ത്ഥിച്ചു.

But he descended the hill, a sadness came upon him, and he thought in his heart: Hഇതിന്റെ മതില്കെട്ടുകൾക്ക് ഉള്ളിൽ ഞാൻ ചിലവഴിച്ച നൊമ്പരംനിറഞ്ഞ ദിവസങ്ങൾക്ക് ദൈർഘ്യമേറെയായിരുന്നു, മാത്രവുമല്ല, ഏകാന്തതയുടെ രാത്രികളും നീണ്ടവയായിരുന്നു; തന്റെ നോവില്നിന്നും ഒറ്റക്കായ അവസ്ഥയില്നിന്നും ആര്ക്കാണ് യാതോരു വ്യസനവുമില്ലാതെ വിട്ടുപോകാനാകുക?

Long were the days of pain I have spent within its walls, and long were the nights of aloneness; and who can depart from his pain and his aloneness without regret?
ഇതിന്റെ മതിൽകെട്ടുകൾക്ക് ഉള്ളിൽ ഞാൻ ചിലവഴിച്ച നൊമ്പരംനിറഞ്ഞ ദിവസങ്ങൾക്ക് ദൈർഘ്യമേറെയായിരുന്നു, മാത്രവുമല്ല, ഏകാന്തതയുടെ രാത്രികളും

നീണ്ടവയായിരുന്നു; തന്റെ നോവിൽനിന്നും ഒറ്റക്കായ അവസ്ഥയിൽനിന്നും ആർക്കാണ് യാതോരു വ്യസനവുമില്ലാതെ വിട്ടുപോകാനാകുക?

Too many fragments of the spirit have I scattered in these streets, and too many are the children of my longing that walk naked among these hills, and I cannot withdraw from them without a burden and an ache.
പ്രാണന്റെ അനവധി തുണ്ടുകളാണ് ഞാൻ ഈ തെരുവുകളിൽ വിതറിയത്, ഈ കുന്നുകളിലൂടെ നഗ്നതമറയ്കാതെ നടക്കുന്ന എന്റെ അഭിലാഷങ്ങളുടെ കുഞ്ഞുങ്ങൾ അനവധിയാണ്, ഒരു ഹൃദയഭാരവും ഒരു നോവുമേൽക്കാതെ അവരിൽനിന്നെല്ലാം പിൻവാങ്ങാൻ എനിക്ക് ആവില്ല.

It is not a garment I cast off this day, but a skin that I tear with my own hands. Nor is it a thought I leave behind me, but a heart made sweet with hunger and with thirst.
ഈ ദിവസം എന്നിൽ നിന്നും എടുത്ത് കളയുന്ന ഒരു ഉടയാടയല്ല ഇത്, മറിച്ച് സ്വന്തം കൈകൾകൊണ്ട് ഞാൻ വലിച്ചു കീറുന്ന ഒരു ത്വക്കാണ്. മാത്രവുമല്ല, എനിക്ക് പിന്നിലായി ഞാൻ ഉപേക്ഷിച്ചുപോകുന്ന ഒരു ഓർമ്മയല്ല ഇത്, മറിച്ച് വിശപ്പും ദാഹവും കൊണ്ട് മധുരിതമാക്കിയ ഒരു ഹൃദയമാണ്.

Yet I cannot tarry longer. The sea that calls all things unto her calls me, and I must embark. For to stay, though the hours burn in the night, is to freeze and crystallize and be bound in a mould.

എന്നിരുന്നാലും, എനിക്ക് കൂടുതൽ നേരം തങ്ങിനിൽക്കാനാവില്ല. എല്ലാറ്റിനേയും തന്നിലേക്ക് വിളിക്കുന്ന ആഴിപ്പരപ്പ് എന്നെ വിളിക്കുന്നു, ഞാൻ കപ്പലിൽ കയറേണ്ടിയിരിക്കുന്നു. നിശാനേരത്ത് യാമങ്ങൾ കത്തിയെരിയുമെങ്കിലും, കാത്ത് നില്ക്കുക എന്നത് വിറങ്ങലിക്കലും, സ്ഫടികരൂപകല്പനയില്പ്പെടലും, ഒരു അച്ചില്വാര്ക്കപ്പെട്ട് ബന്ധനസ്ഥനാകലും ആണ്.

Fain would I take with me all that is here. But how shall I?

ഇവിടുള്ളതെല്ലാം സന്തോഷത്തോടെ ഞാൻ എന്നോടൊപ്പം കൊണ്ടുപോകുമായിരുന്നു. എന്നാൽ ഞാൻ അത് എങ്ങിനെ ചെയ്യും?

A voice cannot carry the tongue and the lips that give it wings. Alone must it seek the ether.

ഒരു സ്വരത്തിന്, അതിന് ചിറകുകൾ നല്കിയ നാവിനേയും ചുണ്ടുകളേയും വഹിക്കാനാവില്ല. ഏകാന്തമായിത്തന്നെ അതിന് ആകാശമണ്ഡലം കണ്ടെത്തേണ്ടിയിരിക്കുന്നു.

And alone and without his nest shall the eagle fly across the sun.
ഒറ്റയ്ക്കും, തന്റെ പക്ഷികൂടില്ലാതെയും, പരുന്ത് ഉച്ചവെയിലിന് അപ്പുറത്തേക്ക് പറക്കുന്നതാണ്.

Now when he reached the foot of the hill, he turned again towards the sea, and he saw his ship approaching the harbour, and upon her prow the mariners, the men of his own land.
കുന്നിൻ ചരിവിൽ എത്തിയപ്പോൾ, അയാൾ കടലിന് നേരെ വീണ്ടും തിരിഞ്ഞു, തന്റെ നൗക തുറമുഖത്തിന് അടുത്തേക്ക് വരുന്നത് കണ്ടു, അതിന്മേൽ നാവികർ, തന്റെ സ്വന്തം നാട്ടിലെ ആളുകൾ.

And his soul cried out to them, and he said:
അയാളുടെ ആത്മാവ് അവരോട് ഉച്ചത്തിൽ വിളിച്ചു, എന്നിട്ട് അയാൾ പറഞ്ഞു:

Sons of my ancient mother, you riders of the tides,
എന്റെ പുരാതന മാതാവിന്റെ പുത്രന്മാരെ, തിരമാലകളിൽ സവാരി ചെയ്യുന്നവരെ,

How often have you sailed in my dreams. And now you come in my awakening, which is my deeper dream.
എന്റെ സ്വപ്നങ്ങളിൽ നിങ്ങൾ എത്ര ജലയാത്ര ചെയ്തിട്ടുണ്ട്. എന്റെ കൂടുതൽ

ആഴമേറിയ സ്വപ്നാവസ്ഥയായ എന്റെ ഉണർന്നിരിക്കുന്ന ഈ നേരത്ത് ഇന്നിപ്പോൾ നിങ്ങൾ വന്നിരിക്കുന്നു.

Ready am I to go, and my eagerness with sails full set awaits the wind.
തയ്യാറാണ് ഞാൻ പോകാനായി, പായകൾ മുഴുവനായും വിരിച്ച് എന്നിലെ ഔത്സുക്യം കടൽക്കാറ്റിനെ കാത്തുനില്ക്കുന്നു.

Only another breath will I breathe in this still air, only another loving look cast backward,
ഈ നിശ്ചല വായുവിൽനിന്നും ഒരു ശ്വാസംകൂടിമാത്രം ഞാൻ ശ്വസിക്കും. ഒരിക്കൽകൂടി മാത്രം വാത്സല്യപൂർവ്വമായ നോട്ടം പിന്നിലേക്ക് എറിയും,

Then I shall stand among you, a seafarer among seafarers.
അതിന് ശേഷം ഞാൻ നിങ്ങളോടൊപ്പം നില്ക്കും, കടല്സഞ്ചാരികള്ക്കിടയിൽ ഒരു കടല്സഞ്ചാരിയായി.

And you, vast sea, sleepless mother, Who alone are peace and freedom to the river and the stream,
പുഴകൾക്കും, അരുവികൾക്കും ആകെയുള്ള സ്വൈര്യവും വിമോചനവും ആയ അങ്ങ്, വിശാലമായ കടൽ, നിദ്രാവിഹീനയായ അമ്മ,

Only another winding will this stream make, only another murmur in this glade, And then shall I come to you, a boundless drop to a boundless ocean.
ഒരു വളവുകൂടിമാത്രം ഈ അരുവി ഒഴുകും, ഈ കാട്ടുപാതയിൽ ഒരിക്കൽകൂടിമാത്രം കളകളശബ്ദം നൽകും, എന്നിട്ട് ഞാൻ നിന്നിലേക്ക് വന്നുചേരും, നിസ്സീമമായ ആഴിയിൽ അപരിമിതമായ ഒരു ദ്രാവകത്തുള്ളിയായി.

And as he walked he saw from afar men and women leaving their fields and their vineyards and hastening towards the city gates.
ദൂരങ്ങളിൽനിന്നും സ്ത്രീകളും പുരുഷന്മാരും അവരുടെ പാടങ്ങളും മുന്തിരിത്തോപ്പുകളും വിട്ട്, നഗരകവാടങ്ങളിലേക്ക് ധൃതിപിടിച്ച് നീങ്ങുന്നത്, നടക്കുന്നതിനിടയിൽ അയാൾ കണ്ടു.

And he heard their voices calling his name, and shouting from the field to field telling one another of the coming of the ship.
തന്റെ പേര് വിളിക്കുന്ന അവരുടെ ശബ്ദങ്ങളും, കപ്പൽ വന്നുകൊണ്ടിരിക്കുന്ന വിവരം ഒരു പാടത്ത് നിന്നും മറ്റൊന്നിലേക്ക് വിളിച്ച് പറയുന്ന അവരുടെ ഒച്ചയും അയാൾ കേട്ടു,

And he said to himself:
അയാൾ തന്നോട് തന്നെ പറഞ്ഞു:

Shall the day of parting be the day of gathering?
പിരിയുന്ന നാൾ കൂട്ടംകൂടുന്ന ദിനമാകുമോ?

And shall it be said that my eve was in truth my dawn?
എന്റെ ദിനത്തിന്റെ അന്ത്യം സത്യത്തിൽ എന്റെ പുലർകാലം ആയിരുന്നു എന്ന് പറയപ്പെടുമോ?

And what shall I give unto him who has left his plough in midfurrow, or to him who has stopped the wheel of his winepress?
തന്റെ കലപ്പ ഉഴുത്തിന് ഇടയിൽ ഉപേക്ഷിച്ച ആൾക്കും, അല്ലെങ്കിൽ വീഞ്ഞ് വാറ്റ് യന്ത്രത്തിന്റെ ഉരുൾ നിർത്തിവച്ച ആൾക്കും, ഞാൻ എന്താണ് നൽകുക?

Shall my heart become a tree heavy-laden with fruit that I may gather and give unto them?
അവര്ക്ക് വാരിയെടുത്ത് നൽകാനായി, എന്റെ ഹൃദയം ഭാരിച്ച കായ്കനികൾ നിറഞ്ഞ് നിൽക്കുന്ന ഒരു വൃക്ഷമായി മാറുമോ?

And shall my desires flow like a fountain that I may fill their cups?
അവരുടെ പാനപാത്രം ഞാൻ നിറക്കുവാനായി, എന്റെ അഭിലാഷങ്ങൾ ഒരു നീരുറവപോലെ ഒഴുകുമോ?

Am I a harp that the hand of the mighty may touch me, or a flute that his breath may pass through me?
സർവ്വശക്തന്റെ കരം എന്നെ സ്പർശിക്കാനാകുമാറാക് ഞാൻ ഒരു വീണയോ, അല്ലെങ്കിൽ അവന്റെ ശ്വാസം എന്നിലൂടെ പ്രവഹിക്കുവാൻ ഇടനൽകുമാറ്, ഞാൻ ഒരു ഓടക്കുഴലോ ആണോ?

A seeker of silences am I, and what treasure have I found in silences that I may dispense with confidence?
നിശബ്ദത തേടുന്ന ഒരുവനാണ് ഞാൻ, എന്നിട്ടോ, ആത്മവിശ്വാസത്തോടെ വിതരണം ചെയ്യാന്മാത്രം എന്ത് നിധിയാണ് ഞാൻ നിശബ്ദതയിൽ കണ്ടെത്തിയിട്ടുള്ളത്?

If this is my day of harvest, in what fields have I sowed the seed, and in what unrembered seasons?
ഇത് എന്റെ വിളവെടുപ്പിന്റെ ദിനമാണെങ്കിൽ, എന്തെല്ലാം വിളഭൂമിയിലാണ്, ഏതെല്ലാം മറക്കപ്പെട്ട ഋതുക്കളിലാണ് ഞാൻ വിത്ത് വിതച്ചിട്ടുള്ളത്?

If this indeed be the hour in which I lift up my lantern, it is not my flame that shall burn therein.
എന്റെ റാന്തൽ ഞാൻ ഉയർത്തുന്നനേരം വാസ്തവത്തിൽ ഇപ്പോഴാണെങ്കിൽ, അതിനുള്ളിൽ ആളുന്നത് എന്റെ തീജ്വാലയല്ല.

Empty and dark shall I raise my lantern,
കാലിയും ഇരുൾ നിറഞ്ഞുമായാണ് ഞാൻ എന്റെ റാന്തൽ വിളക്ക് ഉയർത്തുക,

And the guardian of the night shall fill it with oil and he shall light it also.
അപ്പോൾ ഇരുളിന്റെ നാഥൻ അതിൽ എണ്ണ നിറക്കും, അവൻ അതിന് തീകൊളുത്തുകയും ചെയ്യും.

These things he said in words. But much in his heart remained unsaid. For he himself could not speak his deeper secret.
ഇത്രയും കാര്യങ്ങൾ അയാൾ വാക്കുകളിൽ പറഞ്ഞു. എന്നാൽ ഒട്ടേറെ, അയാളുടെ ഹൃദയത്തിൽ വാക്കുകളിൽ പറയപ്പെടാതെ അവശേഷിച്ചു. കാരണം, അയാളുടെ ആഴങ്ങളിലുള്ള രഹസ്യത്തിന്റെ പൊരുൾ അയാൾക്ക് സ്വന്തമായിപ്പോലും പറയാനാകില്ല.

And when he entered into the city all the people came to meet him, and they were crying out to him as with one voice.
എന്നിട്ട്, അയാൾ നഗരത്തിനുള്ളിലേക്ക് കയറിയപ്പോൾ, എല്ലാ ജനങ്ങളും അയാളെ എതിരേൽക്കാനായി മുന്നോട്ട് വന്നു, ഏകസ്വരത്തിലെന്നോണം അവര് അയാളോട് വിളിച്ചുപറയുന്നുണ്ടായിരുന്നു.

And the elders of the city stood forth and said:
നഗരത്തിലെ ഗുരുജനങ്ങൾ എഴുന്നേറ്റ് വന്ന്കൊണ്ട് പറഞ്ഞു:

Go not yet away from us.
ഞങ്ങളിൽനിന്നും ഇപ്പോൾത്തന്നെ പോകാതിരിക്കുക.

A noontide have you been in our twilight, and your youth has given us dreams to dream.
ഞങ്ങളുടെ മൂവന്തിനേരത്ത് നിങ്ങൾ ഒരു മദ്ധ്യാന്നമായിരുന്നു. അങ്ങയുടെ യൗവ്വനം ഞങ്ങളുടെ മനോരാജ്യത്തിന് കാണാനായി കിനാക്കൾ നല്കി.

No stranger are you among us, nor a guest, but our son and our dearly beloved. Suffer not yet our eyes to hunger for your face.
ഞങ്ങള്ക്കിടയിൽ യാതോരു അന്യനുമല്ല

നിങ്ങൾ, ഒരു അഥിതിയുമല്ല, മറിച്ച്, അങ്ങ് ഞങ്ങളുടെ മകനാണ്, ഞങ്ങളുടെ പ്രിയതമനാണ്. അങ്ങയുടെ മുഖംകാണാനായുള്ള അത്യാർത്തിയാൽ ഞങ്ങളുടെ കണ്ണുകളെ ഇപ്പോൾത്തന്നെ വേദനിപ്പിക്കരുത്.

And the priests and the priestesses said unto him:
ഉപാസകരും ഉപാസിനികളും അയാളോട് പറഞ്ഞു:

Let not the waves of the sea separate us now, and the years you have spent in our midst become a memory.
ആഴിയിലെ ഓളങ്ങൾ നമ്മെ ഈ നേരത്ത് വേർപിരിക്കാതിരിക്കട്ടെ, അങ്ങ് ഞങ്ങളോടൊപ്പം ചിലവഴിച്ച വർഷങ്ങൾ ഒരു ഓര്മ്മായി തീരാതിരിക്കട്ടെ.

You have walked among us a spirit, and your shadow has been a light upon our faces.
ഒരു ആത്മാവെന്നോണം, നിങ്ങൾ ഞങ്ങൾക്കിടയിൽ നടന്നിരുന്നു, അങ്ങയുടെ നിഴലാട്ടം ഞങ്ങളുടെ മുഖങ്ങളിൽ ഒരു തിളക്കമായിരുന്നു.

Much have we loved you. But speechless was our love, and with veils has it been veiled. Yet now it cries aloud unto you, and would stand revealed before you.

അങ്ങയെ ഞങ്ങൾ വളരെ സ്നേഹിച്ചിരുന്നു. എന്നിരുന്നാലും,
വാക്കുകളില്ലാത്തതായിരുന്നു ഞങ്ങളുടെ പ്രണയം, മൂടുപടത്താൽ അത് മറയ്ക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് അത് അങ്ങയോട് ഉച്ചത്തിൽ നിലവിളിക്കുന്നു, മുഖാവരണം അഴിച്ച് സ്വയം വെളിപ്പെടുത്തി അങ്ങയുടെ മുന്നിൽ നിൽക്കുന്നു.

And ever has it been that love knows not its own depth until the hour of separation.
വേർപാടിന്റെ നേരം ആസന്നമാകുംവരെ പ്രണയത്തിന് അതിന്റെ സ്വന്തം ആഴം ആറിയില്ല എന്നുള്ളത് എന്നുമുള്ളസത്യമായിരുന്നു.

And others came also and entreated him.
മറ്റുള്ളവരും വന്ന് അയാളോട് യാചനാ ഭാവത്തിൽ അപേക്ഷിച്ചു.

But he answered them not. He only bent his head; and those who stood near saw his tears falling upon his breast.
എന്നിരുന്നാലും, അയാൾ അവർക്ക് മറുപടി നൽകിയില്ല. സ്വന്തം ശിരസ് കുനിക്കുകമാത്രം അയാൾ ചെയ്തു; തൊട്ടടുത്തുനിന്നിരുന്ന ആളുകൾ അയാളുടെ മാറിന്മേൽ അയാളുടെ മിഴിനീര് വീഴുന്നത് കണ്ടു.

And he and the people proceeded towards the great square before the temple. And there came out of the sanctuary a woman whose name was Almitra. And she was a seeress.
അയാളും ജനങ്ങളും അമ്പലത്തിന് മുന്നിലുള്ള മഹാ ചതുരത്തിലേക്ക് നീങ്ങി. അപ്പോൾ ആ ശ്രീകോവിലിൽ നിന്നും, അൽമിത്ര എന്ന പേരുള്ള ഒരു സ്ത്രീ പുറത്തുവന്നു. ആ ആൾ ഒരു ആത്മജ്ഞാനിയായിരുന്നു.

And he looked upon her with exceeding tenderness, for it was she who had first sought and believed in him when he had been but a day in their city.
അതീവ മൃദുലതയോടുകൂടി അയാൾ, ആ ആളിൽ ദൃഷ്ടിപതിപ്പിച്ചു, കാരണം, അവരുടെ നഗരത്തിൽ വെറും ഒരു ദിനം മാത്രം അയാൾ ആദ്യമായി ചിലവഴിച്ചപ്പോൾ, അയാളെ തേടിവരികയും, അയാളിൽ വിശ്വാസം ഉറപ്പിക്കുകയും ചെയ്തത് ആ ആളായിരുന്നു.

And she hailed him, saying: Prophet of God, in quest for the uttermost, long have you searched the distances for your ship.
അങ്ങേയറ്റുത്തുള്ളതിനെ തേടുന്ന, ദൈവത്തിന്റെ പ്രവാചകാ, നിങ്ങളുടെ നൗകക്കായി വളരെ ദൂരങ്ങൾ വളരെ നാളുകൾ നിങ്ങൾ തിരഞ്ഞിട്ടുണ്ട്: എന്ന് പറഞ്ഞ് കൊണ്ട് ആ ആൾ അയാളെ ആശിർവ്വദിച്ചു.

And now your ship has come, and you must needs go. ഇപ്പോഴിതാ, അങ്ങയുടെ കപ്പൽ വന്നിരിക്കുന്നു, അങ്ങ് പോകേണ്ടിയിരിക്കുന്നു.

Deep is your longing for the land of your memories and the dwelling place of your greater desires; and our love would not bind you nor our needs hold you. അങ്ങയുടെ സ്മൃതിപഥത്തിലെ നാടിനോടും, അങ്ങയുടെ വലിയ അഭിലാഷങ്ങൾ ജീവിക്കുന്ന ഇടങ്ങളിനോടും അങ്ങയ്ക്കുള്ള കൊതി വളരെ ആഴമുള്ളതാണ്; ഞങ്ങളുടെ സ്നേഹം അങ്ങയെ തളച്ചിടുകയോ, ഞങ്ങളുടെ ആവശ്യകതകൾ അങ്ങയെ പിടിച്ച് നിർത്തുകയോ ചെയ്യില്ല.

Yet this we ask ere you leave us, that you speak to us and give us of your truth. And we will give it unto our children, and they unto their children, and it shall not perish. എന്നിരുന്നാലും, അങ്ങ് ഞങ്ങളെ വിട്ടുപോകുന്നതിന് മുൻപായി, ഞങ്ങളോട് സംസാരിക്കാനും, അങ്ങയുടെ വിജ്ഞാനത്തിന്റെ നേരുകൾ ഞങ്ങൾക്ക് പങ്ക് നൽകാനും ഞങ്ങൾ ആവശ്യപ്പെടുന്നു. അത് ഞങ്ങൾ ഞങ്ങളുടെ കുട്ടികൾക്ക് നൽകും, അവര് അവരുടെ കുട്ടികൾക്കും, അത് നശിച്ചുപോകില്ല.

In your aloneness you have watched with our days, and in your wakefulness you have listened to the weeping and the laughter of our sleep.
നിങ്ങളുടെ ഏകാന്തതയിൽ, ഞങ്ങളുടെ ദിനങ്ങളെ നിങ്ങൾ വീക്ഷിച്ചിരുന്നു, നിങ്ങളുടെ ഉണർന്നിരിക്കുന്ന അവസ്ഥയിൽ ഞങ്ങളുടെ ഉറക്കത്തിലെ രോദനങ്ങൾക്കും ഹാസങ്ങൾക്കും നിങ്ങൾ കേള്‍വി നിൽകിയിരുന്നു.

Now therefore disclose us to ourselves, and tell us all that has been shown you of that which is between birth and death.
അതിനാൽത്തന്നെ ഇപ്പോൾ ഞങ്ങൾക്ക് ഞങ്ങളെത്തന്നെ വെളിപ്പെടുത്തിത്തരിക. പിറവിക്കും, മരണത്തിനും ഇടയിലായി ഉള്ളതിനെക്കുറിച്ച്, നിങ്ങൾക്ക് കാഴ്ചനല്കപ്പെട്ടിട്ടുള്ളതെല്ലാം ഞങ്ങൾക്ക് പറഞ്ഞ് തരിക.

And he answered,
അപ്പോൾ അയാൾ മറുപടി നൽകി,

People of Orphalese, of what can I speak save of that which is even now moving your souls?
ഓർഫാലീസിലെ ജനങ്ങളെ, ഈ അവസരത്തിലും നിങ്ങളുടെ ആത്മാക്കളെ നീക്കിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ചല്ലാതെ, മറ്റെന്തിനെക്കുറിച്ചാണ് എനിക്ക് നിങ്ങളോട് സംസാരിക്കാനാവുക?

In your aloneness you have watched with our days, and in your wakefulness you have listened to the weeping and the laughter of our sleep.
നിങ്ങളുടെ ഏകാന്തതയിൽ, ഞങ്ങളുടെ ദിനങ്ങളെ നിങ്ങൾ വീക്ഷിച്ചിരുന്നു, നിങ്ങളുടെ ഉണർന്നിരിക്കുന്ന അവസ്ഥയിൽ ഞങ്ങളുടെ ഉറക്കത്തിലെ രോദനങ്ങൾക്കും ഹാസങ്ങൾക്കും നിങ്ങൾ കേള്വി നിൽകിയിരുന്നു.

Now therefore disclose us to ourselves, and tell us all that has been shown you of that which is between birth and death.
അതിനാൽത്തന്നെ ഇപ്പോൾ ഞങ്ങൾക്ക് ഞങ്ങളെത്തന്നെ വെളിപ്പെടുത്തിത്തരിക. പിറവിക്കും, മരണത്തിനും ഇടയിലായി ഉള്ളതിനെക്കുറിച്ച്, നിങ്ങൾക്ക് കാഴ്ചനല്കപ്പെട്ടിട്ടുള്ളതെല്ലാം ഞങ്ങൾക്ക് പറഞ്ഞ് തരിക.

And he answered,
അപ്പോൾ അയാൾ മറുപടി നൽകി,

People of Orphalese, of what can I speak save of that which is even now moving your souls?
ഓർഫാലീസിലെ ജനങ്ങളെ, ഈ അവസരത്തിലും നിങ്ങളുടെ ആത്മാക്കളെ നീക്കിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ചല്ലാതെ, മറ്റെന്തിനെക്കുറിച്ചാണ് എനിക്ക് നിങ്ങളോട് സംസാരിക്കാനാവുക?

സ്നേഹത്തിനെക്കുറിച്ച്

On Love

Then said Almitra, "Speak to us of Love."
അപ്പോൾ അൽമിത്ര പറഞ്ഞു, 'സ്നേഹത്തിനെക്കുറിച്ച് ഞങ്ങളോട് പറയുക.'

And he raised his head and looked upon the people, and there fell a stillness upon them. And with a great voice he said:
അയാൾ അയാളുടെ തല ഉയർത്തി, ജനങ്ങളുടെ മേൽ വീക്ഷിച്ചു, അപ്പോൾ അവരിന്മേൽ ഒരു നിശ്ചലത വന്നു വീണു. ഒരു മഹാ സ്വരത്തിൽ, അപ്പോൾ അയാൾ പറഞ്ഞു:

When love beckons to you follow him,
സ്നേഹം നിങ്ങളെ മാടിവിളിക്കുമ്പോൾ നിങ്ങൾ അയാളെ പിന്തുടരുക,

Though his ways are hard and steep.
അയാളുടെ പാതകൾ കഠിനവും ദുരാരോഹവും ആണെങ്കിൽകൂടി.

And when his wings enfold you yield to him,
അയാളുടെ ചിറകുകൾ നിങ്ങളെ പൊതിയുമ്പോൾ, അയാൾക്ക് വഴങ്ങുക,

Though the sword hidden among his pinions may wound you. And when he speaks to you believe in him,
അയാളുടെ ചിറകുകളിൽ ഒളിഞ്ഞിരിക്കുന്ന വാൾ നിങ്ങളെ മുറിവേൽപ്പിക്കുകയാണെങ്കിൽ കൂടി. അയാൾ നിങ്ങളോട് സംസാരിക്കുമ്പോൾ അയാളിൽ വിശ്വാസം അര്പ്പിക്കുക,

Though his voice may shatter your dreams as the north wind lays waste the garden.
വടക്കൻകാറ്റ് പൂന്തോട്ടത്തിൽ നാശം വിതക്കുന്നത് മാതിരി, അയാളുടെ സ്വരം നിങ്ങളുടെ സ്വപ്നങ്ങളെ ഛിന്നഭിന്നമാക്കിയേക്കാം, എങ്കില്ക്കൂടി.

For even as love crowns you so shall he crucify you. Even as he is for your growth so is he for your pruning.
കാരണം, സ്നേഹം നിങ്ങളെ കിരീടം അണിയുക്കുന്നത്പോലെതന്നെ അയാൾ നിങ്ങളെ ക്രൂശിക്കുകയും ചെയ്യും. നിങ്ങളുടെ വളർച്ചക്ക് ഉള്ളതുപോലെ തന്നെ, നിങ്ങളുടെ ഇലകോതലിനുമാണ്, അയാൾ.

Even as he ascends to your height and caresses your tenderest branches that quiver in the sun,

നിങ്ങളുടെ ഉയരങ്ങളിൽ കയറി സൂര്യരശ്മിയിൽ ഇളകുന്ന നിങ്ങളുടെ ഏറ്റവും ഇളം ശിഖരത്തെ അയാൾ തലോടുന്നതിനോടൊപ്പം തന്നെ,

So shall he descend to your roots and shake them in their clinging to the earth. Like sheaves of corn he gathers you unto himself.

അയാൾ നിങ്ങളുടെ വേരുകളിലേക്ക് ഇറങ്ങുകയും, മണ്ണിനോട് അള്ളിപ്പിടിച്ചിരിക്കുന്ന അവസ്ഥയിൽ അവയെ കുലുക്കി ഇളക്കുകയും ചെയ്യും. ധാന്യമണികളെന്നപോലെ അയാൾ നിങ്ങളെ അയാളിലേക്ക് വാരിക്കൂട്ടുന്നു.

He threshes you to make you naked.

നിങ്ങളെ വിവസ്ത്രമാക്കാനായി നിങ്ങളെ അയാൾ മെതിക്കുന്നു.

He sifts you to free you from your husks.

നിങ്ങളുടെ ഉമിയിൽനിന്നും നിങ്ങളെ സ്വതന്ത്രമാക്കാനായി അയാൾ നിങ്ങളെ പാറ്റുന്നു.

He grinds you to whiteness.

വെള്ളരൂപത്തിലേക്ക് നിങ്ങളെ അയാൾ പൊടിക്കുന്നു.

He kneads you until you are pliant;

നിങ്ങൾ വളയുന്ന പരുവമാകുന്നത്വരെ നിങ്ങളെ കുഴയ്ക്കുന്നു;

And then he assigns you to his sacred fire, that you may become sacred bread for God's sacred feast.
അതിന് ശേഷം, നിങ്ങൾ ദൈവത്തിന്റെ ദിവ്യസൽക്കാരത്തിനായുള്ള വിശുദ്ധ അപ്പമായി ഭവിക്കാനായി, അയാളുടെ ദിവ്യാഗ്നിയിലേക്ക് നിങ്ങളെ അയാൾ അര്പ്പിക്കുന്നു,

All these things shall love do unto you that you may know the secrets of your heart, and in that knowledge become a fragment of Life's heart.
നിങ്ങളുടെ ഹൃദയത്തിലെ നിഗൂഢതകൾ നിങ്ങൾ അറിഞ്ഞുകൊള്ളാനും, ആ വിജ്ഞാനത്തിൽ നിങ്ങൾ ജീവന്റെ ഹൃദയത്തിലെ ഒരു തുണ്ടാകാനുമായി ഈ കാര്യങ്ങൾ എല്ലാംതന്നെ സ്നേഹം നിങ്ങളോട് ചെയ്യും.

But if in your fear you would seek only love's peace and love's pleasure,
എന്നാൽ നിങ്ങളുടെ ഭയത്താൽ, സ്നേഹത്തിന്റെ മനഃസ്വസ്ഥതയും സ്നേഹത്തിന്റെ സുഖങ്ങളും മാത്രമാണ് നിങ്ങൾ തേടുന്നതെങ്കിൽ,

Then it is better for you that you cover your nakedness and pass out of love's threshing-floor,

നിങ്ങളുടെ നഗ്നത മൂടിപ്പിടിക്കുകയും, പ്രണയത്തിന്റെ മെതിക്കൽപുരയിൽനിന്നും പുറത്തുപോകുകയും ചെയ്യുകയാണ് നിങ്ങൾക്ക് നല്ലത്,

Into the seasonless world where you shall laugh, but not all of your laughter, and weep, but not all of your tears.
നിങ്ങൾ ചിരിക്കും, എന്നാൽ നിങ്ങളുടെ മുഴുവൻ ചിരികളും നിങ്ങൾ ചിരിക്കാത്തതും, നിങ്ങൾ വിലപിക്കും, എന്നാൽ നിങ്ങളുടെ പൂർണ്ണമായ കണ്ണുനീരുകൾ പൊഴിക്കാത്തതുമായ, ഋതുക്കളില്ലാത്ത ലോകത്തിലേക്ക്.

Love gives naught but itself and takes naught but from itself.
പ്രണയം മറ്റൊന്നും നൽകുന്നില്ല, അതിനെ മാത്രമല്ലാതെ, മറ്റൊന്നിൽനിന്നും യാതൊന്നും എടുക്കുന്നില്ല, അതിനുള്ളിൽ നിന്നുംമാത്രമല്ലാതെ.

Love possesses not nor would it be possessed; For love is sufficient unto love. When you love you should not say, "God is in my heart," but rather, I am in the heart of God."
പ്രണയം അധീനത്തിലാക്കുന്നില്ല, മാത്രവുമല്ല അത് അധീനതയിലാകാനും അനുവദിക്കില്ല; കാരണം പ്രയണത്തിന് പ്രണയം തന്നെ പര്യാപ്തമാണ്. നിങ്ങൾ

സ്നേഹിക്കുമ്പോൾ, നിങ്ങൾ പറയരുത്, 'ഈശ്വരൻ എന്റെ ഹൃദയത്തിൽ ഉണ്ട്' എന്ന്; 'ഞാൻ ദൈവത്തിന്റെ ഹൃദയത്തിൽ ഉണ്ട്' എന്ന് പറയുന്നതാണ് അതിനേക്കാൾ നല്ലത്.

And think not you can direct the course of love, if it finds you worthy, directs your course.
പ്രണയത്തിന്റെ പാതയെ നിങ്ങൾക്ക് നിയന്ത്രിക്കാനാവും എന്ന് ഊഹിക്കരുത്; നിങ്ങളെ യോഗ്യനായി കണ്ടെത്തുകയാണെങ്കിൽ, നിങ്ങളുടെ ദിശയെ അത് നിയന്ത്രിക്കും.

Love has no other desire but to fulfil itself.
പ്രണയത്തിന് മറ്റ് യാതൊരു ഇച്ഛയും ഇല്ലതന്നെ, സ്വന്തം സഫലീകരണം നേടുക എന്നല്ലാതെ.

But if you love and must needs have desires, let these be your desires:
എന്നാൽ നിങ്ങൾ സ്നേഹിക്കുകയും, അതോടൊപ്പം നിശ്ചയമായും ആഗ്രഹങ്ങൾ ഉണ്ടാകണം എന്നുമുണ്ടെങ്കിൽ, ഇവയായിരിക്കട്ടെ നിങ്ങളുടെ ഇച്ഛകൾ:

To melt and be like a running brook that sings its melody to the night.
അലിയാനും, നിശാവേളകളോട് അതിന്റെ മധുരസംഗീതം പാടുന്ന, ഒഴുകുന്ന ഒരു കൊച്ചരുവിയെപ്പോലെ ആയിത്തീരാനും.

To know the pain of too much tenderness.
അമിതമായുള്ള മൃദുലതയുടെ നോവറിയാനും

To be wounded by your own understanding of love;
പ്രണയത്തെക്കുറിച്ച് നിങ്ങൾക്കുള്ള സ്വന്തം ധാരണകളാൽ മുറിവേല്ക്കപ്പെടാനും;

And to bleed willingly and joyfully.
സ്വമനസ്സാലെയും സന്തോഷത്തോടും രക്തംചൊരിയാനും.

To wake at dawn with a winged heart and give thanks for another day of loving;
പ്രഭാതത്തിൽ ചിറകുവച്ച ഒരു ഹൃദയവുമായി ഉണരാനും, എന്നിട്ട് പ്രണയിക്കാനുള്ള ഒരു ദിവസംകൂടി ലഭിച്ചതിൽ നന്ദി അറിയിക്കാനും;

To rest at the noon hour and meditate love's ecstasy;
നട്ടുച്ചനേരത്ത് വിശ്രമിക്കുവാനും, പ്രണയത്തിന്റെ നിർവൃതിയെക്കുറിച്ച് ധ്യാനിക്കുകയും ചെയ്യുവാനും;

To return home at eventide with gratitude;
സന്ധ്യാനേരത്ത് ഉപകാരസ്മരണയോടുകൂടി വീട്ടിലേക്ക് തിരിച്ചുവരാനും;

And then to sleep with a prayer for the beloved in your heart and a song of praise upon your lips.
എന്നിട്ട്, നിങ്ങളുടെ പ്രിയതമന് ഹൃദയത്തിൽ ഒരു പ്രാർത്ഥനയും ചുണ്ടുകളിൽ ഒരു സ്തുതിഗീതവും വച്ചുകൊണ്ട് ഉറങ്ങാനും.

contents

വിവാഹത്തെക്കുറിച്ച്

On Marriage

Then Almitra spoke again and said, "And what of Marriage, master?"
അപ്പോൾ അൽമിത്ര വീണ്ടും സംസാരിച്ചുകൊണ്ട് പറഞ്ഞു, 'വിവാഹത്തിനെക്കുറിച്ചോ, ഗുരുനാഥാ?'

And he answered saying:
അയാൾ അപ്പോൾ ഇങ്ങനെ പറഞ്ഞുകൊണ്ട് മറുപടി നൽകി:

You were born together, and together you shall be forevermore.
നിങ്ങൾ ഒന്നിച്ചാണ് പിറന്നത്, എന്നന്നേക്കുമായി നിങ്ങൾ ഒന്നായിത്തന്നെയിരിക്കും.

You shall be together when the white wings of death scatter your days.
മരണത്തിന്റെ വെളുത്ത ചിറകുകൾ നിങ്ങളുടെ ദിവസങ്ങളെ ചിതറുമ്പോൾ, നിങ്ങൾ ഒന്നായിത്തന്നെയിരിക്കും.

Aye, you shall be together even in the silent memory of God.
അതെ, ഈശ്വരന്റെ നിശബ്ദ ഓർമ്മയിൽപ്പോലും, നിങ്ങൾ ഒന്നായിത്തന്നെയിരിക്കും.

But let there be spaces in your togetherness,
എന്നിരുന്നാലും, നിങ്ങളുടെ ഒരുമയിൽ സ്ഥലവിശാലത ഉണ്ടായിരിക്കട്ടെ,

And let the winds of the heavens dance between you.
ദേവലോകങ്ങളിലെ കാറ്റ് നിങ്ങൾക്കിടയിൽ നൃത്തംചെയ്യട്ടെ.

Love one another but make not a bond of love:
അന്യോന്യം സ്നേഹിക്കുക, എന്നാൽ പ്രണയത്താൽ ഒരു ബന്ധനം തീർക്കരുത്:

Let it rather be a moving sea between the shores of your souls.
അതിന് പകരം അത് നിങ്ങളുടെ ആത്മാക്കളുടെ തീരങ്ങൾക്കിടയിൽ സ്പന്ദിക്കുന്ന ഒരു ആഴിപ്പരപ്പായിരിക്കട്ടെ.

Fill each other's cup but drink not from one cup.
അന്യോന്യം പാനപാത്രങ്ങൾ നിറച്ചുകൊടുക്കുക, എന്നാൽ ഒരേ പാനപാത്രത്തിൽ നിന്നും കുടിക്കാതിരിക്കുക.

Give one another of your bread but eat not from the same loaf.
അന്യോന്യം സ്വന്തം അപ്പത്തിൽനിന്നും ഒരുപങ്ക് നൽകുക. എന്നാൽ രണ്ടുപേരും ഒരേ അപ്പക്കഷണത്തിൽനിന്നും തിന്നാൻമുതിരരുത്.

Sing and dance together and be joyous, but let each one of you be alone,
ഒന്നിച്ചുതന്നെ പാട്ടുപാടുകയും, നൃത്തംചെയ്യുകയും ചെയ്യുക, എന്നാൽ, നിങ്ങൾ ഒരോരുത്തരും വേറിട്ട് നിൽക്കുക.

Even as the strings of a lute are alone though they quiver with the same music.
ഒരേ സംഗീതത്താൽ അവർ സ്പന്ദിക്കുന്നുവെങ്കിലും, വീണക്കമ്പികൾ ഓരോന്നും ഏകരായാണ് ഉള്ളത് എന്നത് പോലെ.

Give your hearts, but not into each other's keeping.
നിങ്ങളുടെ ഹൃദയങ്ങൾ നൽകുക, എന്നിരുന്നാലും, മറ്റേയാളുടെ സൂക്ഷിപ്പിലേക്ക് നൽകരുത്.

For only the hand of Life can contain your hearts.
കാരണം, ജീവന്റെ കൈപ്പിടയ്ക്ക് മാത്രമേ നിങ്ങളുടെ ഹൃദയങ്ങളെ ഉൾക്കൊള്ളാനാവുള്ളു.

And stand together, yet not too near together:
എന്നിട്ട് ഒരുമിച്ച് നിൽക്കുക, എന്നിരുന്നാലും, ഒരുമിച്ചിരിപ്പ് അമിതമായ സാമീപ്യത്തിലാകരുത്:

For the pillars of the temple stand apart,
കാരണം, ക്ഷേത്രത്തിന്റെ തൂണുകൾ തമ്മിൽ വിട്ടുമാറിയാണ് നിൽക്കുന്നത്,

And the oak tree and the cypress grow not in each other's shadow.
മാത്രവുമല്ല, ഓക്കുമരവും തമാൽവൃക്ഷവും അന്യോന്യമുള്ള നിഴലിലല്ല വളരുന്നത്.

കുട്ടികളെക്കുറിച്ച്

On Children

And a woman who held a babe against her bosom said, "Speak to us of Children."
And he said:
ഒരു പിഞ്ചുകുഞ്ഞിനെ നെഞ്ചോട്ചേര്ത്ത് നിൽക്കുന്ന ഒരു സ്ത്രീ അപ്പോൾ പറഞ്ഞു, 'ഞങ്ങളോട് കുട്ടികളെക്കുറിച്ച് പറയുക.'
അപ്പോൾ അയാൾ പറഞ്ഞു:

Your children are not your children.
നിങ്ങളുടെ കുട്ടികൾ നിങ്ങളുടെ കുട്ടികളല്ല.

They are the sons and daughters of Life's longing for itself.
ജീവന് അതിനോട് തന്നെയുള്ള കൊതിയുടെ സന്തതികളാണ് അവര്.

They come through you but not from you,
അവർ നിങ്ങളിലൂടെയാണ് വരുന്നത്, എന്നാൽ നിങ്ങളിൽ നിന്നുമല്ല,

And though they are with you, yet they belong not to you.
അവർ നിങ്ങളോടൊപ്പമുണ്ടെങ്കിലും, അവർ നിങ്ങളുടെ ഉടമസ്ഥതയിലുള്ളവരല്ല.

You may give them your love but not your thoughts.
നിങ്ങളുടെ സ്നേഹം അവർക്ക് നൽകാം, എന്നാൽ നിങ്ങളുടെ ചിന്തകൾ നൽകാനാവില്ല.

For they have their own thoughts.
കാരണം അവർക്ക് അവരുടേതായ ചിന്തകളുണ്ട്.

You may house their bodies but not their souls,
അവരുടെ ശരീരങ്ങളെ നിങ്ങൾക്ക് വീട്ടിൽ പാർപ്പിക്കാം, എന്നാൽ അവരുടെ ആത്മാക്കളെ അങ്ങിനെ ചെയ്യാനാവില്ല,

For their souls dwell in the house of tomorrow, which you cannot visit, not even in your dreams.
കാരണം, അവരുടെ ആത്മാക്കൾ വസിക്കുന്നത് വരുംദിനത്തിന്റെ ഭവനത്തിലാണ്; അവിടം നിങ്ങൾക്ക് സന്ദർശിക്കാനാവില്ല, നിങ്ങളുടെ സ്വപ്നങ്ങളിൽ പോലും.

You may strive to be like them, but seek not to make them like you.
നിങ്ങൾക്ക് അവരെപോലെയാകാൻ ശ്രമിക്കാം, എന്നാൽ, അവരെ നിങ്ങളെപ്പോലെയാക്കാൻ മെനക്കെടരുത്.

For life goes not backward nor tarries with yesterday.
കാരണം ജീവൻ പിന്നോട്ടേക്കല്ലോ പോകുന്നത്, മാത്രവുമല്ല, അത് ഇന്നലെയിൽ കാത്തുനിൽക്കുന്നുമില്ല.

You are the bows from which your children as living arrows are sent forth.
നിങ്ങളുടെ കുട്ടികളെ ജീവനുള്ള അസ്ത്രങ്ങളായി മുന്നോട്ട് എയ്യുന്ന വില്ലുകളാണ് നിങ്ങൾ.

The archer sees the mark upon the path of the infinite, and He bends you with His might that His arrows may go swift and far.
അനന്തതയുടെ പാതയിൽ ലക്ഷ്യസ്ഥാനം വില്ലാളികാണുന്നു, അവന്റെ അസ്ത്രങ്ങൾ വേഗതയോടെ വിദൂരത്തിലേക്ക് നീങ്ങാനായി, അവൻ അവന്റെ ഇച്ഛാശക്തിയാൽ നിങ്ങളെ വളയ്ക്കുന്നു.

Let your bending in the archer's hand be for gladness;
ആ വില്ലാളിയുടെ കരങ്ങളിൽ നിങ്ങൾ വളയുന്നത് ആഹ്ളാദത്തിന് ആവട്ടെ;

For even as he loves the arrow that flies, so He loves also the bow that is stable.
കാരണം, പറന്നുപോകുന്ന അസ്ത്രത്തെ അവൻ ലാളിക്കുന്നത് പോലെതന്നെ, ഉറച്ചുനിൽക്കുന്ന വില്ലിനേയും അവൻ സ്നേഹിക്കുന്നു.

ENGLISH Class

വളരെ ചെറുപ്പം മുതൽ അടുത്ത് ഇടപഴകുന്നവരിൽ ENGLISH പഠിക്കാനുള്ള ഒരു മോഹം വളർത്തുന്ന ഒരു സ്വഭാവം എനിക്കുണ്ടായിരുന്നു.

പ്രാദേശിക ഫ്യൂഡൽ ഭാഷയെ തുടച്ചുമാറ്റി ഈ നാട്ടിൽ എല്ലാരും ഇങ്ഗ്ലിഷ് സംസാരിച്ചു തുടങ്ങിയാൽ നാടും നാട്ടുകാരും വൻ ഗുണമേന്മയിലേക്ക് തന്നത്താനെ ഉയരും എന്ന പൂർണ്ണ വിശ്വാസം എനിക്ക് ഉണ്ടായിരുന്നു.

ഇന്നും ഉണ്ട്.

ആളുകളിൽ പലർക്കും ഇങ്ഗ്ലിഷിനോട് വിരോധം ഉള്ളതിനുള്ള പ്രധാന കാരണം, അവർക്ക് ഇങ്ഗ്ലിഷ് ഭാഷ പഠിച്ചെടുക്കാൻ ആവുന്നില്ലാ എന്നുള്ളതുകൊണ്ടാവാം.

ഏതാണ്ട് 2002 മുതൽ ആളുകൾക്ക് ഇങ്ഗ്ലിഷ് പഠിക്കാനുള്ള ഒരു ഡിജിറ്റൽ പദ്ധതി സൃഷ്ടിക്കാനുള്ള ശ്രമം ഞാൻ ആരംഭിച്ചിരുന്നു.

ഇതുമായി ബന്ധപ്പെട്ട് പല കാര്യങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ ചിലതെല്ലാം തനി കോമാളിത്തരം പോലുള്ളവയായി ഉപസംഹരിച്ചിരുന്നു.

ENGLISH CLASS

തെരുവിൽ ഇറങ്ങി വീടുവീടാന്തരം കയറി Telegramൽ പോസ്റ്റ് ചെയ്ത ഒരു സൗജന്യ ഇങ്ഗ്ലിഷ് ക്ലാസ് പരിചയപ്പെടുത്താനും, ഏതാണ്ട് 2015ലോ മറ്റോ ഒരു ശ്രമവും നടത്തിയിരുന്നു.

ഇവയൊന്നും തന്നെ പ്രാവർത്തികമായുള്ള ഉദ്യമങ്ങൾ ആയിരുന്നില്ല.

എന്നാൽ ഇന്ന് വളരെ കാര്യക്ഷമമായ ഒരു പദ്ധതി സൃഷ്ടിക്കാൻ ആയിട്ടുണ്ട്. ഇങ്ഗ്ലിഷ് ലിപികൾ വായിക്കാൻ അറിയുന്നവർക്ക് ഇങ്ഗ്ലിഷ് പഠിച്ചെടുക്കാൻ ആവും.

ഈ ക്ലാസ് വെബ് സൈറ്റിലും Telelgramലും കാണാൻ പറ്റുന്നതാണ്.

വെബ് പേജിൽ ഈ ക്ലാസ് ഈ ലിങ്കിൽ കാണാനാവുന്നതാണ്:

ഈ QR code സ്കാൻ ചെയ്താലും ഈ വെബ് പേജിൽ വരാൻ ആവുന്നതാണ്.

Telegramൽ ഈ ക്ലാസ് ഈ ലിങ്കിൽ കാണാനാവുന്നതാണ്:

ഈ QR code സ്കാൻ ചെയ്താലും ഈ വെബ് പേജിൽ വരാൻ ആവുന്നതാണ്.

നൽകുന്നതിനെക്കുറിച്ച്

On Giving

Then said a rich man, "Speak to us of Giving."
അപ്പോൾ ഒരു ധനികനായി മനുഷ്യൻ പറഞ്ഞു, 'നൽകുന്നതിനെക്കുറിച്ച് ഞങ്ങളോട് സംസാരിക്കൂ.'

And he answered:
അയാൾ അതിന് മറുപടി നൽകി:

You give but little when you give of your possessions.
നിങ്ങളുടെ ആസ്തിയിൽ നിന്നും നിങ്ങൾ നൽകുമ്പോൾ, നിങ്ങൾ തുച്ഛമായത് മാത്രമേ നൽകുന്നുള്ളൂ.

It is when you give of yourself that you truly give.
നിങ്ങളിൽ നിന്നും നിങ്ങൾ നൽകുമ്പോൾ മാത്രമേ നിങ്ങൾ സത്യമായും നൽകുന്നുള്ളൂ.

For what are your possessions but things you keep and guard for fear you may need them tomorrow?
കാരണം, നാളെ നിങ്ങൾക്ക് ആവശ്യം വന്നേക്കും എന്ന ഭയത്താൽ നിങ്ങൾ

സംഭരിച്ച്, കാവൽ നിൽക്കുന്ന വസ്ത്കുക്കളല്ലാതെ, നിങ്ങളുടെ ആസ്തികൾ സത്യത്തിൽ മറ്റെന്താണ്?

And tomorrow, what shall tomorrow bring to the overprudent dog burying bones in the trackless sand as he follows the pilgrims to the holy city?
നാളെയക്കുറിച്ചെന്ത് പറയാൻ! പുണ്യനഗരത്തിലേക്ക് പോകുന്ന തീര്ത്ഥാടകരെ പിന്തുടരുന്നതിനിടയിൽ തന്റെ കൈവശമുള്ള എല്ലുകൾ യതോരു അടയാളവും നൽകാത്ത മണൽപ്പരപ്പിൽ കുഴിച്ചിടുന്ന, അമിതശ്രദ്ധാലുവായ നായക്ക് വരുംദിനം എന്താണ് കൊണ്ടെത്തിക്കുക?

And what is fear of need but need itself?
ദാരിദ്ര്യത്തോടുള്ള ഭയം തന്നെ ഒരു ദാരിദ്ര്യമല്ലാതെ മറ്റെന്താണ്?

Is not dread of thirst when your well is full, thirst that is unquenchable?
നിങ്ങളുടെ കിണറ് നിറച്ച് വെള്ളമുള്ളപ്പോൾ, ദാഹത്തെ ഉല്ക്കടഭീതിയോടുകൂടി കാണുന്നത് തന്നെയല്ലെ, ശമിപ്പിക്കാനാവാത്ത ദാഹം?

There are those who give little of the much which they have - and they give it for recognition and their hidden desire makes their gifts unwholesome.

അവരുടെ കൈവശമുള്ള വൻമുതലിൽനിന്നും വളരെ തുച്ഛമായത് നൽകുന്നവരുണ്ട് - അതും അവർ നൽകുന്നതോ, പദവിക്കും അംഗീകാരത്തിനുമാണ്, അവരുടെ ഒളിച്ചുവച്ചിരിക്കപ്പെടുന്ന ഈ താൽപ്പര്യം അവർ നൽകുന്ന ഉപഹാരങ്ങളെ അഹിതകരമാക്കുന്നു.

And there are those who have little and give it all.
അതേസമയം വളരെ കുറച്ച് മാത്രം ഉള്ളവരും, അവ മുഴുവനായും നൽകുന്നവരും ഉണ്ട്.

These are the believers in life and the bounty of life, and their coffer is never empty.
ജീവനിലും, ജീവന്റെ ദാനശീലതയിലും വിശ്വാസമുള്ളവരാണ് ഇക്കൂട്ടർ, മാത്രവുമല്ല, അവരുടെ ചെല്ലം ഒരിക്കലും ശൂന്യമായിരിക്കില്ല.

There are those who give with joy, and that joy is their reward.
ആനന്ദത്തോടുകൂടി നൽകുന്നവരുണ്ട്, അവർക്ക് ലഭിക്കുന്ന ഉപഹാരവും ആ ആനന്ദം തന്നെയാണ്.

And there are those who give and know not pain in giving, nor do they seek joy, nor give with mindfulness of virtue;
അതേപോലതന്നെ നൽകുകയും, നൽകുന്നതിൽ വേദന അറിയാതിരിക്കുന്നവരും ഉണ്ട്, അവർ ആനന്ദം തേടുന്നുമില്ല, ശ്രേഷ്ഠതയെക്കുറിച്ച് ബോധവാന്മാരുമല്ല;

They give as in yonder valley the myrtle breathes its fragrance into space.
അങ്ങകലെ ദൂരത്തുള്ള താഴ്വരയിൽ, വായുവിലേക്ക് വാസനപൊഴിയിക്കുന്ന കൊഴുന്തിനെപ്പോലെയാണ് അവർ.

Through the hands of such as these God speaks, and from behind their eyes He smiles upon the earth.
ഇവരെപ്പോലുള്ളവരുടെ കൈകളിലൂടെയാണ് ഈശ്വരൻ ഉരിയാടുന്നത്, അവരുടെ നേത്രങ്ങൾക്ക് പിന്നിൽ നിന്നുകൊണ്ട് ഈ ഭൂമിക്കുമേൽ അവൻ മന്ദഹസിക്കുന്നു.

It is well to give when asked, but it is better to give unasked, through understanding;
ചോദിക്കുമ്പോൾ കൊടുക്കുന്നത് നല്ലതാണ്, എന്നാൽ അതിനേക്കാൾ നല്ലത്, ആവശ്യകത മനസിലാക്കി ആവശ്യപ്പെടാതെതന്നെ കൊടുക്കുന്നതാണ്,

And to the open-handed the search for one who shall receive is joy greater than giving
തുറന്ന കരങ്ങളുള്ള ആൾക്ക് സ്വീകരിക്കാനുള്ള ഒരാളെ തേടുകയെന്നത് കൊടുക്കുന്നതിനേക്കാൾ ആനന്ദദായകമാണ്

And is there aught you would withhold?
നിങ്ങൾ കൊടുക്കാതെ വെക്കുന്ന എന്തെങ്കിലും തന്നെയുണ്ടോ?

All you have shall some day be given;
നിങ്ങളുടെ കൈവശമുള്ള എല്ലാംതന്നെ എന്നെങ്കിലും ഒരു ദിവസം കൊടുക്കപ്പെടും;

Therefore give now, that the season of giving may be yours and not your inheritors'.
അതിനാൽത്തന്നെ, ഇപ്പോൾ നൽകുക, എന്തെന്നാൽ നൽകുന്നതിന്റെ അവസരസൗഭാഗ്യം നിങ്ങളുടേതായിരിക്കും, അല്ലാതെ നിങ്ങളുടെ പിൻമുറക്കാരുടേതാകില്ല.

You often say, "I would give, but only to the deserving."
നിങ്ങൾ പലപ്പോഴും പറയുന്നു 'ഞാൻ കൊടുക്കും, എന്നാൽ അത് അർഹതപ്പെട്ടവർക്ക് മാത്രം.'

The trees in your orchard say not so, nor the flocks in your pasture.
നിങ്ങളുടെ കൃഷിത്തോട്ടത്തിലെ വൃക്ഷങ്ങൾ അങ്ങിനെ പറയുന്നില്ല, നിങ്ങളുടെ മേച്ചിൽപ്പുറങ്ങളിലെ കന്നുകാലിക്കൂട്ടങ്ങളും അത് പറയുന്നില്ല.

They give that they may live, for to withhold is to perish.
അവർ ജീവിക്കുമാറാകണം എന്നതിനാൽ അവർ നൽകുന്നു, കാരണം നൽകാതിരിക്കൽ കെട്ടുപോകലാണ്.

Surely he who is worthy to receive his days and his nights is worthy of all else from you.
സ്വന്തം ദിനങ്ങളേയും രാത്രികളേയും സ്വീകരിക്കാൻ യോഗ്യനായ ഒരുവൻ തീർച്ചയായും നിങ്ങളിൽനിന്നും മറ്റെല്ലാത്തിനും അർഹതയുള്ള ആളാണ്.

And he who has deserved to drink from the ocean of life deserves to fill his cup from your little stream.
ജീവന്റെ അലയാഴിയിൽ നിന്നും കുടിച്ചാസ്വദിക്കാൻ അർഹതനേടിയ ആൾക്ക് തീർച്ചയായും നിങ്ങളുടെ കൊച്ചരുവിയിൽ നിന്നും അയാളുടെ പാനപാത്രം നിറയക്കുവാൻ അർഹതയുണ്ട്.

And what desert greater shall there be than that which lies in the courage and the confidence, nay the charity, of receiving?
സ്വീകരിക്കാനുള്ള മനോഭാവത്തിലുള്ള ധീരതയിലും, അത്മവിശ്വാസത്തിലും, അതിനുപരി, സഹാനുഭൂതിയിലും ഉള്ള മധുരിമ മറ്റെന്തിലാണ് ഉള്ളത്?

And who are you that men should rend their bosom and unveil their pride, that you may see their worth naked and their pride unabashed?
മനുഷ്യർ അവരുടെ മാറിന്മേലുള്ള മേലങ്കി പിച്ചിച്ചീന്തി തുറന്നുകാട്ടാനും, അവരുടെ മാനം താഴ്ത്തിനിൽക്കാനും, അങ്ങിനെ അവരുടെ നഗ്നമായ മൂല്യവും അവരുടെ പൊളിക്കപ്പെട്ട ആത്മാഭിമാനവുംനിങ്ങൾക്ക് കാണുമാറാകാൻ നിങ്ങൾ ആരാണ്?

See first that you yourself deserve to be a giver, and an instrument of giving.
ഉപഹാരം നൽകാനും, പാരിതോഷികങ്ങൾ നൽകാനുള്ള ഒരു ഉപകരണം ആവാനും നിങ്ങൾക്ക് അർഹതയുണ്ട് എന്നുള്ളതാണ് ആദ്യം നിങ്ങൾ സ്വയമായി ഉറപ്പാക്കേണ്ടത്.

For in truth it is life that gives unto life - while you, who deem yourself a giver, are but a witness.
കാരണം, ജീവന് പ്രസാദങ്ങൾ സമ്മാനിക്കുന്നത് ജീവൻ തന്നെയാണ്

എന്നുള്ളതാണ് വാസ്തവം - അതേ സമയം ദക്ഷിണ നൽക്കുന്നവനാണ് നിങ്ങൾ എന്നു സ്വയം കരുതുന്ന നിങ്ങൾ വെറും ഒരു സാക്ഷ്യവസ്തുമാത്രമാണ്.

And you receivers - and you are all receivers - assume no weight of gratitude, lest you lay a yoke upon yourself and upon him who gives.

സമ്മാനങ്ങൾ സ്വീകരിക്കുന്ന നിങ്ങൾ - നിങ്ങളെല്ലാവരും ഇവ സ്വീകരിക്കുന്നവരാണ് - യാതോരു കൃതജ്ഞതയുടേയും ഭാരം ഏറ്റെടുക്കരുത്, കാരണം, ഇങ്ങനെ ചെയ്താൽ നിങ്ങളുടെമേലും, നിങ്ങൾക്ക് വരപ്രസാദങ്ങൾ നൽകുന്ന അവന്റെ മേലും, നിങ്ങൾ ഒരു പാശച്ചങ്ങല പതിച്ചേക്കാം.

Rather rise together with the giver on his gifts as on wings;

ഇതിന് പകരം, ദാതാവിനോടൊപ്പം അയാൾ നൽകുന്ന ഉപഹാരങ്ങളുടെ മേൽ, ഒരു ചിറകിന്മേലെന്ന പോലെ, ഉയരുക.

For to be overmindful of your debt, is to doubt his generosity who has the free-hearted earth for mother, and God for father.

കാരണം നിങ്ങളുടെ കടപ്പാടിനെക്കുറിച്ച് അമിത ബോധവാനായിരിക്കുന്നത്, പൃഥ്വി മാതാവായും, ഈശ്വരൻ പിതാവായും ഉള്ള അയാളുടെ ഉദാരമനസ്കതയിൽ വിശ്വാസക്കുറവ് പ്രകടിപ്പിക്കലാണ്.

തിന്നുന്നതിനെക്കുറിച്ചും, കുടിക്കുന്നതിനെക്കുറിച്ചും

On Eating and Drinking

Then an old man, a keeper of an inn, said, "Speak to us of Eating and Drinking."
അപ്പോൾ ഒരു സത്രത്തിന്റെ സൂക്ഷിപ്പുകാരനായ ഒരു വൃദ്ധൻ പറഞ്ഞു, 'ഞങ്ങളോട് തിന്നുന്നതിനെക്കുറിച്ചും, കുടിക്കുന്നതിനെക്കുറിച്ചും പറയുക.'

And he said:
അപ്പോൾ അയാൾ പറഞ്ഞു:

Would that you could live on the fragrance of the earth, and like an air plant be sustained by the light.
ഭൂമിയുടെ സൗരഭ്യത്തിന്മേൽ, പ്രകാശത്താൽ പരിപാലിക്കപ്പെടുന്ന ഒരു വായു സസ്യത്തിനെപ്പോലെ നിങ്ങൾക്ക് ജീവിക്കുവാൻ ആയിരുന്നെങ്കിൽ!

But since you must kill to eat, and rob the young of its mother's milk to quench your thirst, let it then be an act of worship,
എന്നാൽ ഭക്ഷിക്കുവാനായി കൊല്ലുകയും, ദാഹം ശമിപ്പിക്കുവാനായി കുഞ്ഞിന്റെ മാതാവിൽനിന്നും പാൽ കവര്ന്നെടുക്കുകയും നിങ്ങൾ ചെയ്യേണ്ടതിനാൽ, അത് ഒരു ഉപാസനാ കർമ്മം ആവട്ടെ.

And let your board stand an altar on which the pure and the innocent of forest and plain are sacrificed for that which is purer and still more innocent in many.
വളരെ പവിത്രതയും അതിനേക്കാൾ നിഷ്കളങ്കതയും ഉള്ളപലര്ക്കുംവേണ്ടി, വനത്തിലേയും നിരപ്പ് പ്രദേശത്തിലേയും പവിത്രരും നിഷ്കളങ്കരും ബലിചെയ്യപ്പെടാനായുള്ള ഒരു ആള്ത്താരയായി നിങ്ങളുടെ ഭക്ഷണശാല നില്ക്കട്ടെ.

When you kill a beast say to him in your heart,
നിങ്ങൾ ഒരു മൃഗത്തെ കൊല്ലുമ്പോൾ, നിങ്ങളുടെ ഹൃദയത്തിൽ അയാളോട് പറയുക,

"By the same power that slays you, I too am slain; and I too shall be consumed.
'നിങ്ങളെ കൊല്ലാൻ ഞാൻ ഉപയോഗിക്കുന്ന അതേ ശക്തിയാൽ, ഞാനും കൊല്ലപ്പെട്ടിരിക്കുന്നു; ഞാനും ഭക്ഷിക്കപ്പെടും.

For the law that delivered you into my hand shall deliver me into a mightier hand.
കാരണം നിങ്ങളെ എന്റെ കരങ്ങളിലേക്ക് നൽകിയ അതേ വ്യവസ്ഥ കൂടുതൽ ബലവത്തായ ഒരു കൈകളിലേക്ക് എന്നെയും നൽകും.

Your blood and my blood is naught but the sap that feeds the tree of heaven."
നിങ്ങളുടെ രക്തവും എന്റെ രക്തവും, ദേവലോക വൃക്ഷത്തിനെ ഊട്ടുന്ന നീര് അല്ലാതെ മറ്റൊന്നുമല്ല.'

And when you crush an apple with your teeth, say to it in your heart,
നിങ്ങളുടെ പല്ലുകളാൽ ഒരു ആപ്പിൾ നിങ്ങൾ ചതക്കുമ്പോൾ, നിങ്ങളുടെ ഹൃദയത്തിൽ അതിനോട് പറയുക,

"Your seeds shall live in my body,
നിങ്ങളുടെ വിത്ത്, എന്റെ ശരീരത്തിൽ ജീവിക്കും,

And the buds of your tomorrow shall blossom in my heart,
നിങ്ങളുടെ നാളയുടെ മൊട്ടുകൾ എന്റെ ഹൃദയത്തിൽ വിടര്ന്ന് പുഷ്പിക്കും.

And your fragrance shall be my breath,
And together we shall rejoice through all the seasons."
നിങ്ങളുടെ സൗരഭ്യം എന്റെ നിശ്വാസം ആകും, എന്നിട്ട് നമ്മൾ ഒന്നിച്ച് എല്ലാ ഋതുക്കളിലും ഉല്ലസിക്കും.'

And in the autumn, when you gather the grapes of your vineyard for the winepress, say in your heart, "I too am a vineyard, and my fruit shall be gathered for the winepress,

ശരത്കാലത്തിൽ, വീഞ്ഞിൻ ചക്കിലേക്കായി നിങ്ങളുടെ മുന്തിരിത്തോപ്പിൽനിന്നും നിങ്ങൾ മുന്തിരി ശേഖരിക്കുമ്പോൾ, നിങ്ങളുടെ ഹൃദയത്തിൽ പറയുക, 'ഞാനും ഒരു മുന്തിരിത്തോപ്പാണ്, എന്റെ കായ്കനിയും വീഞ്ഞിൻ ചക്കിലേക്കായി ശേഖരിക്കപ്പെടും,

And like new wine I shall be kept in eternal vessels."
പുതിയ വീഞ്ഞിനെപ്പോലെതന്നെ ഞാനും, നിതാന്ത പാത്രങ്ങളിൽ സൂക്ഷിച്ചു വെക്കപ്പെടും.'

And in winter, when you draw the wine, let there be in your heart a song for each cup;
ശൈത്യത്തിൽ, നിങ്ങൾ വീഞ്ഞ് എടുക്കുമ്പോൾ, ഒരോ കോപ്പയ്ക്കും നിങ്ങളുടെ ഹൃദയത്തിൽ ഒരു ഗീതം ഉണ്ടായിരിക്കട്ടെ;

And let there be in the song a remembrance for the autumn days, and for the vineyard, and for the winepress.
ആ ശരത്ക്കാലദിനങ്ങൾക്കും, ആ മുന്തിരിത്തോപ്പിനും, വീഞ്ഞിൻ ചക്കിനും ഒരു ഓർമ്മ ആ ഗാനത്തിൽ ഉണ്ടായിരിക്കട്ടെ.

ജോലി ചെയ്യുന്നതിനെക്കുറിച്ച്

On Work

Then a ploughman said, "Speak to us of Work."
അപ്പോൾ ഒരു കലപ്പക്കാരൻ പറഞ്ഞു, 'ഞങ്ങളോട് തൊഴിൽ ചെയ്യുന്നതിനെക്കുറിച്ച് പറയൂ.'

And he answered, saying:
അതിന് അയാൾ മറുപടിപറഞ്ഞുകൊണ്ട്, പറഞ്ഞു:

You work that you may keep pace with the earth and the soul of the earth.
ഭൂമിയുടേയും ഭൂമിയുടെ ആത്മാവിന്റേയും ഗതിവേഗത്തിനോടൊപ്പവും നീങ്ങുവാനാമുകാനാണ് നിങ്ങൾ ജോലിചെയ്യുന്നത്.

For to be idle is to become a stranger unto the seasons, and to step out of life's procession, that marches in majesty and proud submission towards the infinite.
കാരണം, അലസമായിരിക്കുകയെന്നത് ഋതുക്കൾക്ക് അപരിചിതനാകുക എന്നതാണ്, മാത്രവുമല്ല, ഗാംഭീര്യത്തോടെയും, അഭിമാനത്തോടെയും

അനന്തതയോട് അടിയറവ് പറഞ്ഞ്കൊണ്ട് അണിനടത്തം ചെയ്യുന്ന ജീവന്റെ ഘോഷയാത്രയിൽനിന്നും പുറത്ത് കടക്കുകയെന്നുള്ളതും ആണ് അത്.

When you work you are a flute through whose heart the whispering of the hours turns to music.
നിങ്ങൾ തൊഴിൽ ചെയ്യുമ്പോൾ, മണിക്കൂറുകളുടെ അടക്കംപറച്ചിലുകൾ ഹൃദയത്തിൽ സംഗീതമായി മാറുന്ന ഒരു ഓടക്കുഴലായി മാറുന്നു നിങ്ങൾ.

Which of you would be a reed, dumb and silent, when all else sings together in unison?
മാറ്റെല്ലാം രാഗൈക്യത്തോടുകൂടി പാടുമ്പോൾ, മിണ്ടാട്ടമില്ലാത്തതും, നിശബ്ദവുമായ ഒരു പാഴ്ചൂരലായി നിങ്ങളിലാരാണ് നിലകൊള്ളുക?

Always you have been told that work is a curse and labour a misfortune.
എന്നും നിങ്ങളോട് പറഞ്ഞിട്ടുള്ളത്, തൊഴിൽ ഒരു ശാപവും, അദ്ധ്വാനം ഒരു ദുര്ഭാഗ്യവും ആണ് എന്നാണ്.

But I say to you that when you work you fulfil a part of earth's furthest dream, assigned to you when that dream was born,
എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ തൊഴിൽ ചെയ്യുമ്പോൾ, പൃഥ്വിയുടെ ഏറ്റവും വിദൂരത്തുള്ള സ്വപ്നത്തിന്റെ, ആ സ്വപ്നത്തിന്റെ ജനന സമയത്ത് തന്നെ നിങ്ങൾക്ക് നൽകപ്പെട്ട, ഭാഗം നിങ്ങൾ സഫലീകരിക്കുന്നു,

And in keeping yourself with labour you are in truth loving life,
മാത്രവുമല്ല, നിങ്ങൾ അദ്ധ്വാനത്തിൽ മുഴുകിയിരിക്കുമ്പോൾ, സത്യത്തിൽ നിങ്ങൾ ജീവിതത്തെ സ്നേഹിക്കുകയാണ് ചെയ്യുന്നത്.

And to love life through labour is to be intimate with life's inmost secret.
ജീവിതത്തെ അദ്ധ്വാനത്തിലൂടെ പ്രണയിക്കുക എന്നുള്ളത്, ഉയിരിന്റെ ഏറ്റവും ആഴമേറിയ രഹസ്യവുമായി ആത്മബന്ധം പുലർത്തുകയെന്നുള്ളതാണ്.

But if you in your pain call birth an affliction and the support of the flesh a curse written upon your brow, then I answer that naught but the sweat of your brow shall wash away that which is written.
എന്നാൽ നിങ്ങളുടെ വേദനയിൽ, ജനനത്തെ ഒരു പീഡാനുഭവവും,

മാംസത്തിന്റെ പിന്തുണയെ നിങ്ങളുടെ പുരികത്തിന്മേൽ കുറിക്കപ്പെട്ട ഒരു ശാപവും ആയി നിങ്ങൾ പേരിടുകയാണെങ്കിൽ, ഞാൻ നിങ്ങൾക്ക് മറുപടി നൽകുന്നു, എന്തെന്നാൽ, നിങ്ങളുടെ പുരികത്തിൽ നിന്നുമൊഴുകുന്ന വിയർപ്പിനല്ലാതെ മറ്റൊന്നിനും ഇങ്ങിനെ കുറിക്കപ്പെട്ടതിനെ കഴുകിക്കളയാൻ ആകില്ല.

You have been told also life is darkness, and in your weariness you echo what was said by the weary.

ജീവിതം ഒരു അന്ധകാരമാണ് എന്നും നിങ്ങളോട് പറയപ്പെട്ടിട്ടുണ്ട്, നിങ്ങളുടെ ക്ഷീണാവസ്ഥയിൽ തളര്ന്നുകിടക്കുന്നവരുടെ വാക്കുകൾ നിങ്ങൾ പ്രതിധ്വനിക്കുന്നു.

And I say that life is indeed darkness save when there is urge,

പ്രചോദനം ഇല്ലാത്ത ഇടത്ത് ജീവിതം വാസ്തവത്തിൽ തമസ് തന്നെയാണ് എന്ന് ഞാൻ പറയുന്നു,

And all urge is blind save when there is knowledge,

ജ്ഞാനമില്ലാത്തിടത്ത് എല്ലാ പ്രചോദനങ്ങളും അന്ധമാണ്,

And all knowledge is vain save when there is work,
പ്രവര്ത്തനം ഇല്ലായെങ്കിൽ എല്ലാ വിജ്ഞാനവും വ്യർത്ഥമാണ്,

And all work is empty save when there is love;
അഭിനിവേശം ഇല്ലാത്തിടത്ത്, എല്ലാ പ്രവര്ത്തനവും നിരർത്ഥകവുമാണ്;

And when you work with love you bind yourself to yourself, and to one another, and to God.
അഭിനിവേശത്തോടുകൂടി നിങ്ങൾ തൊഴിൽ ചെയ്യുമ്പോൾ,നിങ്ങളോടുതന്നെയും, അന്യോന്യവും, ദൈവത്തോടും നിങ്ങളെത്തന്നെ നിങ്ങൾ ബന്ധിപ്പിക്കുന്നു.

And what is it to work with love?
പ്രതിപത്തിയോടുകൂടി പ്രവർത്തിക്കുക എന്നത് എന്താണ്?

It is to weave the cloth with threads drawn from your heart, even as if your beloved were to wear that cloth.
നിങ്ങളുടെ പ്രണയിനി ധരിക്കും എന്നതുപോലെ, നിങ്ങളുടെ ഹൃദയത്തിൽനിന്നും വലിച്ചെടുത്ത നൂൽ കൊണ്ട് ഉടുപ്പ് നെയ്യുക എന്നതാണ്, അത്.

It is to build a house with affection, even as if your beloved were to dwell in that house.
നിങ്ങളുടെ പ്രണയിനി അവിടെ താമസിക്കും എന്നതുപോലെ, വാത്സല്യത്തോടുകൂടി ഒരു വീട് കെട്ടുക എന്നത് ആണ് അത്.

It is to sow seeds with tenderness and reap the harvest with joy, even as if your beloved were to eat the fruit.
നിങ്ങളുടെ പ്രണയിനി അതിന്റെ കായ്കനി തിന്നും എന്നതുപോലെ, മൃദുലതയോടുകൂടി വിത്തുകൾ വിതയ്ക്കുകയും ആനന്ദത്തോടുകൂടി വിളകൊയ്യുകയും ചെയ്യുക എന്നത് ആണ് അത്.

It is to charge all things you fashion with a breath of your own spirit,
നിങ്ങൾ രൂപകൽപ്പനചെയ്യുന്ന എല്ലാകാര്യങ്ങളും നിങ്ങളുടെ സ്വന്തം ആത്മാവിന്റെ നിശ്വാസത്താൽ ഉത്തേജിപ്പിക്കുക എന്നത് ആണ് അത്,

And to know that all the blessed dead are standing about you and watching.
അനുഗ്രഹീതരായ പ്രേതാത്മാക്കൾ നിങ്ങൾക്ക് ചുറ്റും നിൽക്കുകയും വീക്ഷിക്കുകയും ചെയ്യുന്നുണ്ട് എന്ന് അറിയുക എന്നത് ആണ് അത്.

Often have I heard you say, as if speaking in sleep, "he who works in marble, and finds the shape of his own soul in the stone, is a nobler than he who ploughs the soil.
'വെണ്ണക്കല്ലിൽ വേലചെയ്യുകയും, അയാളുടെ സ്വന്തം ആത്മാവിന്റെ രൂപം കല്ലിൽ കണ്ടെത്തുകയും ചെയ്യുന്ന ആളാണ് മണ്ണ് ഉഴുവുന്നവനേക്കാളും ശ്രേഷ്ഠൻ' എന്ന് മയക്കത്തിൽ പറയുന്നു എന്നവണ്ണം നിങ്ങൾ പറയുന്നത് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്,

And he who seizes the rainbow to lay it on a cloth in the likeness of man, is more than he who makes the sandals for our feet."
ഒരു തുണിത്തുണ്ടിൽ മനുഷ്യരൂപത്തിന് സമാനമായി കിടത്താനായി മാരിവില്ലിനെ പിടികൂടുന്ന ആൾ, നമ്മുടെ കാലുകൾക്കായി ചെരിപ്പുകൾ ഉണ്ടാക്കുന്നവനെക്കാൾ കൂടുതലായുള്ള ആളാണ്, എന്നും.'

But I say, not in sleep but in the over-wakefulness of noontide, that the wind speaks not more sweetly to the giant oaks than to the least of all the blades of grass;
എന്നാൽ ഉറക്കംവന്ന അവസ്ഥയിലല്ല, മറിച്ച് നട്ടുച്ചനേരത്തെ അമിതമായുള്ള ബോധാവസ്ഥയിൽത്തന്നെ ഞാൻ

പറയുന്നു, ഏറ്റവും നിസ്സാരങ്ങളായ പുല്ലിൻ ഇലകളോട് സംസാരിക്കുന്ന മാധുര്യത്തിൽ ഒട്ടും കൂടുതലായല്ല ഭീമാകാരങ്ങളായ ഓക്കുമരങ്ങളോട് കാറ്റ് ഉരിയാടുക;

And he alone is great who turns the voice of the wind into a song made sweeter by his own loving.
കാറ്റിന്റെ സ്വരത്തെ സ്വന്തം വാത്സല്യത്താൽ കൂടുതൽ മാധുര്യമുള്ള ഒരു ഗാനമായി മാറ്റുന്ന ആ ആൾ ഒരുവൻ മാത്രമാണ് മഹാനായിട്ടുള്ളത്.

Work is love made visible.
പ്രവര്ത്തനം എന്നുള്ളത് ദൃശ്യമാക്കപ്പെട്ട വാത്സല്യമാണ്.

And if you cannot work with love but only with distaste, it is better that you should leave your work and sit at the gate of the temple and take alms of those who work with joy.
സ്നേഹത്തോടുകൂടി നിങ്ങൾക്ക് തൊഴിൽ ചെയ്യാനാകുന്നില്ല, മറിച്ച് അരുചിയോടുകൂടിമാത്രമേ അത് പറ്റുന്നുള്ളു എങ്കിൽ, നിങ്ങളുടെ തൊഴിൽ വിട്ട് പോയി, അമ്പല കവാടത്തിൽ ഇരുന്ന്, ആഹ്ളാദത്തോടുകൂടി തൊഴിൽ ചെയ്യുന്നവരിൽനിന്നും ഭിക്ഷ നേടുന്നതാണ് നല്ലത്.

For if you bake bread with indifference, you bake a bitter bread that feeds but half man's hunger.

കാരണം ആലംഭാവത്തോടുകൂടിയാണ് നിങ്ങൾ റൊട്ടി ചുടുന്നതെങ്കിൽ, കേവലം ഒരു അര്ദ്ധ മനുഷ്യന്റെ വിശപ്പ് മാത്രം അടക്കുന്ന ഒരു കയ്പുള്ള റോട്ടിയാണ് നിങ്ങൾ ചുടുക.

And if you grudge the crushing of the grapes, your grudge distils a poison in the wine.

മുന്തിരി ചതക്കുന്നതിൽ നിങ്ങൾക്ക് മനസ്സില്ലായ്മയുണ്ടെങ്കിൽ, നിങ്ങളുടെ ആ വിദ്വേഷം വീഞ്ഞിൽ ഒരു വിഷാംശം വാറ്റുന്നു.

And if you sing though as angels, and love not the singing, you muffle man's ears to the voices of the day and the voices of the night.

മാലാഖമാരെപ്പോലെ നിങ്ങൾ പാടുമെങ്കിലും, നിങ്ങൾക്ക് ആ പാടുന്നതിനോട് പ്രീയമില്ലെങ്കിൽ, പകലിന്റെ സ്വരങ്ങളിൽനിന്നും, രാത്രിയുടെ സ്വരങ്ങളിൽ നിന്നും മനുഷ്യന്റെ ചെവിയെ നിങ്ങൾ മൂടിപ്പിടിക്കുന്നു.

ആനന്ദത്തെക്കുറിച്ചും, വ്യസനത്തെക്കുറിച്ചും

On Joy & Sorrow

Then a woman said, "Speak to us of Joy and Sorrow."
അപ്പോൾ ഒരു സ്ത്രീ പറഞ്ഞു 'ഞങ്ങളോട് സന്തോഷത്തെക്കുറിച്ചും, സന്താപത്തെക്കുറിച്ചും പറയുക.'

And he answered:
അയാൾ ഉത്തരം പറഞ്ഞു:

Your joy is your sorrow unmasked.
നിങ്ങളുടെ പരിതാപാവസ്ഥയുടെ മുഖംമൂടി അനാവരണം ചെയ്യപ്പെട്ടതാണ് നിങ്ങളുടെ സന്തോഷാവസ്ഥ.

And the selfsame well from which your laughter rises was oftentimes filled with your tears.
നിങ്ങളുടെ ആനന്ദതിമിര്പ്പുള്ള ഹാസങ്ങൾ ഉയര്ന്നുവന്ന അതേ നീരുറവ പലവട്ടം നിങ്ങളുടെ കണ്ണുനീരാൽ നിറയപ്പെട്ടിരുന്നു.

And how else can it be?
അത് അങ്ങിനെയല്ലാതെ മറ്റെങ്ങിനെയാകാനാകും?

The deeper that sorrow carves into your being, the more joy you can contain.
നിങ്ങളുടെ സത്തസ്വഭാവത്തിന്റെ സന്താപം എത്രത്തോളം അഗാധതയിൽ കൊത്തിക്കൂറുമ്പോൾ, അത്രത്തോളം കൂടുതൽ ആഹ്ളാദം നിങ്ങൾക്ക് ഉൾക്കൊള്ളാനാകും.

Is not the cup that holds your wine the very cup that was burned in the potter's oven?
നിങ്ങളുടെ വീഞ്ഞിനെ കൊള്ളുന്ന അതെ കോപ്പയല്ലെ കുശവന്റെ ചൂളയിൽ വെന്തുനിന്നത്?

And is not the lute that soothes your spirit, the very wood that was hollowed with knives?
നിങ്ങളുടെ ആത്മാവിന് സാന്ത്വനം നൽകുന്ന ആ ഓടക്കുഴൽ, കത്തികളാൽ തുളക്കപ്പെട്ട അതേ തടിത്തുണ്ടല്ലേ?

When you are joyous, look deep into your heart and you shall find it is only that which has given you sorrow that is giving you joy.
നിങ്ങൾ ആനന്ദത്തിമിർപ്പിൽ ആയിരിക്കുമ്പോൾ, നിങ്ങളുടെ ഹൃദയത്തിന്റ അഗാധതയിലേക്ക് നോക്കുക, അപ്പോൾ നിങ്ങൾക്ക് കാണാനാവും നിങ്ങൾക്ക് ദുഖം നൽകിയ അതെ വസ്തുതന്നെയാണ് നിങ്ങൾക്ക് ആഹ്ളാദവും നൽകുന്നത്, എന്ന്.

When you are sorrowful look again in your heart, and you shall see that in truth you are weeping for that which has been your delight.
നിങ്ങൾക്ക് ദുഃഖം തോന്നുന്ന അവസരത്തിൽ നിങ്ങളുടെ ഹൃദയത്തിലേക്ക് വീണ്ടും നോക്കുക, അപ്പോൾ നിങ്ങൾക്ക് കാണാനാവും, നിങ്ങളുടെ ആഹ്ളാദമായിരുന്ന അതേ കാര്യത്തിനാണ് നിങ്ങൾ വിലപിക്കുന്നത് എന്ന്.

Some of you say, "Joy is greater than sorrow," and others say, "Nay, sorrow is the greater."
നിങ്ങളിൽ ചിലർ പറയും, 'വ്യസനത്തിനേക്കാൾ മഹത്തരമാണ് ആനന്ദം' എന്ന്, മറ്റുള്ളവർ പറയും, 'അത് ശരിയല്ല, ദുഃഖമാണ് വലുത്' എന്ന്.

But I say unto you, they are inseparable.
എന്നാൽ ഞാൻ നിങ്ങളോടായി പറയുന്നു, അവ തമ്മിൽ വേർപെടുത്താനാവാത്തവയാണ് എന്ന്.

Together they come, and when one sits alone with you at your board, remember that the other is asleep upon your bed.
അവർ ഒന്നിച്ചു വരുന്നു, അവരിൽ ഒരുവൻ നിങ്ങളോടൊപ്പം ഇരിക്കുമ്പോൾ, മറ്റെ ആൾ നിങ്ങളുടെ കിടക്കയിൽ കിടന്നുറങ്ങുകയാണ് എന്ന് ഓർമ്മവെക്കുക.

Verily you are suspended like scales between your sorrow and your joy.
സത്യമായും, ത്രാസിന്റെ തൂക്കുപാത്രങ്ങളെപ്പോലെ, നിങ്ങളുടെ ദുഃഖത്തിന്റെയും നിങ്ങളുടെ ആനന്ദത്തിന്റെയും ഇടയിൽ നിങ്ങൾ തൂക്കിയിടപ്പെട്ടിരിക്കുകയാണ്.

Only when you are empty are you at standstill and balanced.
നിങ്ങൾ ഒഴിഞ്ഞിരിക്കുമ്പോൾ മാത്രമേ, നിങ്ങൾ നിശ്ചലവും, സംതുലിതവുമായിരിക്കുള്ളു.

When the treasure-keeper lifts you to weigh his gold and his silver, needs must your joy or your sorrow rise or fall.
നിധി സൂക്ഷിപ്പുകാരൻ അവന്റെ പൊന്നും വെള്ളിയും തൂക്കാനായി നിങ്ങളെ ഉയർത്തുമ്പോൾ, നിങ്ങളുടെ ആനന്ദം അല്ലെങ്കിൽ സന്താപം ഉയരുകയോ, താഴുകയോ ചെയ്യേണ്ടിവരും.

ഭവനങ്ങളെക്കുറിച്ച്

On Houses

Then a mason came forth and said, "Speak to us of Houses."
അപ്പോൾ ഒരു കല്ലാശാരി മുന്നോട്ട് വന്നു എന്നിട്ട് പറഞ്ഞു, 'ഞങ്ങളോട് വീടുകളെപ്പറ്റി പറയൂ.'

And he answered and said:
അതിന് അയാൾ ഉത്തരം നൽകിക്കൊണ്ട് പറഞ്ഞു:

Build of your imaginings a bower in the wilderness ere you build a house within the city walls.
നഗര മതിലുകൾക്കുള്ളിൽ ഒരു വീട് പണിയുന്നതിന് മുൻപ് നിങ്ങളുടെ സങ്കൽപങ്ങളാൽ വന്യപ്രദേശത്ത് ഒരു വള്ളിക്കുടിൽ നിങ്ങൾ നിർമ്മിക്കുക.

For even as you have home-comings in your twilight, so has the wanderer in you, the ever distant and alone.
നിങ്ങളുടെ മൂവന്തിനേരത്ത്, നിങ്ങൾക്ക് മടങ്ങിവരവുകൾ ഉണ്ട് എന്നപോലെ, നിങ്ങളിലെ വിദൂരതയിലും, ഒറ്റയ്ക്കും നിത്യവും അലഞ്ഞുതിരിഞ്ഞുനടക്കുന്ന സഞ്ചാരിക്കും, അത് ഉണ്ട്.

Your house is your larger body.
നിങ്ങളുടെ വീട് നിങ്ങളുടെ വിശാലമായ ശരീരമാണ്.

It grows in the sun and sleeps in the stillness of the night; and it is not dreamless. Does not your house dream? And dreaming, leave the city for grove or hilltop?
അത് വെയിലത്ത് വളരുകയും, നിശയുടെ നിശ്ചലതയിൽ ഉറങ്ങുകയും ചെയ്യുന്നു; മാത്രവുമല്ല, അതിന് സ്വപ്നങ്ങൾ ഇല്ലാതില്ല. നിങ്ങളുടെ ഭവനം സ്വപ്നം കാണുന്നില്ല? സ്വപ്നം കണ്ട്കൊണ്ട്, വൃക്ഷത്തോപ്പിലേക്കോ, അല്ലെങ്കിൽ കുന്നിൻമുകളിലേക്കോ ആയി നഗരത്തെ വിട്ട് പോകാറില്ലെ?

Would that I could gather your houses into my hand, and like a sower scatter them in forest and meadow.
നിങ്ങളുടെ വീടുകളെ എന്റെ കൈകളിൽ വാരിയെടുത്തുകൊണ്ട്, ഒരു വിതയ്ക്കുന്നവനെപ്പോലെ കാട്ടിലും മേട്ടിലും ആവുമായിരുന്നെങ്കിൽ ഞാൻ വിതറുമായിരുന്നു എന്ന് ആഗ്രഹിക്കുന്നു.

Would the valleys were your streets, and the green paths your alleys, that you might seek one another through vineyards, and come with the fragrance of the earth in your garments.
നിങ്ങൾ അന്യോന്യം മുന്തിരിത്തോപ്പുകളിൽ തിരയുകയും, നിങ്ങളുടെ ഉടയാടകളിൽ മണ്ണിന്റെ സുഗന്ധവുമായി വരും എന്നതിനായി,താഴ്വരകൾ നിങ്ങളുടെ തെരുവുകളും, പച്ചപ്പ് നിറഞ്ഞപാതകൾ നിങ്ങളുടെ ഉദ്യാനപഥങ്ങളും, ആയിരുന്നെങ്കിലോ എന്ന് ആഗ്രഹിക്കുന്നു.

But these things are not yet to be.
എന്നാൽ ഈ കാര്യങ്ങൾ നടക്കാനുള്ള നേരമായിട്ടില്ല.

In their fear your forefathers gathered you too near together. And that fear shall endure a little longer. A little longer shall your city walls separate your hearths from your fields.
അവരുടെ പേടികളാൽ, നിങ്ങളുടെ പിതാമഹന്മാർ നിങ്ങളെ വളരെ അടുത്ത് വാരിക്കൂട്ടി. ആ ഭയം കുറച്ചുകാലം കൂടി നീണ്ടുനിൽക്കും. നിങ്ങളുടെ വീട്ടിലെ അടുപ്പുകളെ കുറച്ചുകാലം കൂടി, നിങ്ങളുടെ നഗര മതിലുകൾ നിങ്ങളുടെ വയലുകളിൽ നിന്നും അകറ്റിർത്തും.

And tell me, people of Orphalese, what have you in these houses? And what is it you guard with fastened doors?
ഓർഫാലീസിലെ ജനങ്ങളെ, എന്നോട് പറയൂ, ഈ വീടുകളിൽ എന്താണ് നിങ്ങൾ വച്ചിട്ടുള്ളത്? അടച്ചുപൂട്ടപ്പെട്ട വാതിലുകളാൽ നിങ്ങൾ എന്തിനെയാണ് കാവൽ നിൽക്കുന്നത്?

Have you peace, the quiet urge that reveals your power?
നിങ്ങളുടെ ശക്തിയെ വെളിപ്പെടുത്തുന്ന നിശബ്ദമയമായ പ്രചോദനം, എന്ന സ്ഥൈര്യം നിങ്ങൾക്കുണ്ടോ?

Have you remembrances, the glimmering arches that span the summits of the mind?
മനസ്സിന്റെ കൊടുമുടികളെ തമ്മിൽ ബന്ധിപ്പിക്കുന്ന മിന്നിമിനുങ്ങുന്ന കമാനങ്ങൾ എന്ന് വിശേഷിപ്പിക്കാവുന്ന സ്മരണകൾ നിങ്ങൾക്കുണ്ടോ?

Have you beauty, that leads the heart from things fashioned of wood and stone to the holy mountain?
മരത്താലും കല്ലുകളാലും രൂപകൽപ്പന ചെയ്യപ്പെട്ട വസ്ത്തുക്കളിൽ നിന്നും ഹൃദയത്തെ ദിവ്യശൈലത്തിലേക്ക് നയിക്കുന്ന സൗന്ദര്യം നിങ്ങൾക്കുണ്ടോ?

Tell me, have you these in your houses?
എന്നോട് പറയൂ, നിങ്ങളുടെ ഗൃഹങ്ങളിൽ ഇവയെല്ലാം ഉണ്ടോ?

Or have you only comfort, and the lust for comfort, that stealthy thing that enters the house a guest, and becomes a host, and then a master?
അതോ, വിരുന്നുകാരനെന്നവണ്ണം ഗൂഢമായി വീട്ടിലേക്ക് കടന്ന് വന്ന്, അതിന് ശേഷം അതിഥിയും, പിന്നീട് അധിപനും ആവുന്ന സൗഖ്യവും, സുഖത്തോടുള്ള ആസക്തിയും മാത്രമാണോ നിങ്ങൾക്കുള്ളത്?

Ay, and it becomes a tamer, and with hook and scourge makes puppets of your larger desires.
അതെ, അത് ഒരു മെരുക്കുന്നവനായി, തോട്ടിയും ചാട്ടയും ഉപയോഗിച്ച് നിങ്ങളുടെ വലിയ ആഗ്രഹങ്ങളെ പാവക്കളിക്കോപ്പുകളായി മാറ്റുന്നു.

Though its hands are silken, its heart is of iron.
അതിന്റെ കൈകൾ പട്ടുപോലാണെങ്കിലും, അതിന്റെ ഹൃദയം ഉരുക്കുകൊണ്ടാണ്.

It lulls you to sleep only to stand by your bed and jeer at the dignity of the flesh. It makes mock of your sound senses, and lays them in thistledown like fragile vessels.
നിങ്ങളുടെ കിടക്കക്കരികിൽ നിൽക്കുകയും, ശരീരത്തിന്റെ കുലീനതയെ പരിഹസിക്കുകയും ചെയ്യുവാന്മാത്രമായി, അത് നിങ്ങളെ താരാട്ടി ഉറക്കുന്നു. അത് നിങ്ങളുടെ ബലിഷ്ഠമായ പഞ്ചേന്ദ്രിയങ്ങളെ പരിഹസിക്കുകയും, അപ്പൂപ്പൻതാടി പോലുള്ള ഉറപ്പില്ലാത്ത പാത്രങ്ങളിൽ വെക്കുകയും ചെയ്യുന്നു.

Verily the lust for comfort murders the passion of the soul, and then walks grinning in the funeral.
സത്യമാണ്, സുഖസൗകര്യങ്ങൾക്കായുള്ള ക്രാന്തി ആത്മാവിന്റെ വികാരങ്ങളെ കൊലചെയ്യുന്നു, എന്നിട്ട്, ശ്മശാനയാത്രയിൽ പരിഹാസച്ചിരിയോടുകൂടി അത് നടക്കുന്നു.

But you, children of space, you restless in rest, you shall not be trapped nor tamed.
എന്നാൽ നിങ്ങൾ, വിശാലതയുടെ സന്തതികൾ, സ്വസ്ഥതയിൽ അസ്വസ്ഥരായവർ, നിങ്ങൾ കെണിയില്പ്പെടുകയോ, മെരുക്കപ്പെടുകയോ ചെയ്യപ്പെടില്ല.

Your house shall be not an anchor but a mast.
നിങ്ങളുടെ വീട് ഒരു നങ്കൂരം ആകില്ല, മറിച്ച് ഒരു കപ്പൽപായ്മരം ആയിരിക്കും.

It shall not be a glistening film that covers a wound, but an eyelid that guards the eye.
ഒരു പരിക്കിനെ പൊതിയുന്ന തിളങ്ങുന്ന ഒരു പാടയായിരിക്കില്ല അത്, മറിച്ച് നേത്രത്തെ കാക്കുന്ന ഒരു കൺപോളയായിരിക്കും.

You shall not fold your wings that you may pass through doors, nor bend your heads that they strike not against a ceiling, nor fear to breathe lest walls should crack and fall down.
വാതിലിലൂടെ നിങ്ങൾക്ക് കടക്കാനായി നിങ്ങൾ ചിറകുകൽ മടക്കില്ല, മേൺക്കൂരയെ തട്ടാതിരിക്കാനായി നിങ്ങളുടെ തലകൾ ചായ്ക്കില്ല, മാത്രവുമല്ല, ചുമരുകൾ വിണ്ട് താഴെക്ക് വീണേക്കാം എന്ന് കരുതി നിങ്ങൾ ശ്വസിക്കാൻ ഭയപ്പെടില്ല.

You shall not dwell in tombs made by the dead for the living.
ജീവനുള്ളവർക്കായി മരിച്ചവർ തീർത്ത ശവകുടീരങ്ങളിൽ നിങ്ങൾ വസിക്കില്ല.

And though of magnificence and splendour, your house shall not hold your secret nor shelter your longing.
ഉജ്ജ്വലതയും ശോഭയും ഉള്ളതാണെങ്കിലുംകൂടി, നിങ്ങളുടെ ഭവനം നിങ്ങളുടെ രഹസ്യങ്ങളെ വഹിക്കുകയോ, നിങ്ങളുടെ അഭിലാഷങ്ങൾക്ക് പാർപ്പിട സൗകര്യം നൽകുകയോ ചെയ്യില്ല.

For that which is boundless in you abides in the mansion of the sky, whose door is the morning mist, and whose windows are the songs and the silences of night.
കാരണം, നിങ്ങളിൽ അനന്തമായുള്ളത്, വാതിലുകൾ പ്രഭാത മൂടൽമഞ്ഞുകൊണ്ടുള്ളതും, ജനലുകൾ നിശാവേളയിലെ ഗീതങ്ങളും നിശബ്ദതകളും കൊണ്ടുള്ളതും ആയ, ആകാശത്തിലെ മാളികയിൽ വസിക്കുന്നു.

വസ്ത്രങ്ങളെക്കുറിച്ച്

On Clothes

And the weaver said, "Speak to us of Clothes."
നെയ്ത്തുകാരൻ പറഞ്ഞു, 'ഞങ്ങളോട് വസ്ത്രങ്ങളെക്കുറിച്ച് പറയുക.'

And he answered:
അപ്പോൾ അയാൾ ഉത്തരം നൽകി:

Your clothes conceal much of your beauty, yet they hide not the unbeautiful.
നിങ്ങളുടെ വസ്ത്രങ്ങൾ നിങ്ങളുടെ സൗന്ദര്യത്തിന്റെ ഒട്ടുമിക്കതും മറയ്ക്കുന്നു, എന്നിരുന്നാലും, അവ സന്ദര്യക്കേടുള്ളതിനെ മറയ്ക്കുന്നില്ല.

And though you seek in garments the freedom of privacy you may find in them a harness and a chain.
വസ്ത്രങ്ങളിൽ സ്വകാര്യതയുടെ സ്വാതന്ത്ര്യം നിങ്ങൾ തേടുന്നുവെങ്കിലും, അവയിൽ ഒരു കടിഞ്ഞാണും ഒരു വിലങ്ങും നിങ്ങൾ കണ്ടെത്തിയേക്കാം.

Would that you could meet the sun and the wind with more of your skin and less of your raiment,
സൂര്യനേയും കാറ്റിനേയും നിങ്ങളുടെ ത്വക്കിനാൽ കൂടുതലും, നിങ്ങളുടെ ഉടയാടയാൽ കുറച്ചും കണ്ടുമുട്ടും എന്ന് ഞാൻ ആഗ്രഹിക്കുന്നു,

For the breath of life is in the sunlight and the hand of life is in the wind.
കാരണം, ജീവന്റെ ശ്വാസം സൂര്യരശ്മിയിലാണ് ഉള്ളത്, ജീവന്റെ കരങ്ങൾ കാറ്റിലാണ് ഉള്ളത്.

Some of you say, "It is the north wind who has woven the clothes to wear."
നിങ്ങളിൽ ചിലർ പറയും, 'ധരിക്കാനുള്ള ഉടുപ്പുകൾ നെയ്തത് വടക്കൻകാററാണ്.'

But shame was his loom, and the softening of the sinews was his thread.
എന്നാൽ അപമാനമായിരുന്നു അയാളുടെ നെയ്ത്ത്യന്ത്രം, ദശനാരിന്റെ മൃദുലപ്പാടായിരുന്നു അയാളുടെ നൂൽ.

And when his work was done he laughed in the forest.
അയാളുടെ പണിതീര്ന്നപ്പോൾ, കാട്ടിലിരുന്ന്കൊണ്ട് അയാൾ ചിരിച്ചട്ടഹസിച്ചു.

Forget not that modesty is for a shield against the eye of the unclean.
ലജ്ജ എന്നുള്ളത് വൃത്തികെട്ടവരുടെ ദൃഷ്ടിയേൽക്കാതിരിക്കാനുള്ള കവചത്തിന് വേണ്ടിയാണ് എന്ന് മറക്കാതിരിക്കുക.

And when the unclean shall be no more, what were modesty but a fetter and a fouling of the mind?
എന്നാൽ വൃത്തികെട്ടവർ ഇല്ലാതായിത്തീര്ന്നാൽ, ലജ്ജ എന്നുള്ളത്, ഒരു വിലങ്ങും മനസ്സിന്റെ ഒരു മലിനപ്പെടുത്തലുമല്ലാതെ മറ്റെന്താണ്?

And forget not that the earth delights to feel your bare feet and the winds long to play with your hair.
നിങ്ങളുടെ നഗ്നപാദങ്ങളുടെ സ്പർശന സുഖത്തിൽ ഭൂമി ആഹ്ളാദിക്കുന്നുണ്ട് എന്നതും, നിങ്ങളുടെ തലമുടി എടുത്ത് കളിക്കാൻ കാറ്റ് കൊതിക്കുന്നുണ്ട് എന്നതും മറക്കാതിരിക്കുക.

വാങ്ങുന്നതിനെക്കുറിച്ചും, വിൽക്കുന്നതിനെക്കുറിച്ചും

On Buying & Selling

And a merchant said, "Speak to us of Buying and Selling."
അപ്പോൾ ഒരു വ്യാപാരി പറഞ്ഞു, 'ഞങ്ങളോട് വാങ്ങുന്നതിനെക്കുറിച്ചും, വിൽക്കുന്നതിനെക്കുറിച്ചും പറയുക.'

And he answered and said:
മറുപടി നൽകികൊണ്ട് അയാൾ പറഞ്ഞു:

To you the earth yields her fruit, and you shall not want if you but know how to fill your hands.
ഭൂമി നിങ്ങൾക്കായി അതിന്റെ കായ്കനികൾ നൽകുന്നു, നിങ്ങൾക്ക് നിങ്ങളുടെ കൈകൾ നിറക്കുവാൻ അറിയുമെങ്കിൽ, നിങ്ങൾക്ക് ഇല്ലായ്മ ഉണ്ടാവില്ല.

It is in exchanging the gifts of the earth that you shall find abundance and be satisfied.
ഭൂമി നൽകുന്ന ഉപഹാരങ്ങൾ കൈമാറുന്നതിലാണ് നിങ്ങൾക്ക് സമൃദ്ധി കണ്ടെത്താനാവുകയും, സംതൃപ്തി ലഭിക്കുകയും ചെയ്യുക.

Yet unless the exchange be in love and kindly justice, it will but lead some to greed and others to hunger.

എന്നിരുന്നാലും, ഈ കൈമാറ്റം സ്നേഹത്തിലും, ദയാപൂർണ്ണമായ നീതിയിലും അല്ലെങ്കിൽ, ഇത് ചിലരെ അത്യാർത്തിയിലേക്കും, മറ്റ് ചിലരെ വിശപ്പിലേക്കും നയിക്കുകമാത്രമേ ചെയ്യുള്ളു.

When in the market place you toilers of the sea and fields and vineyards meet the weavers and the potters and the gatherers of spices,

കടലിലും, പാടങ്ങളിലും, മുന്തിരിത്തോപ്പുകളിലും അദ്ധ്വാനിക്കുന്ന നിങ്ങൾ, കമ്പോളസ്ഥലത്തിൽവച്ച് ചാലിയന്മാരേയും കുശവന്മാരേയും, സുഗന്ധവ്യഞ്ജനങ്ങൾ ശേഖരിക്കുന്നവരേയും കണ്ടുമുട്ടുമ്പോൾ,

- Invoke then the master spirit of the earth, to come into your midst and sanctify the scales and the reckoning that weighs value against value.

ഭൂമിയുടെ മുഖ്യ ആത്മാവിനെ നിങ്ങളുടെ ഇടയിലേക്ക് കടന്നുവരാനും, മൂല്യത്തെ മൂല്യത്തോട് താരതമ്യം ചെയ്യുന്ന തൂലാത്തട്ടുകളേയും കണക്കു കൂട്ടലുകളേയും പാപമുക്തമാക്കാനുമായി അപ്പോൾ ആവാഹിക്കുക.

And suffer not the barren-handed to take part in your transactions, who would sell their words for your labour.
നിങ്ങളുടെ അദ്ധ്വാനങ്ങൾക്ക് ബദലായി അവരുടെ വാക്കുകൾ വിൽക്കുകയും, വെറുംകൈയോടുകൂടി നിങ്ങളുടെ ഇടപാടുകളിൽ പങ്കെടുക്കുകയും ചെയ്യുന്നവരെ അംഗീകരിച്ചു കൊടുക്കരുത്.

To such men you should say,
അങ്ങിനെയുള്ളവരോട് നിങ്ങൾ പറയണം,

"Come with us to the field, or go with our brothers to the sea and cast your net; For the land and the sea shall be bountiful to you even as to us."
ഞങ്ങളോടൊപ്പം പാടത്തിലേക്ക് വരിക, അല്ലെങ്കിൽ നമ്മുടെ സഹോദരന്മാരുടെകൂടെ കടലിലേക്ക് പോകുകയും, വലയെറിയുകയും ചെയ്യുക; കാരണം, ഭൂമിയും, കടലും ഞങ്ങളോടെന്നെപോലെ, നിങ്ങളോടും, ഔദാര്യമുള്ളതായിരിക്കും.

And if there come the singers and the dancers and the flute players, - buy of their gifts also.
അതോടൊപ്പംതന്നെ, പാട്ടുകാരും, നൃത്തംചെയ്യുന്നവരും, ഓടക്കുഴൽ വായിക്കുന്നവരും അവിടെ വരികയാണെങ്കിൽ, - അവരുടെ കാഴ്ചാദ്രവ്യങ്ങളും വാങ്ങിക്കുക.

For they too are gatherers of fruit and frankincense, and that which they bring, though fashioned of dreams, is raiment and food for your soul.
കാരണം, അവരും കായ്കനികളുടേയും, കുന്തിരിക്കത്തിന്റേയും ശേഖരർ ആണ്, അവർ കൊണ്ടുവരുന്നതോ, സ്വപ്നങ്ങളാൽ രൂപകൽപ്പനചെയ്യപ്പെട്ടതാണെങ്കിലും, നിങ്ങളുടെ ആത്മാവിനായുള്ള ഉടയാടയും അന്നവും ആണ്.

And before you leave the marketplace, see that no one has gone his way with empty hands.
നിങ്ങൾ കമ്പോളം വിട്ടുപോകുന്നതിന് മുൻപായി, ആരും അവരവരുടെ പാതകളിലേക്ക് വെറുകൈയോടുകൂടി പോയിട്ടില്ലാ എന്ന് ഉറപ്പ് വരുത്തുക.

For the master spirit of the earth shall not sleep peacefully upon the wind till the needs of the least of you are satisfied.
നിങ്ങളിൽ ഏറ്റവും നിസ്സാരനായ ആളുടെ ആവശ്യം നിറവേറ്റപ്പെടുന്നതുവരെ, ഭൂമിയുടെ അധിപസ്ഥാനത്തുള്ള ആത്മാവിന് കാറ്റിന്മേൽ സമാധാനമായി ഉറങ്ങാനാവില്ല.

കുറ്റവും ശിക്ഷയും എന്നതിനെക്കുറിച്ച്

On Crime & Punishment

Then one of the judges of the city stood forth and said, "Speak to us of Crime and Punishment."
അപ്പോൾ നഗരത്തിലെ ന്യായാധിപതികളിൽ ഒരാൾ എഴുന്നേറ്റു നിൽക്കുകയും, ഇങ്ങനെ പറയുകയും ചെയ്തു, 'ഞങ്ങളോട് കുറ്റവും ശിക്ഷയും എന്നതിനെപ്പറ്റി പറയൂ.'

And he answered saying:
അനന്തരം അയാൾ ഇങ്ങിനെ പറഞ്ഞുകൊണ്ട് ഉത്തരം നൽകി:

It is when your spirit goes wandering upon the wind,
നിങ്ങളുടെ ആത്മാവ് വായുവിന്മേൽ അലഞ്ഞുനടക്കുന്ന അവസരത്തിൽ,

That you, alone and unguarded, commit a wrong unto others and therefore unto yourself.
ഏകാന്തനായും, അശ്രദ്ധാലുവായും ആണ്, നിങ്ങൾ മറ്റുള്ളവരുടെമേലും, നിങ്ങളോടുതന്നെയും ആയുള്ള ഒരു തെറ്റ് ചെയ്യുന്നത്.

And for that wrong committed must you knock and wait a while unheeded at the gate of the blessed.
ആ ചെയ്ത തെറ്റിനാൽ, അനുഗ്രഹിക്കപ്പെട്ടവരുടെ പടിവാതിലിൽ, നിങ്ങൾ മുട്ടുകയും, ആരും ഗൗനിക്കാനില്ലാതെ അൽപനേരം കാത്ത് നിൽക്കുകയും ചെയ്യേണ്ടിവരും.

Like the ocean is your god-self;
ആഴിപോലെതന്നെയാണ് നിങ്ങളുടെ ദൈവ-സ്വരൂപം;

It remains for ever undefiled.
അത് മലിനപ്പെടാതെ എന്നന്നേക്കുമായി നിലനിൽക്കും.

And like the ether it lifts but the winged.
സൂക്ഷ്മാകാശം പോലെ അത്, ചിറകുകളുള്ളതിനെ ഒഴികെ, ഉയർത്തുന്നു.

Even like the sun is your god-self;
സൂര്യനെപ്പോലെതന്നെയുമാണ് നിങ്ങളുടെ ദൈവ-സ്വരൂപം;

It knows not the ways of the mole nor seeks it the holes of the serpent.
തുരപ്പനെലിയുടെ പാതകൾ അതിന് അറിയില്ല, മാത്രവുമല്ല, സര്പ്പത്തിന്റെ മാളങ്ങൾ അത് അന്വേഷിക്കുന്നുമില്ല.

But your god-self does not dwell alone in your being.
എന്നിരുന്നാലും, നിങ്ങളുടെ ദൈവ-സ്വരൂപം നിങ്ങളുടെ അസ്തിത്വത്തിൽ തങ്ങുന്നുമില്ല.

Much in you is still man, and much in you is not yet man,
നിങ്ങളിൽ അനവധിവസ്തുക്കൾ മനുഷ്യന്തന്നെയാണ്, മാത്രവുമല്ല, നിങ്ങളിൽ അനവധികാര്യങ്ങൾ ഇന്നും മനുഷ്യനായിതീർന്നിട്ടുമില്ല,

But a shapeless pigmy that walks asleep in the mist searching for its own awakening.
മൂടൽമഞ്ഞിൽ സ്വന്തം ഉണർവ്വ് തിരഞ്ഞുനടക്കുന്ന രൂപഭംഗിയില്ലാത്ത മുണ്ടൻ മാത്രമാണ് അത്.

And of the man in you would I now speak.
നിങ്ങളിലെ മനുഷ്യനെക്കുറിച്ച് ഞാൻ ഇപ്പോൾ സംസാരിക്കാം.

For it is he and not your god-self nor the pigmy in the mist, that knows crime and the punishment of crime.
കാരണം, നിങ്ങളുടെ ദൈവ-രൂപമോ, മൂടൽമഞ്ഞിലെ മുണ്ടനോ അല്ല, അപരാധവും, അതിനുള്ള ശിക്ഷയെക്കുറിച്ചും അറിയുന്നത്, മറിച്ച് അയാൾക്കാണ്.

Oftentimes have I heard you speak of one who commits a wrong as though he were not one of you, but a stranger unto you and an intruder upon your world.
അപരാധം ചെയ്യുന്ന ഒരുവനെക്കുറിച്ച്, അയാൾ നിങ്ങളിൽ ആരുമല്ല, മറിച്ച് നിങ്ങൾക്ക് അപരിചിതനായ ഒരുവനാണ് അയാൾ എന്നും, നിങ്ങളുടെ ലോകത്തിലേക്ക് വലിഞ്ഞുകയറിവന്നവനാണ് അയാൾ എന്നും, ധ്വനി നൽകുന്ന രീതിയിൽ പലപ്പോഴും നിങ്ങൾ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.

But I say that even as the holy and the righteous cannot rise beyond the highest which is in each one of you,
എന്നാൽ ഞാൻ പറയുന്നു, ഏറ്റവും ദിവ്യരായവരും, ഏറ്റവും ധർമ്മിഷ്ഠരായവരും, നിങ്ങൾ ഓരോരുത്തരിലും ഉള്ള ഏറ്റവും ഉയരത്തിലുള്ള സ്വഭാവഗുണത്തിനേക്കാളും ഉയരത്തിൽ എത്തില്ലാ എന്നത് പോലെ,

So the wicked and the weak cannot fall lower than the lowest which is in you also.
നിങ്ങളിൽ ഉള്ള ഏറ്റവും താഴെക്കിടയിലുള്ള നീചത്വത്തേക്കാളും താഴോട്ട് യാതോരു ദുഷ്ടനോ ബലഹീനനോ താഴാൻ ആവില്ലതന്നെ.

And as a single leaf turns not yellow but with the silent knowledge of the whole tree,
മാത്രവുമല്ല, ആ മുഴുവൻ വൃക്ഷത്തിന്റെയും അറിവില്ലാതെ, ഒരു ഒറ്റ ഇല പോലും മഞ്ഞയണിയുന്നില്ല, എന്നത് പോലെ,

So the wrong-doer cannot do wrong without the hidden will of you all.
തിന്മ ചെയ്യുന്ന ആൾക്ക് നിങ്ങളിൽ എല്ലാരുടേയും ഒളിച്ചുവച്ചിരിക്കുന്ന താൽപര്യം ഇല്ലാതെ യാതോരു തെറ്റും ചെയ്യാനാവില്ല.

Like a procession you walk together towards your god-self.
ഒരു ജാഥയിൽ എന്നപോലെ, നിങ്ങൾ കൂട്ടത്തോടുകൂടി നിങ്ങളുടെ ഈശ്വരസത്തയിലേക്ക് നടക്കുന്നു.

You are the way and the wayfarers.
നിങ്ങൾ തന്നെയാണ് വഴിയും വഴിപോക്കരും.

And when one of you falls down he falls for those behind him, a caution against the stumbling stone.
നിങ്ങളിൽ ഒരാൾ വീഴുമ്പോൾ, ആ ആൾ അയാൾക്ക് പിന്നിലുള്ളവർക്കായാണ് വീഴുന്നത്, കാലുകളെ തട്ടിയിടുന്ന കല്ലുകളെക്കുറിച്ചുള്ള അപായത്താക്കീത് നൽകാനായി.

Ay, and he falls for those ahead of him, who though faster and surer of foot, yet removed not the stumbling stone.
അതെ, അയാൾക്ക് മുന്നിലുള്ളവര്ക്കുമായാണ് അയാൾ വീഴുന്നത്, അവർ കൂടുതൽ വേഗതയുള്ളവരും, കൂടുതൽ ഉറപ്പുള്ള കാലുകളുള്ളവരും ആയിരുന്നിട്ടുപോലും, അവർ തടഞ്ഞുവീഴ്ത്തുന്ന ആ കല്ലിനെ എടുത്ത് മാറ്റിയില്ല.

And this also, though the word lie heavy upon your hearts:
ഈ വാക്കുകൾ നിങ്ങളുടെ ഹൃദയത്തിൽ ഭാരമേറിയതായി അനുഭവപ്പെടുമെങ്കിലും, ഇതും കൂടി കേൾക്കുക:

The murdered is not unaccountable for his own murder,
കൊലചെയ്യപ്പെടുന്ന ആൾ അയാളുടെ സ്വന്തം കൊലപാതകത്തിൽ ഉത്തരവാദിത്വമില്ലാത്ത ആൾ അല്ല,

And the robbed is not blameless in being robbed.
കൈവശമുള്ള മുതൽ അപഹരിക്കപ്പെട്ട ആൾ, ആ മോഷണത്തിൽ കുറ്റമില്ലാത്ത ആളല്ല.

The righteous is not innocent of the deeds of the wicked,
ദുഷ്ടന്റെ ദുഷ് പ്രവർത്തനത്തിൽ ധർമ്മിഷ്ഠൻ നിര്ദോഷിയല്ല,

And the white-handed is not clean in the doings of the felon.
മാത്രവുമല്ല, മഹാകുറ്റങ്ങൾ ചെയ്യുന്ന ആളുടെ കൃത്യങ്ങളിൽ, കളങ്കമില്ലത്തവന്റെ കരങ്ങൾ ശുദ്ധമല്ല.

Yea, the guilty is oftentimes the victim of the injured,
അതെ, അപരാധം ചെയ്യുന്നവൻ പലപ്പോഴും മുറിവേൽക്കപ്പെട്ടവന്റെ പീഡിതനാണ്,

And still more often the condemned is the burden-bearer for the guiltless and unblamed.
ഇതിനെക്കാളെല്ലാം കൂടുതലായി, പലപ്പോഴും കുറ്റംചുമത്തപ്പെടുന്നവൻ കളങ്കമില്ലാത്തവനും നിര്ദ്ദോഷിക്കും ആയി ഭാരംപേറുന്നവനാണ്.

You cannot separate the just from the unjust and the good from the wicked;
ന്യായരഹിതനിൽനിന്നും നീതിഷ്ഠനെയും, ദുഷ്ടനിൽനിന്നും നല്ലവനേയും നിങ്ങൾക്ക് വേർതിരിച്ചെടുക്കാൻ ആവില്ല;

For they stand together before the face of the sun even as the black thread and the white are woven together.

കറുത്ത നൂലും വെളുത്തതും ഒന്നിച്ച് നെയ്യപ്പെടുന്നു എന്നത്പോലെതന്നെ, അവർ രണ്ടുപേരും ഒന്നിച്ചാണ് സൂര്യന്റെ മുഖത്തിന് മുന്നിൽ നിൽക്കുന്നത്.

And when the black thread breaks, the weaver shall look into the whole cloth, and he shall examine the loom also.

കറുത്ത നൂൽ പൊട്ടുമ്പോൾ, നെയ്ത്തുകാരൻ മുഴുവൻ തുണിയിലും നോക്കും, മാത്രവുമല്ല, അയാൾ ആ നെയ്ത്ത് തറിയേയും പരിശോധിക്കും.

If any of you would bring to judgment the unfaithful wife,

നിങ്ങളിരാരെങ്കിലും പാതിവ്രത്യ ശുദ്ധിയില്ലാത്ത ഭാര്യയെ വിചാരണയ്ക്കായി കൊണ്ടുവരുന്നുവെങ്കിൽ,

Let him also weigh the heart of her husband in scales, and measure his soul with measurements.

അയാൾ ആ സ്ത്രീയുടെ ഭർത്താവിന്റെ ഹൃദയത്തെയും തുലാസിൽ തൂക്കട്ടെ, അയാളുടെ ആത്മാവിനെ അളവുകോലുകൾകൊണ്ട് അളക്കട്ടെ.

And let him who would lash the offender look unto the spirit of the offended.
അപരാധം ചെയ്ത ആളെ ചാട്ടകൊണ്ട് അടിക്കാൻ തുനിയുന്ന ആൾ, അപരാധം ചെയ്യപ്പെട്ട ആളുടെ ആത്മാവിലേക്ക് നോക്കട്ടെ.

And if any of you would punish in the name of righteousness and lay the ax unto the evil tree, let him see to its roots;
ധാർമ്മികതയുടെ പേരിൽ നിങ്ങളിൽ ആരെങ്കിലും ഒരാൾ ശിക്ഷിക്കുകയും, ദുഷ്ടവൃക്ഷത്തിൽ മഴുവെക്കുകയും ചെയ്യുമെങ്കിൽ, അയാൾ അതിന്റെ വേരുകള്വരെ നോക്കട്ടെ;

And verily he will find the roots of the good and the bad, the fruitful and the fruitless, all entwined together in the silent heart of the earth.
അപ്പോൾ തീർച്ചയായും, അയാൾ നല്ലതിന്റെയും, ചീത്തയുടേയും, ഫലസമൃദ്ധിയുടേയും, ഫലഹീനതയുടേയും വേരുകൾ, എല്ലാം ഭൂമിയുടെ നിശബ്ദ ഹൃദയത്തിൽ ഒന്നിച്ച് പിരിഞ്ഞ് കിടക്കുന്നതായി കണ്ടെത്തും.

And you judges who would be just,
നിങ്ങൾ, നീതിമാന്മാരായ, ന്യായാധിപന്മാർ,

What judgment pronounce you upon him who though honest in the flesh yet is a thief in spirit?
ശരീരംകൊണ്ട് സത്യസന്ധനും, എന്നാൽ മനസ്കൊണ്ട് കള്ളനും ആയവന്റെ മേൽ നിങ്ങൾ എന്ത് വിധിന്യായമാണ് ഉച്ചരിക്കുക?

What penalty lay you upon him who slays in the flesh yet is himself slain in the spirit?
ശരീരംകൊണ്ട് കൊല്ലുകയും, എന്നാൽ ആത്മാവിൽ സ്വയം സംഹരിക്കപ്പെടുകയും ചെയ്യപ്പെടുന്നവന്റെ മേൽ നിങ്ങൾ എന്ത് പിഴയാണ് ഈടാക്കുക?

And how prosecute you him who in action is a deceiver and an oppressor, Yet who also is aggrieved and outraged?
പ്രവർത്തിയാൽ ചതിയനും ചൂഷകനും, അതെസമയം സ്വയം നൊമ്പരപ്പെടുന്നവനും, മഹാഅന്യായം അനുഭവിക്കുന്നതും ആയ ആളെ നിങ്ങൾ എങ്ങിനെയാണ് ശിക്ഷിക്കുക?

And how shall you punish those whose remorse is already greater than their misdeeds?
അപ്പോൾത്തന്നെ അവരുടെ ദുർവൃത്തിയെക്കാൾ വളരെ വലുതായ മനസ്സാക്ഷിക്കുത്ത് അനുഭവിക്കുന്ന ആളെ നിങ്ങൾ എങ്ങിനെയാണ് ശിക്ഷിക്കുക?

Is not remorse the justice which is administered by that very law which you would fain serve?
നിങ്ങൾ സാഹചര്യത്തിന്റെ നിര്ബന്ധത്താൽ സേവിക്കേണ്ടുന്ന അതേ നിയമംതന്നെയല്ലെ, മനോവേദനയെന്ന വിധിന്യായം നടപ്പാക്കിയത്?

Yet you cannot lay remorse upon the innocent nor lift it from the heart of the guilty.
എന്നിരുന്നാലും നിങ്ങൾക്ക് നിരപരാധിയുടെമേൽ പശ്ചാത്താപം ചുമത്താനോ, അപരാധിയുടെ ഹൃദയത്തിൽനിന്നും അത് എടുത്തുമാറ്റാനോ ആവില്ല.

Unbidden shall it call in the night, that men may wake and gaze upon themselves.
മനുഷ്യർ ഉണരുകയും അവരുടെ മേൽത്തന്നെ സ്വയം ദൃഷ്ടിപതിപ്പിക്കുകയും ചെയ്യുമാറാകാനായി, ക്ഷണിക്കാതെതന്നെ അത് രാത്രിവേളയിൽ വന്ന് വിളിക്കും.

And you who would understand justice, how shall you unless you look upon all deeds in the fullness of light?
എല്ലാ ചെയ്തികളെയും വെളിച്ചത്തിന്റെ പൂർണ്ണതയിൽ നിങ്ങൾ വീക്ഷിക്കുന്നില്ലായെങ്കിൽ, നീതിന്യായം അറിയുന്ന നിങ്ങൾ, അതെങ്ങിനെ നടപ്പിലാക്കും?

Only then shall you know that the erect and the fallen are but one man standing in twilight between the night of his pigmy-self and the day of his god-self,
നിവര്ന്ന് നിൽക്കുന്നവനും, നിലത്ത് വീണുകിടക്കുന്നവനും, ഒരേ മനുഷ്യന്തന്നെ അയാളുടെ പ്രാതസന്ധ്യാസമയത്ത്, രാത്രിയിലെ അയാളുടെ മുണ്ടൻ രൂപത്തിനും, പകലുള്ള അയാളുടെ ദൈവരൂപത്തിനും ഇടയിൽ നിൽക്കുന്ന അയാളുടെ രണ്ട് രൂപങ്ങൾ മാത്രമാണ് എന്ന് നിങ്ങൾക്ക് അപ്പോൾ മാത്രമാണ് തിരിച്ചറിവ് ലഭിക്കുക.

And that the corner-stone of the temple is not higher than the lowest stone in its foundation.
അമ്പലത്തിന്റെ അടിത്തറയിലെ ഏറ്റവും താഴെയുള്ള കല്ലിനേക്കാൾ ഉയരത്തിലല്ല, അതിലെ മൂലക്കല്ല് എന്നതും അറിയും.

നിയമചട്ടങ്ങളെക്കുറിച്ച്

On Laws

Then a lawyer said, "But what of our Laws, master?"
അപ്പോൾ ഒരു അഭിഭാഷകൻ പറഞ്ഞു, 'അപ്പോള്പിന്നെ നമ്മുടെ നിയമചട്ടങ്ങളോ, ഗുരുനാഥാ?'

And he answered:
അതിന് അയാൾ ഉത്തരം നൽകി:

You delight in laying down laws,
നിയമചട്ടങ്ങൾ നിർമ്മിക്കുന്നതിൽ നിങ്ങൾ ആനന്ദം കണ്ടെത്തുന്നു,

Yet you delight more in breaking them.
എന്നാൽ അവ ലംഘിക്കുന്നതിൽ നിങ്ങൾക്ക് അതിനേക്കൾ സന്തോഷം ലഭിക്കുന്നു.

Like children playing by the ocean who build sand-towers with constancy and then destroy them with laughter.
നൈരന്തര്യത്തോടെ പൂഴികൊണ്ടുള്ള ഗോപുരങ്ങൾ നിർമ്മിക്കുകയും, അതിന് ശേഷം ആർത്തുചിരിച്ച് അവ പൊളിക്കുകയും ചെയ്യുന്ന കളിക്കുന്ന കുട്ടികളെപ്പോലെ.

But while you build your sand-towers the ocean brings more sand to the shore,
എന്നാൽ നിങ്ങൾ നിങ്ങളുടെ തരിമണൽ ഗോപുരങ്ങൾ കെട്ടിക്കൊണ്ടിരിക്കുമ്പോൾ, സമുദ്രം തീരത്തിലേക്ക് കൂടുതൽ പൂഴികൊണ്ടുവുരുന്നു,

And when you destroy them, the ocean laughs with you.
നിങ്ങൾ അവയെ നശിപ്പിക്കുമ്പോൽ, കടൽ നിങ്ങളോടൊപ്പം ചിരിച്ചാഹ്ളാദിക്കുന്നു.

Verily the ocean laughs always with the innocent.
എന്നും ആഴി കളങ്കമില്ലാത്തവരോടൊപ്പം ചിരിക്കുന്നു എന്നത് വാസ്തവമാണ്.

But what of those to whom life is not an ocean, and man-made laws are not sand-towers,
എന്നാൽ, ജീവിതം ഒരു ആഴിയല്ലാത്തതും, മനുഷ്യനിർമ്മിത നിയമങ്ങൾ മണല്കൊട്ടാരങ്ങൾ അല്ലാത്തവരുടെ കാര്യമോ?,

But to whom life is a rock, and the law a chisel with which they would carve it in their own likeness?
പകരം, ജീവിതം ഒരു പാറക്കെട്ടും, നിയമചട്ടം എന്നുള്ളത്, അതിനെ അവർക്ക് ഇഷ്ടമുള്ള രീതിയിൽ രൂപകൽപ്പനചെയ്യുവാനുള്ള ഒരു ഉളിയും ആകുന്നവരോ?

What of the cripple who hates dancers?
നൃത്തം ചെയ്യുന്നവരെ വെറുക്കുന്ന അംഗവികലന്റെ കാര്യമോ?

What of the ox who loves his yoke and deems the elk and deer of the forest stray and vagrant things?
കാട്ടിലെ മലമാനിനേയും, കലമാനിനേയും വഴിതെറ്റിയവരെന്നും, തെരുവുതെണ്ടികളെന്നും നിരൂപിക്കുന്ന, സ്വന്തം നുകത്തെ ഇഷ്ടപ്പെടുന്ന മൂരിയുടെ കാര്യമോ?

What of the old serpent who cannot shed his skin, and calls all others naked and shameless?
മറ്റുള്ളവർ നഗ്നരെന്നും, നാണമില്ലാത്തവരെന്നും വിളിച്ചുകൂവുന്ന, സ്വന്തം തോൽ പൊഴിക്കാനാവാത്ത വാര്ദ്ധക്യംവന്ന സര്പ്പത്തിന്റെ കാര്യമോ?

And of him who comes early to the wedding-feast, and when over-fed and tired goes his way saying that all feasts are violation and all feasters law-breakers?
വിവാഹ വിരുന്നിന്ന് കാലേകൂടി വരികയും, അമിതമായി തിന്ന് തളര്ന്ന്, പോകുന്ന അവസരത്തിൽ, എല്ലാ വിരുന്ന് സൽക്കാരങ്ങളും നിയമഭംഗങ്ങളാണെന്നും, വിരുന്നിൽ പങ്കെടുക്കുന്നവരെല്ലാം നിയമലംഘകരാണെന്നും പറയുന്ന ആളുടെ കാര്യമോ?

What shall I say of these save that they too stand in the sunlight, but with their backs to the sun?
ഇവരും സൂര്യരശ്മിയിൽ നിൽക്കുന്നു, എന്നാൽ സൂര്യനോട് പുറംതിരിഞ്ഞാണ് ഇവർ നിൽക്കുന്നത് എന്നല്ലാതെ ഇവരെക്കുറിച്ചെല്ലാം ഞാൻ എന്താണ് പറയുക?

They see only their shadows, and their shadows are their laws.
അവർ അവരുടെ നിഴലുകള്മാത്രം കാണുന്നു, അവരുടെ നിഴലുകൾ അവരുടെ നിയമചട്ടങ്ങളാണ്.

And what is the sun to them but a caster of shadows?
ഇവരെ സംബന്ധിച്ചെടുത്തോളം, സൂര്യൻ എന്നുള്ളത് നിഴലുകൾ പരത്തുന്ന ഒരു വസ്തുവല്ലാതെ മറ്റെന്താണ്?

And what is it to acknowledge the laws but to stoop down and trace their shadows upon the earth?
നിയമചട്ടങ്ങളെ വകവച്ചുകൊടുക്കുകയെന്നുവച്ചാൽ, താഴോട്ട് കുനിഞ്ഞ്, അവയുടെ നിഴലുകളെ നിലത്ത് വരച്ച് അടയാളപ്പെടുത്തുകയെന്നല്ലാതെ മറ്റെന്താണ്?

But you who walk facing the sun, what images drawn on the earth can hold you?
എന്നാൽ സൂര്യനെ അഭിമുഖീകരിച്ചുകൊണ്ട് നടക്കുന്ന നിങ്ങൾ, നിലത്ത് വരച്ച ഏത് ചിത്രത്തിനാണ് നിങ്ങളെ ബന്ധിക്കാനാകുക?

You who travel with the wind, what weathervane shall direct your course?
കാറ്റിനോടൊപ്പം യാത്രചെയ്യുന്ന നിങ്ങളുടെ ദിശയെ, കാറ്റിന്റെ ദിശകാട്ടുന്ന ഏത് യന്ത്രമാണ് നിയന്ത്രിക്കുക?

What man's law shall bind you if you break your yoke but upon no man's prison door?
നിങ്ങളുടെ ചങ്ങല നിങ്ങൾ പൊളിക്കുന്നത് യാതോരു മനുഷ്യന്റെയും തടങ്കൽപാളയ വാതിലിൽ അല്ലെങ്കിൽ, നിങ്ങളെ ഏത് മനുഷ്യന്റെ നിയമമാണ് തടയുക?

What laws shall you fear if you dance but stumble against no man's iron chains?
നിങ്ങൾ നൃത്തംചെയ്യുന്നു, എന്നാൽ യാതോരു മനുഷ്യന്റെയും ഉരുക്ക് ചങ്ങലയിൽ കാല്തടയുന്നില്ലാ എങ്കിൽ, നിങ്ങൾ ഏത് നിയമത്തെയാണ് ഭയപ്പെടുക?

And who is he that shall bring you to judgment if you tear off your garment yet leave it in no man's path?
നിങ്ങൾ നിങ്ങളുടെ ഉടയാട കീറിക്കളയുന്നു, എന്നാൽ അത് ആരുടേയും പാതയിൽ ഇട്ടുപോകുന്നില്ല, എങ്കിൽ, ആരാണ് നിങ്ങളെ വിചാരണക്കായി കൊണ്ടുപോകുക?

People of Orphalese, you can muffle the drum, and you can loosen the strings of the lyre, but who shall command the skylark not to sing?
ഓർഫാലീസിലെ ജനങ്ങളെ, നിങ്ങൾക്ക് ചെണ്ടയെ മൂടിവെക്കാനാകും, വീണകമ്പികളെ അയവുവരുത്തിവെക്കാനാകും, എന്നാൽ ആരാണ് വാനമ്പാടിപ്പക്ഷിയോട് പാടരുത് എന്ന് കൽപ്പിക്കുക?

സ്വാതന്ത്ര്യത്തെക്കുറച്ച്

LEARN ENGLISH

On Freedom

And an orator said, "Speak to us of Freedom."
അപ്പോൾ ഒരു പ്രാസംഗികൻ പറഞ്ഞു, 'ഞങ്ങളോട് സ്വാതന്ത്ര്യത്തെക്കുറിച്ച് പറഞ്ഞുതരിക.'

And he answered:
അപ്പോൾ അയാൾ പറഞ്ഞു:

At the city gate and by your fireside I have seen you prostrate yourself and worship your own freedom,
നഗര കവാടത്തിലും, നിങ്ങളുടെ അഗ്നിസ്ഥാനത്തിനരികിലും, നിങ്ങൾ സ്വയം സാഷ്ടാംഗം പതിച്ചുകൊണ്ട്, നിങ്ങളുടെ സ്വന്തം സ്വതന്ത്ര്യത്തെ തൊഴുന്നത് ഞാൻ കണ്ടിട്ടുണ്ട്.

Even as slaves humble themselves before a tyrant and praise him though he slays them.
ഉഗ്രപീഡകന്റെ മുന്നിൽ, അയാൾ അവരെ നിഗ്രഹിക്കുന്നുവെങ്കിലും, അടിമകൾ എളിമയോടുകൂടിനിൽക്കുകയും, അയാളെ പ്രശംസിക്കുകയും ചെയ്യുന്നു എന്നപോലെ,

Ay, in the grove of the temple and in the shadow of the citadel I have seen the freest among you wear their freedom as a yoke and a handcuff.
അതെ, ക്ഷേത്രവനികയിലും, ഉൾക്കോട്ടയുടെ മറവിലും, നിങ്ങളിൽ ഏറ്റവും സ്വതന്ത്രമായവർ, അവരുടെ വിമോചനാവസ്ഥയെ ഒരു നുകംപോലെയും, ഒരു കൈയാമം പോലെയും ഉടുക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

And my heart bled within me; for you can only be free when even the desire of seeking freedom becomes a harness to you, and when you cease to speak of freedom as a goal and a fulfillment.
എന്റെ ഉള്ളിൽ എന്റെ ഹൃദയം നൊമ്പരപ്പെട്ടു; കാരണം, സ്വാതന്ത്ര്യത്തിനായുള്ള നിങ്ങളുടെ അഭിലാഷം നിങ്ങളിൽ ഒരു പടച്ചമയം ആയിത്തീരുകയും, സ്വാതന്ത്ര്യത്തെ ഒരു ലക്ഷ്യവും സഫലീകരണവും ആയി ചിത്രീകരിക്കുന്നത് നിങ്ങൾ നിർത്തുകയും ചെയ്യുമ്പോൾ മാത്രമാണ് നിങ്ങൾക്ക് സ്വതന്ത്രരാകാൻ പറ്റുള്ളു.

You shall be free indeed when your days are not without a care nor your nights without a want and a grief,
നിങ്ങളുടെ പകലുകൾക്ക് ഏതെങ്കിലും ഉത്ക്കണ്ഠകൾ ഇല്ലാത്ത അവസ്ഥയിലും, നിങ്ങളുടെ രാത്രികൾക്ക് എന്തെങ്കിലും അഭാവങ്ങളും വിഷാദങ്ങളും ഇല്ലാത്ത അവസ്ഥയിലും അല്ല നിങ്ങൾ വാസ്തവത്തിൽ സ്വതന്ത്രനായിത്തീരുന്നത്,

But rather when these things girdle your life and yet you rise above them naked and unbound.
മറിച്ച് ഇതിനേക്കാൾ കൂടുതൽ, ഈ കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തെ കുടുക്കുകയും, എന്നാൽ നിങ്ങൾ അവയ്ക്ക് മുകളിലേക്ക്, നഗ്നമേനിയോടും, കെട്ടുകളഴിഞ്ഞും ഉയരുമ്പോഴാണ്.

And how shall you rise beyond your days and nights unless you break the chains which you at the dawn of your understanding have fastened around your noon hour?
എന്നാൽ, നിങ്ങളുടെ ഗ്രഹണശക്തിയുടെ ഉദയനേരത്ത്, നിങ്ങളുടെ നട്ടുച്ചനേരത്തിന് ചുറ്റും നിങ്ങൾ വലിച്ചുകെട്ടിയ ചങ്ങലകൾ പൊട്ടിക്കാതെ, നിങ്ങളുടെ പകലുകളെക്കാളും, രാത്രികളെക്കാളും, അപ്പുറം നിങ്ങൾക്ക് എങ്ങിനെയാണ് ഉയരാൻ ആവുക?

In truth that which you call freedom is the strongest of these chains, though its links glitter in the sun and dazzle the eyes.
സൂര്യരശ്മിയിൽ അതിന്റെ കണ്ണികൾ തിളങ്ങുകയും, കണ്ണഞ്ചിപ്പിക്കുകയും ചെയ്യുമെങ്കിലും, സത്യത്തിൽ നിങ്ങൾ സ്വാതന്ത്ര്യം എന്ന് വിളിക്കുന്നതാണ് ഈ ചങ്ങലകളിൽ ഏറ്റവും ബലമുള്ളത്.

And what is it but fragments of your own self you would discard that you may become free?
നിങ്ങൾ സ്വതന്ത്രനാകും എന്നതിനായി, നിങ്ങൾ നിഷ്കാസനം ചെയ്യുന്ന നിങ്ങളുടെ സ്വന്തം സത്ത അല്ലാതെ, അത് മറ്റെന്താണ്?

If it is an unjust law you would abolish, that law was written with your own hand upon your own forehead.
നിങ്ങൾ അസാധുവാക്കുന്ന ഒരു അന്യായമായ ഒരു നിയമചട്ടമാണ് അത് എങ്കിൽ, ആ നിയമം, നിങ്ങളുടെ നെറ്റിയിൽ നിങ്ങളുടെ സ്വന്തം കൈകളാൽ എഴുതപ്പെട്ടതാണ്.

You cannot erase it by burning your law books nor by washing the foreheads of your judges, though you pour the sea upon them.
നിങ്ങളുടെ നിയമഗ്രന്ഥങ്ങളെ കത്തിച്ചതുകൊണ്ടോ, അല്ലെങ്കിൽ,

നിങ്ങളുടെ ന്യായാധിപന്മാരുടെ നെറ്റികൾ കഴുകുന്നതിനാലോ, അവരുടെ മേൽ നിങ്ങൾ സമുദ്രത്തെ ഒഴിച്ചാലും, ഇതിനെ നിങ്ങൾക്ക് മാച്ചുകളയാൻ ആവില്ല.

And if it is a despot you would dethrone, see first that his throne erected within you is destroyed.

സിംഹാസനത്തിൽനിന്നും നിങ്ങൾ നീക്കിയേക്കാവുന്ന ഒരു സ്വേച്ഛാധിപതി ആണ് അത് എങ്കിൽകൂടി, നിങ്ങൾക്കുള്ളിൽ ഉള്ള അയാളുടെ സിംഹാസനം നശിപ്പിക്കപ്പെട്ടിട്ടുണ്ട് എന്ന് ആദ്യം ഉറപ്പ് വരുത്തുക.

For how can a tyrant rule the free and the proud, but for a tyranny in their own freedom and a shame in their own pride?

സ്വന്തം സ്വാതന്ത്ര്യത്തിൽ ഒരു ദുഷ്പ്രഭുത്വവും, സ്വന്തം ആത്മാഭിമാനത്തിൽ ഒരു ലജ്ജയും ഇല്ലാതെ, സ്വതന്ത്രരും ആത്മാഭിമാനമുള്ളവരുമായ ആളുകളെ എങ്ങിനെയാണ് ഒരു സ്വേച്ഛാധിപതിക്ക് ശാസനം ചെയ്യാനാവുക?

And if it is a care you would cast off, that care has been chosen by you rather than imposed upon you.
നിങ്ങൾ ഒഴിവാക്കിയേക്കാവുന്ന ഒരു ഉത്ക്കണ്ഠ ആണ് അത് എങ്കിൽ, ആ ഉത്ക്കണ്ഠ നിങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ടതല്ല, മറിച്ച്, നിങ്ങൾ സ്വയം തിരഞ്ഞെടുത്തതാണ്.

And if it is a fear you would dispel, the seat of that fear is in your heart and not in the hand of the feared.
നിങ്ങൾ അകറ്റിയേക്കാവുന്ന ഒരു ഭയം ആണ് അത് എങ്കിൽ, ആ പേടിയുടെ ഇരിപ്പിടം നിങ്ങളുടെ ഹൃദയത്തിലാണ്, നിങ്ങൾ ഭയപ്പെടുന്നവന്റെ കൈകളിലല്ല.

Verily all things move within your being in constant half embrace, the desired and the dreaded, the repugnant and the cherished, the pursued and that which you would escape.
നിങ്ങൾ ആഗ്രഹിക്കുന്നതും നിങ്ങൾ ഭയപ്പെടുന്നതും, നിങ്ങൾക്ക് അരോചകമായതും നിങ്ങൾക്ക് അരുമയായതും, നിങ്ങൾ പിന്തുടരുന്നതും നിങ്ങളെ പിന്തുടരുന്നതിൽ നിന്നും നിങ്ങൾ രക്ഷപ്പെടാൻ നോക്കുന്നതും, എല്ലാം വാസ്തവത്തിൽ നിത്യമായി തമ്മിൽ അർദ്ധ ആലിംഗനം ചെയ്തുകൊണ്ട് നിങ്ങളുടെ ഉള്ളിൽ നീങ്ങുന്നവയാണ്.

These things move within you as lights and shadows in pairs that cling.
ഇവയെല്ലാം തമ്മിൽ ഒട്ടിനിൽക്കുന്ന ജോടികളായ പ്രകാശങ്ങളായും നിഴലുകളായും നിങ്ങൾക്കുള്ളിൽ നീങ്ങുന്നു.

And when the shadow fades and is no more, the light that lingers becomes a shadow to another light.
നിഴൽമങ്ങുകയും ഇനിയില്ലാതെയും ആകുമ്പോൾ, പോകാതെ തങ്ങിനിൽക്കുന്ന വെളിച്ചം മറ്റൊരു പ്രകാശത്തിന്റെ നിഴലായി മാറുന്നു.

And thus your freedom when it loses its fetters becomes itself the fetter of a greater freedom.
അങ്ങിനെ നിങ്ങളുടെ സ്വാതന്ത്ര്യത്തിന് അതിന്റെ വിലങ്ങുകൾ നഷ്ടപ്പെടുമ്പോൾ, അത് തന്നെ മറ്റൊരു കൂടുതൽ വലിയ സ്വാതന്ത്ര്യത്തിന്റെ വിലങ്ങായി മാറുന്നു.

യുക്തിവിചാരത്തെക്കുറിച്ചും വികാരത്തെക്കുറിച്ചും

On Reason & Passion

And the priestess spoke again and said:
അന്നേരം ആ പുരോഹിത വീണ്ടും സംസാരിച്ചുകൊണ്ട് പറഞ്ഞു:

"Speak to us of Reason and Passion."
'ഞങ്ങളോട് യുക്തിവിചാരത്തെക്കുറിച്ചും, വികാരത്തെക്കുറിച്ചും സംസാരിക്കൂ.'

And he answered saying:
അപ്പോൾ അയാൾ ഉത്തരം നൽകിക്കൊണ്ട് പറഞ്ഞു:

Your soul is oftentimes a battlefield, upon which your reason and your judgment wage war against passion and your appetite.
നിങ്ങളുടെ വിചാരശക്തിയും നിർണ്ണയകഴിവും, വികാരത്തിനോടും നിങ്ങളുടെ ആസക്തിയോടും പലപ്പോഴും മല്ലിടുന്ന ഒരു പോർക്കളമാണ് നിങ്ങളുടെ ആത്മാവ്.

Would that I could be the peacemaker in your soul, that I might turn the discord and the rivalry of your elements into oneness and melody.
നിങ്ങളുടെ ഘടകാംശങ്ങളിലെ സ്വരഭംഗത്തേയും മാത്സ്യര്യബോധത്തേയും ഒരുമയും സ്വരച്ചേർച്ചയും ആയി മറ്റുന്ന, നിങ്ങളുടെ ആത്മാവിലെ സമാധാനസ്ഥാപകനാകാൻ എനിക്ക് കഴിഞ്ഞിരുന്നെങ്കിൽ.

But how shall I, unless you yourselves be also the peacemakers, nay, the lovers of all your elements?
എന്നാൽ നിങ്ങൾ സ്വന്തമായിത്തന്നെ സമാധാനസ്ഥാപകന്മാർ, അതുമല്ല, നിങ്ങളുടെ സർവ്വ ഘടകാംശങ്ങളെ സ്നേഹിക്കുന്നവന്മാർ ആകുന്നില്ലെങ്കിൽ, ഇത് എനിക്ക് എങ്ങിനെയാകും?

Your reason and your passion are the rudder and the sails of your seafaring soul.
നിങ്ങളുടെ യുക്തിയും നിങ്ങളുടെ വൈകാരികാസക്തിയും നിങ്ങളുടെ കടൽയാത്രക്കാരനായ ആത്മാവിന്റെ ചുക്കാനും കപ്പൽപ്പായയുമാണ്.

If either your sails or your rudder be broken, you can but toss and drift, or else be held at a standstill in mid-seas.
നിങ്ങളുടെ കപ്പൽപ്പായയോ അല്ലെങ്കിൽ നിങ്ങളുടെ ചുക്കാനോ പൊട്ടിപ്പോകുകയാണെങ്കിൽ, നടുക്കടലിൽ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ട് എങ്ങോട്ടെങ്കിലും ഒഴുകിപ്പോകാനോ, അല്ലെങ്കിൽ നിശ്ചലാവസ്ഥയിൽ പെട്ടുപോകാനോ മാത്രമേ നിങ്ങൾക്ക് ആവുള്ളു.

For reason, ruling alone, is a force confining; and passion, unattended, is a flame that burns to its own destruction.
കാരണം, ഏകനായി നിന്ന് ഭരിക്കുന്ന യുക്തി, പരിമിതപ്പെടുത്തുന്ന ഒരു ശക്തിയാണ്; ശ്രദ്ധിക്കാനാളില്ലാത്ത വികാരം സ്വന്തം വിനാശത്തിലേക്ക് കത്തിയെരിയുന്ന ഒരു തീജ്വാലയാണ്.

Therefore let your soul exalt your reason to the height of passion; that it may sing;
അതിനാൽത്തന്നെ, അത് ഗാനാലാപനം നടത്തും എന്നുമാറ്, നിങ്ങളുടെ യുക്തിവിചാരത്തെ നിങ്ങളുടെ വികാരങ്ങളോളം ഉന്നമനപ്പെടുത്താനായി നിങ്ങളുടെ ആത്മാവ് സൗകര്യപ്പെടുത്തട്ടെ;

And let it direct your passion with reason, that your passion may live through its own daily resurrection, and like the phoenix rise above its own ashes.
നിങ്ങളുടെ വികാരങ്ങൾ അവയുടെ ദിനംതോറുമുള്ള ഉയിര്ത്തെഴുന്നേൽപ്പിലൂടെ ജീവിക്കപ്പെടാനും, ഫീനിക്സ് പക്ഷിയെപ്പോലെ സ്വന്തം ചാരത്തിന് മുകളിലായി ഉയരപ്പെടാനും ആയി, നിങ്ങളുടെ വൈകാരിക തീക്ഷ്ണതയുടെ ദിശയെ അത് വിചാരധാരകൊണ്ട് നിയന്ത്രിക്കട്ടെ.

I would have you consider your judgment and your appetite even as you would two loved guests in your house.
നിങ്ങളുടെ വീട്ടിൽ വിരുന്നിനുവന്ന രണ്ട് സ്നേഹിക്കപ്പെടുന്ന വിരുന്നുകാരോടെന്ന പോലെ, നിങ്ങളുടെ ന്യായവിചാരത്തെയും നിങ്ങളുടെ അഭിലാഷങ്ങളേയും നിങ്ങൾ പരിഗണിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു.

Surely you would not honour one guest above the other; for he who is more mindful of one loses the love and the faith of both.
തീർച്ചയായും ഒരു അതിഥിക്ക് മറ്റെയാളെക്കാൾ ഉയർന്ന ശ്രേഷ്ഠപദം നിങ്ങൾ നൽകില്ല; കാരണം, ഒരാൾക്ക് കൂടുതൽ ശ്രദ്ധ നൽകുന്ന ആൾക്ക് രണ്ടുപേരുടേയും സ്നേഹവും വിശ്വാസവും നഷ്ടപ്പെടും.

Among the hills, when you sit in the cool shade of the white poplars, sharing the peace and serenity of distant fields and meadows - then let your heart say in silence, "God rests in reason."

വിദൂരത്തിരിക്കുന്ന പാടങ്ങളുടേയും മേച്ചിൽപ്പുറങ്ങളുടേയും സൈര്യവും പ്രശാന്തതയും പങ്കിട്ടുകൊണ്ട്, കുന്നുകൾക്കിടയിൽ, വെള്ളിലമരങ്ങളുടെ ശീതഛായയിൽ നിങ്ങൾ ഇരിക്കുമ്പോൾ, നിങ്ങളുടെ ഹൃദയം നിശബ്ദതയിൽ ഉരിയാടട്ടെ, 'ഈശ്വരൻ വിചാരശക്തിയിൽ വിശ്രമിക്കുന്നു,' എന്ന്.

And when the storm comes, and the mighty wind shakes the forest, and thunder and lightning proclaim the majesty of the sky, - then let your heart say in awe, "God moves in passion."

കൊടുംകാറ്റ് വന്ന് പരാക്രമശാലിയായ കാറ്റിൽ വനമാകെ ഇളകിമറിയുമ്പോഴും, ഇടിയും മിന്നലും ആകാശത്തിന്റെ പ്രതാപത്തെ വിളിച്ചു പറയുമ്പോഴും, - നിങ്ങളുടെ ഹൃദയം ഭയഭക്തിയാൽ പറയട്ടെ, 'ഈശ്വരൻ വികാരവിക്ഷോഭങ്ങളിൽ നീങ്ങുന്നു,' എന്ന്.

And since you are a breath in God's sphere, and a leaf in God's forest, you too should rest in reason and move in passion.

ഈശ്വരന്റെ ഗോളമണ്ഡലത്തിൽ നിങ്ങൾ ഒരു നിശ്വാസവും, ഈശ്വരന്റെ വനത്തിൽ ഒരു ഇലയും ആണ് എന്നതിനാൽ, നിങ്ങളും വിചാരശക്തിയിൽ വിശ്രമിക്കുകയും, വികാരവിക്ഷോഭങ്ങളിൽ നീങ്ങുകയും ചെയ്യണം.

നൊമ്പരത്തെക്കുറിച്ച്

On Pain

And a woman spoke, saying, "Tell us of Pain."
'ഞങ്ങളോട് വേദനെയക്കുറിച്ച് പറയൂ' എന്ന് പറഞ്ഞുകൊണ്ട് അപ്പോൾ ഒരു സ്ത്രീ സംസാരിച്ചു,

And he said:
അപ്പോൾ അയാൾ പറഞ്ഞു:

Your pain is the breaking of the shell that encloses your understanding.
നിങ്ങളുടെ അറിവിനെ പൊതിഞ്ഞുവെക്കുന്ന കൂടിനെ പൊളിക്കുന്നതിന്റെതാണ്, നിങ്ങളുടെ വേദന.

Even as the stone of the fruit must break, that its heart may stand in the sun, so must you know pain.
കായ്കനിയുടെ ഹൃദയം സൂര്യരശ്മിയിൽ നിൽക്കണമെങ്കിൽ, അതിന്റെ കുരു പൊട്ടണം എന്നുള്ളത് പോലെ, വേദനയും നിങ്ങൾ അറിയണം.

And could you keep your heart in wonder at the daily miracles of your life, your pain would not seem less wondrous than your joy;
നിങ്ങളുടെ ജീവിതത്തിലെ നിത്യ ദിവ്യാത്ഭുതങ്ങളാൽ നിങ്ങളുടെ ഹൃദയത്തെ നിങ്ങൾക്ക് ആശ്ചര്യത്തിൽ നിർത്താനാവുമെങ്കിൽ, നിങ്ങളുടെ നൊമ്പരങ്ങൾ നിങ്ങളുടെ ആനന്ദങ്ങളെക്കാൾ ഒട്ടുംകുറഞ്ഞ വിസ്മയത്വം ഉള്ളതായി തോന്നുകയില്ല;

And you would accept the seasons of your heart, even as you have always accepted the seasons that pass over your fields.
നിങ്ങളുടെ പാടത്തിന് മീതെ നീങ്ങുന്ന കാലഭേദങ്ങൾ നിങ്ങൾ സ്വീകരിക്കുന്നത് പോലെതന്നെ, നിങ്ങളുടെ ഹൃദയത്തിന്റെ ഋതുഭേദങ്ങളെ നിങ്ങൾ അംഗീകരിക്കും.

And you would watch with serenity through the winters of your grief.
നിങ്ങളുടെ നൊമ്പരത്തിന്റെ ശൈത്യകാലത്തിലൂടെ നിങ്ങൾ പ്രശാന്തമായി വീക്ഷിക്കും.

Much of your pain is self-chosen.
നിങ്ങളുടെ സങ്കടങ്ങളിൽ മിക്കതും സ്വയം-തിരഞ്ഞെടുത്തതാണ്.

It is the bitter potion by which the physician within you heals your sick self.
നിങ്ങളുടെ രോഗബാധിതമായ വ്യക്തിത്വത്തെ ചികിത്സിക്കാൻ വൈദ്യൻ നൽകുന്ന തിക്തപാനീയൗഷധമാണ് അത്.

Therefore trust the physician, and drink his remedy in silence and tranquillity:
അതിനാൽ വൈദ്യനെ വിശ്വസിക്കുക, അയാളുടെ പ്രതിവിധി ഔഷധം നിശബ്ദമായും മനഃസ്സമാധാനത്തോടെയും കുടിക്കുക.

For his hand, though heavy and hard, is guided by the tender hand of the Unseen,
കാരണം, അയാളുടെ കരങ്ങൾ, അവ ഘനമേറിയതും, കഠിനവും ആണെങ്കിലും, അദൃശ്യനായവന്റെ മൃദുലകരങ്ങളുടെ മാര്ഗ്ഗനിര്ദ്ദേശപ്രകാരമാണ് ചലിക്കുന്നത്.

And the cup he brings, though it burn your lips, has been fashioned of the clay which the Potter has moistened with His own sacred tears.
അയാൾ കൊണ്ടുവരുന്ന പാനപാത്രം, അത് നിങ്ങളുടെ ചുണ്ടുകളെ പൊള്ളിക്കുമെങ്കിലും, സർവ്വശക്തനായ കുശവൻ അവന്റെ പാവനമായ സ്വന്തം കണ്ണുനീരിനാൽ നനച്ച കളിമണ്ണുകൊണ്ടാണ് രൂപകൽപ്പനചെയ്തിട്ടുള്ളത്.

ആത്മജ്ഞാനത്തെക്കുറിച്ച്

On Self-Knowledge

And a man said, "Speak to us of Self-Knowledge."
അപ്പോൾ ഒരു മനുഷ്യൻ പറഞ്ഞു, 'ഞങ്ങളോട് ആത്മജ്ഞാനത്തെക്കുറിച്ച് സംസാരിക്കൂ.'

And he answered, saying:
അതിന് മറുപടിപറഞ്ഞ്കൊണ്ട്, അയാൾ പറഞ്ഞു:

Your hearts know in silence the secrets of the days and the nights.
പകലുകളുടേയും രാത്രികളുടേയും നിഗൂഢതകൾ നിങ്ങളുടെ ഹൃദയങ്ങൾക്ക് നിശബ്ദമായി അറിവുള്ളതാണ്.

But your ears thirst for the sound of your heart's knowledge.
എന്നിരുന്നാലും, നിങ്ങളുടെ കാതുകൾ നിങ്ങളുടെ ഹൃദയ ജ്ഞാനത്തിന്റെ സ്വരത്തിനായി ദാഹിക്കുന്നു.

You would know in words that which you have always known in thought.
നിങ്ങളുടെ ചിന്തകളിൽ എന്നും നിങ്ങൾക്ക് അറിവുള്ള കാര്യങ്ങൾ നിങ്ങൾക്ക് വാക്കുകളിൽ അറിവ് ലഭിക്കും.

You would touch with your fingers the naked body of your dreams.
നിങ്ങളുടെ വിരലുകളാൽ, നിങ്ങളുടെ സ്വപ്നങ്ങളുടെ നഗ്നമേനികൾ നിങ്ങൾ സ്പർശിക്കും.

And it is well you should.
നിങ്ങൾ അങ്ങിനെചെയ്യണം എന്നുള്ളത് നല്ലതാണ്.

The hidden well-spring of your soul must need rise and run murmuring to the sea;
നിങ്ങളുടെ ആത്മാവിന്റെ മറയ്ക്കപ്പെട്ട ഉറവിടം എഴുന്നേൽക്കണം, എന്നിട്ട് മർമ്മരം പുറപ്പെടുവിച്ചുകൊണ്ട് കടലിലേക്ക് ഓടണം എന്നുള്ളത് ആവശ്യമാണ്;

And the treasure of your infinite depths would be revealed to your eyes.
അപ്പോൾ നിങ്ങളുടെ അനന്തമായ ആഴങ്ങളിലെ നിധികൾ നിങ്ങളുടെ നേത്രങ്ങൾക്ക് വെളിവാക്കപ്പെടും.

But let there be no scales to weigh your unknown treasure;
എന്നാൽ നിങ്ങളുടെ ഗുപ്തനിധിയെ തൂക്കിത്തിട്ടപ്പെടുത്താനായി യാതോരു അളവ്കോലും ഇല്ലാതിരിക്കട്ടെ;

And seek not the depths of your knowledge with staff or sounding line.
നിങ്ങളുടെ ജ്ഞാനത്തിന്റെ ആഴങ്ങൾ കോലുകൊണ്ടോ അല്ലെങ്കിൽ ആഴം അളക്കുന്ന ചരടു കൊണ്ടോ അന്വേഷിക്കാതിരിക്കുക.

For self is a sea boundless and measureless.
കാരണം, അഹം എന്നത് നിസ്സീമമായതും, അളവില്ലാത്തതുമായ ഒരു കടലാണ്.

Say not, "I have found the truth," but rather, "I have found a truth."
പറയരുത്, 'ഞാൻ സത്യത്തെ കണ്ടെത്തിയിട്ടുണ്ട്' എന്ന്, മറിച്ച്, 'ഞാൻ ഒരു സത്യം കണ്ടെത്തിയിട്ടുണ്ട്' എന്ന് പറയുന്നതാണ് ഉചിതം.

Say not, "I have found the path of the soul." Say rather, "I have met the soul walking upon my path."
പറയരുത്, 'ആത്മാവിന്റെ പാത ഞാൻ കണ്ടെത്തിയിട്ടുണ്ട്,' എന്ന്. ഇതിന് പകരം, 'എന്റെ പാതയിൽ നടക്കുന്ന ആത്മാവിനെ ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്,' എന്ന് പറയുക.

For the soul walks upon all paths.
കാരണം, ആത്മാവ് എല്ലാ പാതകളിലും നടക്കാറുണ്ട്.

For self is a sea boundless and measureless.
കാരണം, അഹം എന്നത് നിസ്സീമമായതും, അളവില്ലാത്തതുമായ ഒരു കടലാണ്.

Say not, "I have found the truth," but rather, "I have found a truth."
പറയരുത്, 'ഞാൻ സത്യത്തെ കണ്ടെത്തിയിട്ടുണ്ട്' എന്ന്, മറിച്ച്, 'ഞാൻ ഒരു സത്യം കണ്ടെത്തിയിട്ടുണ്ട്' എന്ന് പറയുന്നതാണ് ഉചിതം.

Say not, "I have found the path of the soul." Say rather, "I have met the soul walking upon my path."
പറയരുത്, 'ആത്മാവിന്റെ പാത ഞാൻ കണ്ടെത്തിയിട്ടുണ്ട്,' എന്ന്. ഇതിന് പകരം, 'എന്റെ പാതയിൽ നടക്കുന്ന ആത്മാവിനെ ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്,' എന്ന് പറയുക.

For the soul walks upon all paths.
കാരണം, ആത്മാവ് എല്ലാ പാതകളിലും നടക്കാറുണ്ട്.

The soul walks not upon a line, neither does it grow like a reed.
ആത്മാവ് ഒരു വരിയിന്മേൽ നടക്കാറില്ല, മാത്രവുമല്ല, ഒരു ഈറ്റപോലെ അത് വളരാറുമില്ല.

The soul unfolds itself, like a lotus of countless petals.

എണ്ണമറ്റ ഇതളുകളുള്ള ഒരു താമര കണക്കെ, ആത്മാവ് സ്വയം വിരിഞ്ഞ് തുറക്കുന്നു.

പഠിപ്പിക്കുന്നതിനെക്കുറിച്ച്

On Teaching

Then said a teacher, "Speak to us of Teaching."
അപ്പോൾ ഒരു അദ്ധ്യാപകൻ പറഞ്ഞു, 'ഞങ്ങളോട് അദ്ധ്യാപനത്തെക്കുറിച്ച് പറയുക.'

And he said:
അപ്പോൾ അയാൾ പറഞ്ഞു:

No man can reveal to you aught but that which already lies half asleep in the dawning of our knowledge.
നിങ്ങളുടെ വിവരത്തിന്റെ ഉദയത്തിൽ അർദ്ധനിദ്രയിൽ കിടന്നുറങ്ങുന്നതല്ലാത്ത യാതൊന്നും യാതോരു മനുഷ്യനും നിങ്ങൾക്ക് വെളിപ്പെടുത്തിത്തരുവാൻ ആവില്ല.

The teacher who walks in the shadow of the temple, among his followers, gives not of his wisdom but rather of his faith and his lovingness.
തന്റെ ശിഷ്യന്മാരോടൊത്ത്, അമ്പലച്ചോലയിൽ നടക്കുന്ന ഗുരുനാഥൻ, അയാളുടെ വിജ്ഞാനമല്ല നൽകുന്നത്, മറിച്ച് അയാളുടെ വിശ്വാസവും അയളുടെ വാത്സല്യവും ആണ് നൽകുന്നത്.

If he is indeed wise he does not bid you enter the house of wisdom, but rather leads you to the threshold of your own mind.
വാസ്തവത്തിൽ അയാൾ അറിവുള്ള ആളാണെങ്കിൽ, വിജ്ഞാന മണ്ഡപത്തിലേക്ക് കയറാൻ നിങ്ങളോട് ആവശ്യപ്പെടില്ല, മറിച്ച് നിങ്ങളുടെ സ്വന്തം മനസ്സിന്റെ അതിർവരമ്പിലേക്ക് നിങ്ങളെ നയിക്കുകയാണ് ചെയ്യുക.

The astronomer may speak to you of his understanding of space, but he cannot give you his understanding.
ജ്യോതിശാസ്ത്രജ്ഞൻ ശൂന്യാകാശത്തെക്കുറിച്ച് അയാൾക്കുള്ള വിവരത്തെക്കുറിച്ച് നിങ്ങളോട് സംസാരിച്ചേക്കാം, എന്നാൽ അയാൾക്കുള്ള അവബോധം നിങ്ങൾക്ക് നൽകാനാകില്ല.

The musician may sing to you of the rhythm which is in all space, but he cannot give you the ear which arrests the rhythm nor the voice that echoes it.
ശൂന്യതയിൽ എല്ലായിടത്തുമുള്ള താളക്രമം ഭാഗവതർ നിങ്ങളെ പാടികേൾപ്പിച്ചേക്കാം, എന്നാൽ ആ താളത്തിനെയോ അല്ലെങ്കിൽ അതിൽ മാറ്റൊലികൊള്ളുന്ന സ്വരത്തെയൊ പിടിച്ചെടുക്കാനാവുന്ന ആ കാതുകൾ നിങ്ങൾക്ക് നൽകാനാവില്ല.

And he who is versed in the science of numbers can tell of the regions of weight and measure, but he cannot conduct you thither.
സംഖ്യാ ശാസ്ത്രത്തിൽ നൈപുണ്യമുള്ള ആൾക്ക് തൂക്കങ്ങളുടേയും അളവുകളുടേയും പ്രദേശത്തെക്കുറിച്ച് നിങ്ങൾക്ക് പറഞ്ഞു താരാനാവും, എന്നാൽ നിങ്ങളെ അവിടേക്ക് കൂട്ടികൊണ്ടുപോകാൻ അയാൾക്ക് ആവില്ല.

For the vision of one man lends not its wings to another man.
കാരണം ഒരു മനുഷ്യന്റെ ഉൾക്കാഴ്ച, മറ്റൊരു മനുഷ്യന് അതിന്റെ ചിറകുകൾ നൽകില്ല.

And even as each one of you stands alone in God's knowledge, so must each one of you be alone in his knowledge of God and in his understanding of the earth.
ഈശ്വരന്റെ അറിവിൽ ഓരോ ആളും ഏകനായി നിൽക്കുന്നു എന്നത് പോലെതന്നെ, നിങ്ങളിൽ ഓരോരുത്തരും തനിക്കുള്ള ഈശ്വരനെക്കുറിച്ചുള്ള അറിവിലും, ഭൂമിയെക്കുറിച്ചുള്ള സൂക്ഷ്മജ്ഞാനത്തിലും തനിച്ചായിരിക്കണം.

സൗഹൃദത്തെക്കുറിച്ച്

On Friendship

And a youth said, "Speak to us of Friendship."
അപ്പോൾ ഒരു യുവാവ് പറഞ്ഞു, 'ഞങ്ങളോട് ചങ്ങാതത്തെപ്പറ്റിപ്പറയൂ.'

And he answered, saying:
അതിന് മറുപടിപറഞ്ഞ്കൊണ്ട്, അയാൾ പറഞ്ഞു:

Your friend is your needs answered.
നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതാണ് നിങ്ങളുടെ സുഹൃത്ത്.

He is your field which you sow with love and reap with thanksgiving.
നിങ്ങൾ സ്നേഹം വിതയ്ക്കുകയും, ഈശ്വരനോട് നന്ദിപറഞ്ഞുകൊണ്ട് കൊയ്തെടുക്കുകയും ചെയ്യുന്ന നിങ്ങളുടെ വിളഭൂമിയാണ് അയാൾ.

And he is your board and your fireside.
അയാൾ നിങ്ങൾക്ക് ഭക്ഷണം-ലഭിക്കുന്ന-വാസസ്ഥലവും നിങ്ങളുടെ അഗ്നിസ്ഥാനവും ആണ്.

For without words, in friendship, all thoughts, all desires, all expectations are born and shared, with joy that is unacclaimed.
കാരണം വാക്കുകൾ ഇല്ലാതെ തന്നെ, സൗഹൃദത്തിൽ, എല്ലാ ചിന്തകളും, എല്ലാ ആഗ്രഹങ്ങളും, എല്ലാ പ്രതീക്ഷകളും, ആർപ്പുവിളിച്ചുള്ള സ്തുതിഘോഷങ്ങളില്ലാതെയുള്ള ആനന്ദത്തിൽ ജനിക്കുകയും പങ്കിടപ്പെടുകയും ചെയ്യപ്പെടുന്നു.

When you part from your friend, you grieve not;
നിങ്ങൾ നിങ്ങളുടെ സുഹൃത്തിൽനിന്നും വിട്ടുപിരിയുമ്പോൾ, നിങ്ങൾ വ്യസനിക്കുന്നില്ല;

For that which you love most in him may be clearer in his absence, as the mountain to the climber is clearer from the plain.
കാരണം, മലകയറുന്ന ആൾക്ക് പർവ്വതം കൂടുതൽ തെളിഞ്ഞുകാണുന്നത് സമതലത്തിൽനിന്നുമാണ് എന്നത് പോലെ, അയാളിൽ നിങ്ങൾ സ്നേഹിക്കുന്നത് കൂടുതൽ തെളിഞ്ഞുകാണപ്പെടുന്നത് അയാളുടെ അസാന്നിദ്ധ്യത്തിലായേക്കാം.

And let there be no purpose in friendship save the deepening of the spirit.
ആത്മസത്തയുടെ ആഴം ഏറ്റുക എന്നല്ലാതെ, ചങ്ങാതത്തിൽ മറ്റ് യാതോരു താൽപ്പര്യവും ഇല്ലാതിരിക്കട്ടെ.

For you come to him with your hunger, and you seek him for peace.
കാരണം നിങ്ങളുടെ വിശപ്പുമായാണ് നിങ്ങൾ അയാളുടെ അടുത്ത് വരുന്നത്, സമാധാനത്തിനായിട്ടാണ് നിങ്ങൾ അയാളെ തേടിയെത്തുന്നത്.

When your friend speaks his mind you fear not the "nay" in your own mind, nor do you withhold the "ay."
നിങ്ങളുടെ ചങ്ങാതി അയാളുടെ മനസ്സിലുള്ളത് പറയുമ്പോൾ, നിങ്ങളുടെ മനസ്സിൽ ഉദിക്കുന്ന, 'ഏയ്, അത് ശരിയല്ല,' എന്നതിനെ നിങ്ങൾ ഭയപ്പെടുന്നില്ല, മാത്രവുമല്ല, നിങ്ങളിൽ ഉദിക്കുന്ന 'ഓ, അത് ശരിയാണ്' എന്നതിനെ നിങ്ങൾ പിടിച്ചുവെക്കുന്നുമില്ല.

And when he is silent your heart ceases not to listen to his heart;
അയാൾ നിശബ്ദനായിരിക്കുമ്പോൾ, നിങ്ങളുടെ ഹൃദയം അയാളുടെ ഹൃദയത്തെ കേൾക്കുന്നത് നിർത്തുന്നുമില്ല;

For without words, in friendship, all thoughts, all desires, all expectations are born and shared, with joy that is unacclaimed.
കാരണം വാക്കുകൾ ഇല്ലാതെ തന്നെ, സൗഹൃദത്തിൽ, എല്ലാ ചിന്തകളും, എല്ലാ ആഗ്രഹങ്ങളും, എല്ലാ പ്രതീക്ഷകളും, ആർപ്പുവിളിച്ചുള്ള സ്തുതിഘോഷങ്ങളില്ലാതെയുള്ള ആനന്ദത്തിൽ ജനിക്കുകയും പങ്കിടപ്പെടുകയും ചെയ്യപ്പെടുന്നു.

When you part from your friend, you grieve not;
നിങ്ങൾ നിങ്ങളുടെ സുഹൃത്തിൽനിന്നും വിട്ടുപിരിയുമ്പോൾ, നിങ്ങൾ വ്യസനിക്കുന്നില്ല;

For that which you love most in him may be clearer in his absence, as the mountain to the climber is clearer from the plain.
കാരണം, മലകയറുന്ന ആൾക്ക് പർവ്വതം കൂടുതൽ തെളിഞ്ഞുകാണുന്നത് സമതലത്തിൽനിന്നുമാണ് എന്നത് പോലെ, അയാളിൽ നിങ്ങൾ സ്നേഹിക്കുന്നത് കൂടുതൽ തെളിഞ്ഞുകാണപ്പെടുന്നത് അയാളുടെ അസാന്നിദ്ധ്യത്തിലായേക്കാം.

And let there be no purpose in friendship save the deepening of the spirit.
ആത്മസത്തയുടെ ആഴം ഏറ്റുക എന്നല്ലാതെ, ചങ്ങാതത്തിൽ മറ്റ് യാതോരു താൽപ്പര്യവും ഇല്ലാതിരിക്കട്ടെ.

For love that seeks aught but the disclosure of its own mystery is not love but a net cast forth: and only the unprofitable is caught.
കാരണം അതിന്റെ സ്വന്തം നിഗൂഢതയുടെ വെളിപ്പെടുത്തൽ അല്ലാതെ മറ്റെന്തെങ്കിലും ഇച്ഛിക്കുന്ന സ്നേഹം, സ്നേഹമല്ല, മറിച്ച് മുന്നിലേക്ക് എറിഞ്ഞ ഒരു വലസഞ്ചി മാത്രമാണ്; അതിൽ നിഷ്പ്രയോജന കാര്യങ്ങൾ മാത്രമേ വന്ന് കുടുങ്ങുള്ളു.

And let your best be for your friend.
നിങ്ങളുടെ ഏറ്റവും ഉത്തമമായത്, നിങ്ങളുടെ ചങ്ങാതിക്കുള്ളതായിക്കൊള്ളട്ടെ.

If he must know the ebb of your tide, let him know its flood also.
നിങ്ങളുടെ പ്രവാഹത്തിന്റെ വേലിയിറക്കം അയാൾ അറിയണമെന്നുണ്ടെങ്കിൽ, അതിന്റെ വേലിയേറ്റവും അയാൾ അറിയട്ടെ.

For what is your friend that you should seek him with hours to kill?
കാരണം, മണിക്കൂറുകളെ കളയാൻ വേണ്ടി നിങ്ങൾ അയാളെ തിരയാനും മാത്രം നിങ്ങളുടെ ചങ്ങാതി എന്താണ്?

Seek him always with hours to live.
മണിക്കൂറുകളെ സജ്ജീവമാക്കാനായി എപ്പോഴും നിങ്ങൾ അയാളെ തിരയുക.

For it is his to fill your need, but not your emptiness.
കാരണം, നിങ്ങളുടെ ആവശ്യതകളെ നിറവേറ്റുക എന്നുള്ളതാണ്, അല്ലാതെ നിങ്ങളിലെ ശൂന്യതകളെ നിറക്കുക എന്നുള്ളതല്ല, അയാൾക്കുള്ളത്.

And in the sweetness of friendship let there be laughter, and sharing of pleasures.
കൂട്ടുകെട്ടിന്റെ മാധുര്യത്തിൽ പൊട്ടിച്ചിരിയും, സുഖങ്ങളുടെ പങ്കിടലും ഉണ്ടാവട്ടെ.

For in the dew of little things the heart finds its morning and is refreshed.
കാരണം, കൊച്ച് കാര്യങ്ങളാലുള്ള മഞ്ഞുതുള്ളികളിൽ, ഹൃദയം അതിന്റെ പുലരി കണ്ടെത്തുന്നു, അങ്ങിനെ ചൈതന്യവത്താകുന്നു.

സംസാരിക്കുന്നതിനെക്കുറിച്ച്

On Talking

And then a scholar said, "Speak of Talking."
അപ്പോൾ ഒരു പണ്ഡിതൻ പറഞ്ഞു, 'സംഭാഷണത്തെക്കുറിച്ച് സംസാരിക്കൂ.'

And he answered, saying:
അയാൾ മറുപടി നൽകിക്കൊണ്ട് പറഞ്ഞു:

You talk when you cease to be at peace with your thoughts;
നിങ്ങളുടെ ചിന്തകളുമായി നിങ്ങൾ ശാന്തതയിൽ അല്ലാതാവുമ്പോൾ നിങ്ങൾ സംസാരിക്കുന്നു;

And when you can no longer dwell in the solitude of your heart you live in your lips, and sound is a diversion and a pastime.
നിങ്ങളുടെ ഹൃദയത്തിന്റെ വിജനതയിൽ നിങ്ങൾക്ക് വസിക്കാനാവാത്തപ്പോൾ, നിങ്ങൾ നിങ്ങളുടെ ചുണ്ടുകളിൽ ജീവിക്കുന്നു, ആ അവസരത്തിൽ ശബ്ദം ഒരു വിനോദവും, ഒരു ഉല്ലാസവും ആവുന്നു.

And in much of your talking, thinking is half murdered.
നിങ്ങളുടെ സംഭാഷണത്തിൽ ഒട്ടുമിക്കതിലും, ചിന്തയെ അർദ്ധ-ഹത്യ ചെയ്യപ്പെടുന്നു.

For thought is a bird of space, that in a cage of words may indeed unfold its wings but cannot fly.
കാരണം മനോവ്യാപാരം എന്നത് ആകാശവ്യാപ്തിയിലെ ഒരു പക്ഷിയാണ്, വാക്കുകളാൽ ഉള്ള ഒരു കൂട്ടിൽവച്ച് ചിറകുകൾ വിരിയിച്ചേക്കാം, എന്നാൽ വാസ്തവത്തിൽ അതിന് പറക്കാനാവില്ല.

There are those among you who seek the talkative through fear of being alone.
ഒറ്റക്ക് ആയിപ്പോകും എന്ന ഭയത്താൽ, അമിതമായി സംസാരിക്കുന്നവരെ തേടുന്നവർ നിങ്ങളിൽ ഉണ്ട്.

The silence of aloneness reveals to their eyes their naked selves and they would escape.
ഏതാന്തതയുടെ നിശബ്ദത അവരുടെ നഗ്നസത്ത അവരുടെ കണ്ണുകൾക്കെവ്വളിവാക്കുന്നു, അതിനാൽത്തന്നെ അവർ രക്ഷപ്പെടാൻ ഉദ്യമിക്കും.

And there are those who talk, and without knowledge or forethought reveal a truth which they themselves do not understand.
സംസാരിക്കുകയും, അറിയാതെയോ അല്ലെങ്കിൽ മുൻകൂട്ടി ചിന്തിക്കാതെയോ, അവർക്ക് പോലും മനസിലാകാത്ത ഒരു മഹാസത്യം വെളിവാക്കുന്നവരും ഉണ്ട്.

And there are those who have the truth within them, but they tell it not in words.
അതേപോലെതന്നെ, നിഗൂഢസത്യം അവരുടെ ഉള്ളിൽ ഉള്ളവരും, എന്നാൽ അത് വാക്കുകളിൽ പറയാത്തവരും ഉണ്ട്.

In the bosom of such as these the spirit dwells in rhythmic silence.
ഇങ്ങിനെയുള്ളവരുടെ മാറിടങ്ങളിൽ, ആത്മചൈതന്യം താളാത്മക നിശബ്ദതയിൽ വസിക്കുന്നു.

When you meet your friend on the roadside or in the market place, let the spirit in you move your lips and direct your tongue.
നിങ്ങൾ നിങ്ങളുടെ സുഹൃത്തിനെ തെരുവോരത്ത്വച്ചോ അല്ലെങ്കിൽ കമ്പോളപ്രദേശത്ത് വച്ചോ കണ്ട്മുട്ടുമ്പോൾ, നിങ്ങളിലെ ആത്മചൈതന്യം നിങ്ങളുടെ ചുണ്ടുകളെ അനക്കുകയും, നിങ്ങളുടെ നാവിന് വഴികാട്ടുകയും ചെയ്യട്ടെ.

Let the voice within your voice speak to the ear of his ear;
നിങ്ങളുടെ വചനത്തിനുള്ളിലുള്ള സ്വരം അയാളുടെ ചെവിക്കുള്ളിലെ കാതിനോട് സംസാരിക്കട്ടെ;

For his soul will keep the truth of your heart as the taste of the wine is remembered
വീഞ്ഞിന്റെ സ്വാദ് ഓർമ്മിക്കപ്പെടുന്നു എന്നത് പോലെ, നിങ്ങളുടെ ഹൃദയത്തിന്റെ നേര് അയാളുടെ ആത്മാവ് സൂക്ഷിച്ചുവെക്കും

When the colour is forgotten and the vessel is no more.
നിറം മറവിയിലാകുകയും പാത്രം ഇല്ലാതായിക്കഴിഞ്ഞിരിക്കുകയും ആവുമ്പോൾ.

സമയത്തിനെക്കുറിച്ച്



On Time

And an astronomer said, "Master, what of Time?"
ഒരു വാനനിരീക്ഷകൻ പറഞ്ഞു, 'ഗുരോ, സമയത്തിനെക്കുറിച്ചോ?'

And he answered:
അപ്പോൾ അയാൾ മറുപടി പറഞ്ഞു:

You would measure time the measureless and the immeasurable.
അളവില്ലാത്തതും, അളക്കാനാകാത്തതുമായ സമയത്തെ നിങ്ങൾ അളക്കും.

You would adjust your conduct and even direct the course of your spirit according to hours and seasons.
മണിക്കൂറുകൾക്കും, ഋതുക്കൾക്കും അനുയോജ്യമായി നിങ്ങൾ നിങ്ങളുടെ പെരുമാറ്റത്തെ ക്രമീകരിക്കുകയും, ചിലപ്പോൾ നിങ്ങളുടെ ആത്മാവിന്റെ ഗതിയെപ്പോലും, നിങ്ങൾ നിയന്ത്രിക്കുകയും ചെയ്യും..

Of time you would make a stream upon whose bank you would sit and watch its flowing.
സമയത്താൽ നിങ്ങൾ ഒരു അരുവിയെ ഉണ്ടാക്കുകയും, അതിന്റെ തീരത്ത് ഇരുന്നുകൊണ്ട് നിങ്ങൾ അതിന്റെ ഒഴുക്കിനെ വീക്ഷിക്കുകയും ചെയ്യും.

Yet the timeless in you is aware of life's timelessness,
എന്നിരുന്നാലും, നിങ്ങളിൽ നിതാന്തമായതിന്, ജീവന്റെ നിതാന്തതയെക്കുറിച്ച് അവബോധം ഉണ്ടെന്ന് മാത്രമല്ല,

And knows that yesterday is but today's memory and tomorrow is today's dream.
ഇന്നലെ എന്നത് ഇന്നിന്റെ ഓർമ്മ മാത്രമെന്നും, നാളെയെന്നത് ഇന്നിന്റെ സ്വപ്നവും ആണ് എന്നും അറിയുന്നു.

And that that which sings and contemplates in you is still dwelling within the bounds of that first moment which scattered the stars into space.
നിങ്ങളിൽ പാടുകയും ചിന്തിക്കുകയും ചെയ്യുന്ന ആ അത്, നക്ഷത്രങ്ങളെ ശൂന്യതയിലേക്ക് ചിതറിച്ച ആ ആദ്യ നിമിഷത്തിന്റെ വരമ്പുകൾക്കുള്ളിൽ ഇന്നും വസിക്കുന്നു എന്നും.

Who among you does not feel that his power to love is boundless?
സ്നേഹിക്കുവാനുള്ള കരുത്ത് പരിമിതികളില്ലാത്തതാണ് എന്ന് നിങ്ങളിൽ ആർക്കാണ് തോന്നാത്തത്?

And yet who does not feel that very love, though boundless, encompassed within the centre of his being, and moving not from love thought to love thought, nor from love deeds to other love deeds?
എന്നിരുന്നാലും, പിരിമിതികളില്ലാത്തതെങ്കിലും, സ്വന്തം സത്തയുടെ മദ്ധ്യബിന്ദുവിൽ വ്യാപിച്ചിരിക്കുകയും, പ്രണയ ചിന്തയിൽനിന്നും പ്രണയചിന്തയിലേക്ക് നീങ്ങാതെയും, പ്രണയകൃത്യത്തിൽ നിന്നും പ്രണയകൃത്യത്തിലേക്ക് നീങ്ങാതെയും ഇരിക്കുകയും ചെയ്യവെ, ആർക്കാണ് ആ സൂചിപ്പിക്കപ്പെട്ട സ്നേഹത്തിന്റെ സ്പർശനഅറിവ് ലഭിക്കാത്തത്?

And is not time even as love is, undivided and placeless?
സ്നേഹം പോലെതന്നെ, സമയവും വിഭജിക്കാനാവാത്തതും, സ്ഥലദേശങ്ങളില്ലത്തതും അല്ലെ?

But if in your thought you must measure time into seasons, let each season encircle all the other seasons,
എന്നാൽ, നിങ്ങളുടെ ചിന്തകളിൽ, കാലഗതിയെ ഋതുക്കളായി നിങ്ങൾക്ക് അളക്കണമെന്നുണ്ടെങ്കിൽ, ഓരോ ഋതുവും മറ്റെല്ലാ ഋറുക്കളേയും വലയം ചെയ്യട്ടെ.

And let today embrace the past with remembrance and the future with longing.
കഴിഞ്ഞകാലങ്ങളെ സ്മരണകളാലും, വരുംകാലങ്ങളെ അഭിലാഷങ്ങളാലും, ഇന്ന് എന്ന ദിവസം ആലിംഗനം ചെയ്യട്ടെ.

ഉത്തമമായതിനെക്കുറിച്ചു, ദുഷ്ടമായതിനെക്കുറിച്ചും

On Good & Evil

And one of the elders of the city said, "Speak to us of Good and Evil."
അപ്പോൾ നഗരത്തിലെ വയോധികരിൽ ഒരാൾ പറഞ്ഞു, 'ഞങ്ങളോട് നല്ലതിനെക്കുറിച്ചും, മോശമായതിനെക്കുറിച്ചും പറയുക.'

And he answered:
അപ്പോൾ അയാൾ മറുപടി നൽകി:

Of the good in you I can speak, but not of the evil.
നിങ്ങളിൽ ഗുണവത്തായതിനെക്കുറിച്ച് എനിക്ക് സംസാരിക്കാൻ ആവും, എന്നാൽ ഹീനകരമായിട്ടുള്ളതിനെക്കിറിച്ച് ആവില്ല.

For what is evil but good tortured by its own hunger and thirst?
കാരണം, നല്ലതിനെ അതിന്റെ സ്വന്തം അത്യാർത്തിയാലും, അത്യഭിലാഷത്താലും പീഢിപ്പിക്കപ്പെടുന്നതല്ലാതെ മറ്റ് എന്താണ് ദുഷ്കർമ്മം?

Verily when good is hungry it seeks food even in dark caves, and when it thirsts, it drinks even of dead waters.
ആർത്തിയേറിയ അവസ്ഥയിൽ നന്മയുള്ളത് ഭോജ്യത്തിനായി ഇരുണ്ട ഗുഹകളിൽ പോലും തേടുന്നു, ആശിക്കുമ്പോൾ അത് നിശ്ചേഷ്ടമായ ജലത്തിൽനിന്നുപോലും ദാഹശമനം നടത്തുന്നു, എന്നത് നേരാണ്.

You are good when you are one with yourself.
നിങ്ങൾ നിങ്ങളോട്തന്നെ ഏകത്വത്തിലിരിക്കുമ്പോൾ നല്ലവനാണ്.

Yet when you are not one with yourself you are not evil.
എന്നിരുന്നാലും, നിങ്ങൾ നിങ്ങളോട്തന്നെ ഐക്യത്തിലിരികാത്തപ്പോൾ, നിങ്ങൾ ദുഷിച്ചവനല്ല.

For a divided house is not a den of thieves; it is only a divided house.
കാരണം വിഭക്തമായ ഒരു വീട് തസ്ക്കരന്മാരുടെ ഗൂഢസങ്കേതമല്ല; അത് ഒരു വിഭക്ത ഭവനം മാത്രമാണ്.

And a ship without rudder may wander aimlessly among perilous isles yet sink not to the bottom.
ചുക്കാനില്ലാത്ത ഒരു കപ്പൽ ആപൽക്കരമായ തുരുത്തുകൾക്കിടയിലൂടെ ലക്ഷ്യമില്ലാതെ അലഞ്ഞുതിരിയും, എന്നാൽ അത് കടലിനടിയിലേക്ക് മുങ്ങില്ല.

You are good when you strive to give of yourself.
നിങ്ങളിൽനിന്നും ഒരു പങ്ക് നൽകാനായി നിങ്ങൾ ഉദ്യമിക്കുമ്പോൾ, നിങ്ങൾ ഉത്തമനാകുന്നു.

Yet you are not evil when you seek gain for yourself.
സ്വന്തമായുള്ള ലാഭത്തിനായി നിങ്ങൾ ഉന്നംവെക്കുമ്പോൾ നിങ്ങൾ ദുഷിച്ച ആളല്ല.

For when you strive for gain you are but a root that clings to the earth and sucks at her breast.
കാരണം, നിങ്ങൾ ലാഭത്തിനായി പരിശ്രമിക്കുമ്പോൾ, നിങ്ങൾ ഭൂമിയോട് അള്ളിപ്പടിച്ച്, മുലപ്പാൽ കുടിക്കാൻ ശ്രമിക്കുന്ന കേവലം ഒരു വേര് മാത്രമാണ്.

Surely the fruit cannot say to the root, "Be like me, ripe and full and ever giving of your abundance."
തീർച്ചയായും, ഒരു കായ്കനിക്ക് വേരിനോട് പറയാനാവില്ല, 'എന്നും നിങ്ങളുടെ സമൃദ്ധിയിൽ നിന്നും നൽകികൊണ്ട്, എന്നെപ്പോലെ പക്വവും പൂർണ്ണവലുപ്പത്തിലും ആകൂ,' എന്ന്.

For to the fruit giving is a need, as receiving is a need to the root.
കാരണം, പഴത്തിന്, “നൽകുക’ എന്നത് ഒരു ആവശ്യകതയാണ്, ‘വേരിന് ‘സ്വീകരിക്കുക’യെന്നത് ഒരു ആവശ്യകതയാണ്, എന്നത് പോലെ.

You are good when you are fully awake in your speech,
നിങ്ങളുടെ സംഭാഷണത്തിൽ നിങ്ങൾ പൂർണ്ണമായും
ഉണർന്നിരിക്കുകയാണെങ്കിൽ, നിങ്ങൾ നല്ല ആളാണ്,

Yet you are not evil when you sleep while your tongue staggers without purpose.
എന്നിരുന്നാലും, നിങ്ങളുടെ നാവ് യാതോരു ഉദ്ദേശ്യവുമില്ലാതെ ഉഴറി ചാഞ്ചാടുമ്പോൾ നിങ്ങൾ ഉറങ്ങുന്നു എങ്കിലും, നിങ്ങൾ ദുഷ്ടമനസ്സുള്ള ആളല്ല.

And even stumbling speech may strengthen a weak tongue.
ഇടറുന്ന സംഭാഷണം പോലും, ഒരു ബലഹീനമായ നാവിനെ ബലപ്പെടുത്തിയേക്കാം.

You are good when you walk to your goal firmly and with bold steps.
ഉറച്ച നിലപാടോടും, നിര്ഭയമായ കാല്വെപ്പോടുംകൂടി നിങ്ങളുടെ ലക്ഷ്യത്തിലേക്ക് നിങ്ങൾ നടക്കുമ്പോൾ, നിങ്ങൾ ഉത്തമഗുണമുള്ള ആളാണ്.

Yet you are not evil when you go thither limping.
എന്നാൽ, അതേ പ്രദേശത്തേക്ക് നിങ്ങൾ മുടന്തിക്കൊണ്ട് നീങ്ങിയാലും, നിങ്ങൾ ഹീനനല്ല.

Even those who limp go not backward.
മുടന്തിക്കൊണ്ട് നടക്കുന്നവരും പോകുന്നത് പിന്നിലോട്ടല്ല.

But you who are strong and swift, see that you do not limp before the lame, deeming it kindness.
എന്നാൽ ശക്തനും വേഗതയും ഉള്ള നിങ്ങൾ, അത് ദയാലുത്വമാകുമെന്ന് കരുതി, മുടന്തന് മുന്നിൽ മുടന്തരുത്.

You are good in countless ways, and you are not evil when you are not good,
നിങ്ങൾ എണ്ണമറ്റ രീതിയിൽ നല്ല ആളാണ്, മാത്രവുമല്ല, നിങ്ങൾ നല്ല ആളല്ലാതിരിക്കുമ്പോഴും നിങ്ങൾ ദുഷ്ടനല്ല,

You are only loitering and sluggard.
നിങ്ങൾ അലഞ്ഞുതിരിയുന്നവനും മടിയനും മാത്രമാണ്.

Pity that the stags cannot teach swiftness to the turtles.
വെള്ളാമകൾക്ക് ശീഘ്രത പഠിപ്പിച്ചുകൊടുക്കാൻ കലമാനുകൾക്ക് കഴിയില്ലാ എന്നുള്ളത് ഒരു ഖേതകരമായ വസ്തുതതന്നെ.

In your longing for your giant self lies your goodness: and that longing is in all of you.
നിങ്ങളുടെ അതികായൻ ആത്മസത്തയോടുള്ള നിങ്ങളുടെ അതികാംക്ഷയിൽ നിങ്ങളിലെ നന്മ ശയിക്കുന്നു: ആ അതിയായ ആശ നിങ്ങളിൽ എല്ലായിടത്തുമുണ്ട്.

But in some of you that longing is a torrent rushing with might to the sea, carrying the secrets of the hillsides and the songs of the forest.
എന്നാൽ നിങ്ങളിൽ ചിലരിൽ ആ ആശ, കുന്നിൻ ചരിവുകളിലെ നിഗൂഢതകളും

കാനനപ്രദേശങ്ങളിലെ ഗീതങ്ങളും വഹിച്ചുകൊണ്ട് കടലിലേക്ക് ശക്തിയായി കുതിച്ച് പായുന്ന മലവെള്ള പ്രവാഹമാണ്.

And in others it is a flat stream that loses itself in angles and bends and lingers before it reaches the shore.

എന്നാൽ മറ്റ് ചിലരിൽ, കരയിലേക്ക് എത്തിച്ചേരുന്നതിന് മുൻപായി കുറച്ച് നേരം തങ്ങിനിൽക്കുന്ന, കോണുകളിലും, വളവുകളിലും സ്വയം നഷ്ടപ്പെടുന്ന നിരപ്പായി ഒഴുകുന്ന ഒരു അരുവിയാണ് അത്.

But let not him who longs much say to him who longs little, "Wherefore are you slow and halting?"

എന്നാൽ, വളരെ അധികത്തിനായി ആശയുള്ള ആൾ, കുറച്ച് മാത്രം ആഗ്രഹിക്കുന്ന ആളിനോട് പറയാതിരിക്കട്ടെ, 'എന്തുകൊണ്ടാണ് നിങ്ങൾ പതുക്കെപ്പതുക്കയും, മടിച്ചും നീങ്ങുന്നത്?' എന്ന്.

For the truly good ask not the naked, "Where is your garment?" nor the houseless, "What has befallen your house?"

കാരണം, സത്യമായും വിശുദ്ധിയുള്ള ആൾ നഗ്നനായ ആളോട്, 'നിങ്ങളുടെ ഉടയാട എവിടെ?' എന്നോ, വീടില്ലാത്ത ആളോട്, 'നിങ്ങളുടെ ഭവനത്തിന് എന്താണ് സംഭവിച്ചിട്ടുള്ളത്?' എന്നോ ചോദിക്കില്ല.

പ്രാർത്ഥനയെക്കുറിച്ച്

Faith
Hope
Love

On Prayer

Then a priestess said, "Speak to us of Prayer."
അപ്പോൾ ഒരു പുരോഹിത പറഞ്ഞു, 'ഞങ്ങളോട് പ്രാർത്ഥനയെക്കുറിച്ച് പറയുക.'

And he answered, saying:
അയാൾ അതിന് മറുപടി നൽകിക്കൊണ്ട്, പറഞ്ഞു:

You pray in your distress and in your need; would that you might pray also in the fullness of your joy and in your days of abundance.
നിങ്ങളുടെ വിപത്തിലും, നിങ്ങളുടെ ആവശ്യാവസ്ഥയിലും, നിങ്ങൾ പ്രാർത്ഥിക്കുന്നു; നിങ്ങളുടെ പൂർണ്ണമായുള്ള ആനന്ദാവസ്ഥയിലും നിങ്ങളുടെ സമൃദ്ധിയുടെ ദിനങ്ങളിലും നിങ്ങൾ പ്രാർത്ഥിക്കുമാറാകേണം.

For what is prayer but the expansion of yourself into the living ether?
കാരണം, നിങ്ങളുടെ ആത്മസത്ത സൂക്ഷ്മാകാശത്തിലേക്ക് വ്യാപിക്കുന്നു എന്നതല്ലാതെ, പ്രാർത്ഥനയെന്നത് മറ്റെന്താണ്?

For what is prayer but the expansion of yourself into the living ether?
കാരണം, നിങ്ങളുടെ ആത്മസത്ത സൂക്ഷ്മാകാശത്തിലേക്ക് വ്യാപിക്കുന്നു എന്നതല്ലാതെ, പ്രാർത്ഥനയെന്നത് മറ്റെന്താണ്?

And if it is for your comfort to pour your darkness into space, it is also for your delight to pour forth the dawning of your heart.
ശൂന്യതയിലേക്ക് നിങ്ങളുടെ ഇരുളിനെ ഒഴിക്കുക എന്നുള്ളത് നിങ്ങളുടെ സുഖസൗകര്യത്തിനായാണ് എങ്കിൽ, നിങ്ങളുടെ ഹൃദയത്തിന്റെ ഉദയവും അതുപോലെ മുൻപോട്ടൊഴിക്കുക എന്നതും നിങ്ങളുടെ ആഹ്ളാദത്തിനായാണ്.

And if you cannot but weep when your soul summons you to prayer, she should spur you again and yet again, though weeping, until you shall come laughing.
നിങ്ങളുടെ ആത്മാവ് നിങ്ങളെ പ്രാർത്ഥനയ്ക്കായി വിളിക്കുമ്പോൾ, നിങ്ങൾക്ക് വിലപിക്കാനെ ആവുന്നുള്ളുവെങ്കിൽ, അയാൾ(സ്ത്രീ) വീണ്ടും, എന്നിട്ടും വീണ്ടും ഇതിനായി നിങ്ങളെ പ്രേരിപ്പിക്കേണം, ഒടുവിൽ പൊട്ടിച്ചിരിച്ചുകൊണ്ട് നിങ്ങൾ വരുന്നത് വരെ.

When you pray you rise to meet in the air those who are praying at that very hour, and whom save in prayer you may not meet.
നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, ആ അതേ നേരത്ത് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരും, പ്രാർത്ഥനയിൽ അല്ലാതെ നിങ്ങൾക്ക് കണ്ടുമുട്ടുവാൻ ആവില്ലാത്തവരും ആയവരെ നിങ്ങൾ വായുവിൽ കണ്ടുമുട്ടുവാനായി ഉയരും.

Therefore let your visit to that temple invisible be for naught but ecstasy and sweet communion.
അതിനാൽതന്നെ, ആ ക്ഷേത്രത്തിലേക്കുള്ള നിങ്ങളുടെ അദൃശ്യമായ വിരുന്ന് മറ്റൊന്നിനുമല്ല, മറിച്ച് നിർവൃതിക്കും മാധുര്യമുള്ള ഹൃദയ സംവാദത്തിനും ആവട്ടെ.

For if you should enter the temple for no other purpose than asking you shall not receive.
കാരണം, യാചനയല്ലാതെ മറ്റ് യാതോരു ഉദ്ദേശ്യവുമില്ലാതെയാണ് നിങ്ങൾ ആ കോവിലിലേക്ക് വരുന്നതെങ്കിൽ, നിങ്ങൾക്ക് യാതൊന്നും കൈപ്പറ്റാൻ ആവില്ലതന്നെ.

And if you should enter into it to humble yourself you shall not be lifted:
നിങ്ങളെ സ്വയം എളിമപ്പെടുത്താനാണ് നിങ്ങൾ അവിടെ കയറുന്നതെങ്കിൽ, നിങ്ങളെ ഉയർത്തപ്പെടില്ല:

Or even if you should enter into it to beg for the good of others you shall not be heard.
അതുമല്ല, നിങ്ങൾ മറ്റുള്ളവരുടെ ഗുണത്തിനായി ഇരക്കാനാണ് അവിടെ കയറിവരുന്നതെങ്കിലും, നിങ്ങളുടെ പ്രാർത്ഥന കേള്ക്കപ്പെടില്ല.

It is enough that you enter the temple invisible.
ആ കോവിലിൽ നിങ്ങൾ അദൃശ്യനായി കയറുന്നത് തന്നെ ധാരാളമാണ്.

I cannot teach you how to pray in words.
വാക്കുകളാൾ എങ്ങിനെ പ്രാർത്ഥിക്കണം എന്ന് എനിക്ക് നിങ്ങളെ അഭ്യസിപ്പിക്കാൻ ആവില്ല.

God listens not to your words save when He Himself utters them through your lips.
സ്വന്തം വാക്കുകൾ നിങ്ങളുടെ ചുണ്ടുകളിലൂടെ അവൻ സ്വയം ഉച്ചരിക്കുമ്പോഴല്ലാതെ, ഈശ്വരൻ നിങ്ങളുടെ വാക്കുകൾ ശ്രവിക്കുന്നില്ല,

And I cannot teach you the prayer of the seas and the forests and the mountains.
ആഴിപ്പരപ്പുകളുടേയും, കാനനങ്ങളുടേയും, ഗിരിശൈലങ്ങളുടേയും പ്രാർത്ഥന എനിക്ക് നിങ്ങളെ പഠിപ്പിക്കാനാവില്ല.

Or even if you should enter into it to beg for the good of others you shall not be heard.
അതുമല്ല, നിങ്ങൾ മറ്റുള്ളവരുടെ ഗുണത്തിനായി ഇരക്കാനാണ് അവിടെ കയറിവരുന്നതെങ്കിലും, നിങ്ങളുടെ പ്രാർത്ഥന കേള്ക്കപ്പെടില്ല.

It is enough that you enter the temple invisible.
ആ കോവിലിൽ നിങ്ങൾ അദൃശ്യനായി കയറുന്നത് തന്നെ ധാരാളമാണ്.

I cannot teach you how to pray in words.
വാക്കുകളാൾ എങ്ങിനെ പ്രാർത്ഥിക്കണം എന്ന് എനിക്ക് നിങ്ങളെ അഭ്യസിപ്പിക്കാൻ ആവില്ല.

God listens not to your words save when He Himself utters them through your lips.
സ്വന്തം വാക്കുകൾ നിങ്ങളുടെ ചുണ്ടുകളിലൂടെ അവൻ സ്വയം ഉച്ചരിക്കുമ്പോഴല്ലാതെ, ഈശ്വരൻ നിങ്ങളുടെ വാക്കുകൾ ശ്രവിക്കുന്നില്ല,

And I cannot teach you the prayer of the seas and the forests and the mountains.
ആഴിപ്പരപ്പുകളുടേയും, കാനനങ്ങളുടേയും, ഗിരിശൈലങ്ങളുടേയും പ്രാർത്ഥന എനിക്ക് നിങ്ങളെ പഠിപ്പിക്കാനാവില്ല.

But you who are born of the mountains and the forests and the seas can find their prayer in your heart,
എന്നാൽ പർവ്വതങ്ങളാലും, വനങ്ങളാലും, സമുദ്രങ്ങളാലും പിറന്ന നിങ്ങൾക്ക് അവരുടെ പ്രാർത്ഥന നിങ്ങളുടെ ഹൃദയത്തിൽ കണ്ടെത്താൻ ആവും.

And if you but listen in the stillness of the night you shall hear them saying in silence,
രാത്രിയുടെ നിശ്ചലതയിൽ നിങ്ങൾ ഒന്ന് ശ്രവിച്ചാൽമതി, അവർ നിശബ്ദതയിൽ ഉരിയാടുന്നത് നിങ്ങൾക്ക് കേള്ക്കാം,

"Our God, who art our winged self, it is thy will in us that willeth.
നമ്മുടെ സ്വന്തം ചിറുകവച്ച സത്തായ ഞങ്ങളുടെ ദൈവമെ, ഞങ്ങളിൽ ഉള്ള അങ്ങയുടെ ഇച്ഛയാണ് ഇച്ഛിക്കുന്നത്.

It is thy desire in us that desireth.
ഞങ്ങളിൽ ഉള്ള അങ്ങയുടെ അഭിലാഷമാണ് മോഹിക്കുന്നത്.

It is thy urge in us that would turn our nights, which are thine, into days which are thine also.
ഞങ്ങളിൽ ഉള്ള അങ്ങയുടെ പ്രചോദനം ആണ്, അങ്ങയുടേതായ ഞങ്ങളുടെ രാവുകളെ, അങ്ങയുടെ തന്നെയായ പകലുകളാക്കുന്നത്.

We cannot ask thee for aught, for thou knowest our needs before they are born in us:
ഞങ്ങൾക്ക് എന്തിനെങ്കിലും അപേക്ഷിക്കാനാവില്ല, കാരണം ഞങ്ങളുടെ ആവശ്യകതകൾ ഞങ്ങളിൽ ജനിക്കുന്നതിന് മുൻപായിത്തന്നെ അവ എന്താണ് എന്ന് അങ്ങെയ്ക്ക് അറിവുള്ളതാണ്.

Thou art our need; and in giving us more of thyself thou givest us all."
അങ്ങാണ് ഞങ്ങളുടെ ആവശ്യം; ഏറെയായി അങ്ങയെ ഞങ്ങൾക്ക് നൽകുമ്പോൾ, സകലതും അങ്ങ് ഞങ്ങൾക്ക് നൽകുന്നു.

ഉല്ലാസത്തെക്കുറിച്ച്

On Pleasure

Then a hermit, who visited the city once a year, came forth and said, "Speak to us of Pleasure."

വർഷത്തിൽ ഒരിക്കൽ ആ നഗരം സന്ദർശിച്ചിരുന്ന ഒരു താപസൻ അപ്പോൾ മുന്നോട്ട് വന്ന്കൊണ്ട് പറഞ്ഞു, 'ഞങ്ങളോട് വിഷയസുഖത്തെക്കുറിച്ച് പറയൂ.'

And he answered, saying:

അപ്പോൾ ഇങ്ങിനെ പറഞ്ഞുകൊണ്ട്, അയാൾ അതിന് ഉത്തരം നൽകി:

Pleasure is a freedom song,

സുഖം എന്നുള്ളത് ഒരു വിമോചന ഗീതമാണ്,

But it is not freedom.

എന്നാൽ അത് മോചനമല്ല.

It is the blossoming of your desires,

നിങ്ങളുടെ ആഗ്രഹങ്ങളുടെ പുഷ്പിക്കൽ ആണ് അത്,

But it is not their fruit.

എന്നാൽ അത് അവയുടെ കായ്കനിയല്ല.

It is a depth calling unto a height,
ഒരു ഉയരത്തെ ആഹ്വാനം ചെയ്യുന്ന ഒരു താഴ്മയാണ് അത്,

But it is not the deep nor the high.
എന്നാൽ അത് അഗാധമായതുമല്ല, ഉത്തുംഗമായതുമല്ല.

It is the caged taking wing,
കൂട്ടിൽ അകപ്പെട്ടത് ചിറക്ക് വിരിക്കുന്നതാണ് അത്,

But it is not space encompassed.
എന്നാൽ വലയംചെയ്യപ്പെട്ട വിശാലതയും അല്ല അത്.

Ay, in very truth, pleasure is a freedom-song.
അതെ, പൂർണ്ണമായ സത്യത്തിൽ, സുഖോല്ലാസം ഒരു സ്വാതന്ത്ര്യ-ഗീതം ആണ്.

And I fain would have you sing it with fullness of heart; yet I would not have you lose your hearts in the singing.
നിങ്ങളുടെ ഹൃദയത്തിന്റെ പൂർണ്ണതയിൽ നിങ്ങൾ ഇത് പാടണം എന്ന് ഞാൻ നിർബന്ധിക്കുമായിരുന്നു; എന്നാൽ, ഈ ആലാപനത്തിൽ നിങ്ങൾ മതിമറന്നു പോകണം എന്നു ഞാൻ ആഗ്രഹിക്കില്ല.

Some of your youth seek pleasure as if it were all, and they are judged and rebuked.
നിങ്ങളില്പ്പെട്ട ചില ചെറുപ്പക്കാർ, എല്ലാമായി, അതേയുള്ള എന്ന രീതിയിൽ സുഖോല്ലാസത്തെ തേടുന്നു; അവർ വിലയിരുത്തപ്പെടുകയും, ശാസിക്കപ്പെടുകയും ചെയ്യപ്പെടുന്നു.

I would not judge nor rebuke them. I would have them seek.
ഞാൻ അവരെ മൂല്യനിർണ്ണയം ചെയ്യുകയോ, അവർക്ക് താക്കീത് നൽകുയോ ചെയ്യില്ല. അവർ അന്വേഷിക്കണം എന്നതിനായി ഞാൻ കളമൊരുക്കും.

For they shall find pleasure, but not her alone:
കാരണം അവർ ഉല്ലാസം കണ്ടെത്തും, എന്നാൽ അയാളെ(സ്ത്രീ) മാത്രമല്ല:

Seven are her sisters, and the least of them is more beautiful than pleasure.
അയാൾക്ക്(സ്ത്രീ) സഹോദരിമാർ ഏഴാണ്, അവരിൽ ഏറ്റവും നിസ്സാരമായ ആൾ സുഖോല്ലാസത്തെക്കാൾ സൗന്ദര്യവതിയാണ്.

Have you not heard of the man who was digging in the earth for roots and found a treasure?
മണ്ണിൽ വേരുകൾക്കായി കുഴിക്കുകയും ഒരു നിധികണ്ടെത്തുകയും ചെയ്ത ആളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടില്ലെ?

And some of your elders remember pleasures with regret like wrongs committed in drunkenness.
നിങ്ങളിൽ ചില വയോവൃദ്ധർ സുഖസൗകര്യങ്ങളെ മദ്യാസക്തിയിൽ ചെയ്തുപോയ തെറ്റുകൾകണക്കെയൊണ് പശ്ചാതാപത്തോടെ ഓര്ക്കുന്നത്.

But regret is the beclouding of the mind and not its chastisement.
എന്നാൽ പശ്ചാത്താപം എന്നുള്ളത് മനസ്സിനെകലക്കിമറിക്കൽ മാത്രമാണ്, അതിന്റെ ശിക്ഷിക്കലല്ല.

They should remember their pleasures with gratitude, as they would the harvest of a summer.
വേനൽ ചൂടിൽ ലഭിച്ച ഒരു വിളവെടുപ്പ് എന്ന പോലെ, അവരുടെ സുഖാനുഭവങ്ങളെ കൃതജ്ഞതയോടെ അവർ ഓർമ്മിക്കേണ്ടതാണ്.

Yet if it comforts them to regret, let them be comforted.
എന്നാൽ, പശ്ചാത്തപിക്കലിൽ അവർ മനസ്സുഖം ആസ്വദിക്കുന്നുവെങ്കിൽ, അവർ ആവിധം ആശ്വസിക്കട്ടെ.

And there are among you those who are neither young to seek nor old to remember;
അന്വേഷിക്കാൻമാത്രം ഇളം പ്രായമല്ലാത്തവരും, ഓർമ്മിക്കുവാന്മാത്രം പ്രായം ഇല്ലാത്തവരും ആയവർ നിങ്ങളിൽ ഉണ്ട്;

And in their fear of seeking and remembering they shun all pleasures, lest they neglect the spirit or offend against it.
ആത്മസത്തയെ അനാദരിക്കുകയോ, അല്ലെങ്കിൽ അതിനോട് അപരാധം ചെയ്യുമെന്നോ ഭയന്ന്, അന്വേഷിക്കാനും ഓർമ്മിക്കാനും ഉള്ള പേടിയാൽ, അവർ എല്ലാതരം സുഖാവസ്ഥകളെയും ഒഴിവാക്കുന്നു.

But even in their foregoing is their pleasure.
എന്നാൽ അവരുടെ സുഖാവസ്ഥകളുടെ ഒഴിവാക്കലിലും അവർ ഉല്ലസിക്കുന്നു.

And thus they too find a treasure though they dig for roots with quivering hands.
അവർ വേരുകൾക്കായി വിറക്കുന്ന കരങ്ങളാൽ കുഴിക്കുന്നുവെങ്കിലും, അവരും അങ്ങിനെ ഒരു നിധി കണ്ടെത്തുന്നു.

But tell me, who is he that can offend the spirit?
എന്നാൽ എന്നോട് പറയൂ, ആത്മാവിനെ ദ്രോഹിച്ചലട്ടാൻ ആവുന്നവ ആൾ ആരാണ്?

Shall the nightingale offend the stillness of the night, or the firefly the stars?
നിശയുടെ അനക്കമില്ലായ്മയെ രാപ്പാടിക്കുയിലും, താരങ്ങളെ മിന്നാമിനുങ്ങും ദ്രോഹിച്ചലട്ടുമോ?

And shall your flame or your smoke burden the wind?
നിങ്ങളുടെ തീജ്വാല അല്ലെങ്കിൽ നിങ്ങളുടെ പുക കാറ്റിന് ക്ലേശഭാരം നൽകുമോ?

Think you the spirit is a still pool which you can trouble with a staff?
ഒരു കമ്പ് ഉപയോഗിച്ച് ഇളക്കിമറിക്കാനാവുന്ന ഒരു നിശ്ചല ജലാശയമാണ് ആത്മാവ് എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

Oftentimes in denying yourself pleasure you do but store the desire in the recesses of your being.
പലപ്പോഴും വിഷയസുഖം നിങ്ങൾക്കുതന്നെ നിഷേധിക്കുമ്പോൾ, നിങ്ങൾ ആകെ ചെയ്യുന്നത് മോഹങ്ങളെ നിങ്ങളുടെ അസ്തിത്വത്തിന്റെ ഗോപ്യപ്രദേശങ്ങളിൽ സംഭരിച്ചുവെക്കുകമാത്രമാണ്.

Who knows but that which seems omitted today, waits for tomorrow?
ഉപേക്ഷിക്കപ്പെട്ടവയായി ഇന്ന് തോന്നുന്നവ, നാളെയ്ക്കായ് കാത്തിരിക്കുകമാത്രമാണ് ചെയ്യുന്നത് എന്ന് ആർക്ക് അറിയാം?

Even your body knows its heritage and its rightful need and will not be deceived. And your body is the harp of your soul,
നിങ്ങളുടെ ശരീരത്തിന് പോലും, അതിന്റെ പൈതൃകവും, അതിന്റെ ന്യായമായുള്ള ആവശ്യകതകളും അറിയാം, അത് കബളിപ്പിക്കപ്പെടില്ല. മാത്രവുമല്ല, നിങ്ങളുടെ ശരീരം നിങ്ങളുടെ ആത്മാവിന്റെ സാരംഗിയാണ്,

And it is yours to bring forth sweet music from it or confused sounds.
അതിൽനിന്നും മധുര സംഗീതമോ അല്ലെങ്കിൽ കുഴഞ്ഞ ശബ്ദങ്ങളോ ഏതാണ് പുറത്ത് കൊണ്ടുവരേണ്ടത് എന്നുള്ളത് നിങ്ങളുടെ തീരുമാനമാണ്.

And now you ask in your heart, "How shall we distinguish that which is good in pleasure from that which is not good?"
ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിനുള്ളിൽ നിങ്ങൾ ചോദിക്കും, 'ആനന്ദാനുഭവത്തിൽ, ഏതാണ് നല്ലത് എന്നത് നല്ലതല്ലാത്തതിൽനിന്നും നാം എങ്ങിനെയാണ് തിരിച്ചറിയുക?'

Go to your fields and your gardens, and you shall learn that it is the pleasure of the bee to gather honey of the flower,
നിങ്ങളുടെ വയലുകളിലേക്കും നിങ്ങളുടെ പൂങ്കാവനങ്ങളിലേക്കും പോകുക, അവിടെനിന്നും നിങ്ങൾക്ക് അറിയാനാകും, പൂക്കളിൽനിന്നും തേൻ ശേഖരിക്കുക എന്നുള്ളത് തേനീച്ചയുടെ ആനന്ദാനുഭവമാണ് എന്ന്,

But it is also the pleasure of the flower to yield its honey to the bee.
അതേ സമയം, തേനീച്ചക്ക് അതിന്റെ മധുനുകരാൻ കൊടുക്കുക എന്നുള്ളത് പൂവിന്റേയും ആനന്ദാനുഭവം ആണ്.

For to the bee a flower is a fountain of life,
കാരണം, തേനീച്ചക്ക് ഒരു പുഷ്പം ജീവന്റെ നീർഉറവിടമാണ്.

And to the flower a bee is a messenger of love,
പൂച്ചെടിക്കാവട്ടെ, ഒരു തേനീച്ച ഒരു പ്രേമ സന്ദേശവാഹകനാണ്.

And to both, bee and flower, the giving and the receiving of pleasure is a need and an ecstasy.
ആ രണ്ട് പേർക്കും, തേനീച്ചക്കും പൂച്ചെടിക്കും, ആ സുഖാനുഭവത്തിന്റെ നൽകലും, സ്വീകരിക്കലും ഒരു ആവശ്യകതയും ഒരു നിർവൃതിയും ആണ്.

People of Orphalese, be in your pleasures like the flowers and the bees.
ഓർഫാലീസിലെ ജനങ്ങളെ, നിങ്ങളുടെ സുഖോല്ലാസത്തിൽ, പൂച്ചെടികളെയും തേനീച്ചകളേയും പോലെ ആകുക.

സൗന്ദര്യത്തെക്കുറിച്ച്

On Beauty

And a poet said, "Speak to us of Beauty."
എന്നിട്ട് ഒരു കവിഭാവനയുള്ള ആൾ പറഞ്ഞു, 'ഞങ്ങളോട് സൗന്ദര്യത്തെക്കുറിച്ച് സംസാരിക്കൂ.'

Where shall you seek beauty, and how shall you find her unless she herself be your way and your guide?
സൗന്ദര്യത്തെ നിങ്ങൾ എവിടെയാണ് തേടുക, അയാൾ(സ്ത്രീ) സ്വയം നിങ്ങളുടെ വഴിയും നിങ്ങളുടെ വഴികാട്ടിയും ആവുന്നില്ലായെങ്കിൽ നിങ്ങൾ അയാളെ(സ്ത്രീ) എങ്ങിനെയാണ് കണ്ടെത്തുക?

And how shall you speak of her except she be the weaver of your speech?
അയാൾ(സ്ത്രീ) നിങ്ങളുടെ വാക്കുകളുടെ നെയ്ത്തുകാരി ആവാതെ, അയാളെ(സ്ത്രീ)ക്കുറിച്ച് നിങ്ങൾ എങ്ങിനെ സംസാരിക്കും?

The aggrieved and the injured say, "Beauty is kind and gentle.
നൊമ്പരപ്പെടുന്നവരും, മുറിവേറ്റവരും പറയും, 'സൗന്ദര്യം ദയാലുവും മൃദുലവും അണ്.

Like a young mother half-shy of her own glory she walks among us."
സ്വന്തം തേജസിനാൽ അർദ്ധ-സങ്കോചമുള്ള ഒരു ചെറുപ്രായക്കാരിയായ അമ്മയെപ്പോലെ, അയാൾ(സ്ത്രീ) നമ്മുടെ ഇടയിൽ നടക്കുന്നു.'

And the passionate say, "Nay, beauty is a thing of might and dread.
തീവ്രവികാരാധീനനായ ആൾ പറയും, 'ഇല്ല, സൗന്ദര്യം ബലവും ഭയാനകതയും ഉള്ള ഒരു വസ്തുവാണ്.

Like the tempest she shakes the earth beneath us and the sky above us."
കൊടുങ്കാറ്റ് കണക്കെ അയാൾ(സ്ത്രീ) നമുക്ക് കീഴിൽ ഉള്ള ഭൂമിയേയും, നമുക്ക് മുകളിലുള്ള ആകാശത്തേയും പിടിച്ച്കുലുക്കുന്നു.'

The tired and the weary say, "beauty is of soft whisperings. She speaks in our spirit.
ക്ഷീണിതരും മനസ്സുതളർന്നവരും പറയും, 'സൗന്ദര്യം മൃദുലമായ അടക്കം പറച്ചിലുകൾ ഉള്ളതാണ്. അയാൾ(സ്ത്രീ) നമ്മുടെ ആത്മസത്തയിൽ സംസാരിക്കുന്നു.'

Her voice yields to our silences like a faint light that quivers in fear of the shadow."
നിഴലുകളെ ഭയന്ന് വിറക്കുന്ന ഒരു മങ്ങിയെ വെളിച്ചംകണക്കെ, അയാളുടെ(സ്ത്രീ) സ്വരം നമ്മുടെ നിശബ്ദതകൾക്ക് കീഴടങ്ങുന്നു.'

But the restless say, "We have heard her shouting among the mountains,
എന്നാൽ, അക്ഷമരായവർ പറയുന്നു, 'പർവ്വതങ്ങൾക്കിടയിൽനിന്നും അയാൾ(സ്ത്രീ) ഒച്ചത്തിൽ ആർപ്പുവിളിക്കുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്,

And with her cries came the sound of hoofs, and the beating of wings and the roaring of lions."
അയാളുടെ(സ്ത്രീ) ആർപ്പുവിളികളോടൊപ്പം, കുളമ്പടിനാദവും, ചിറകടി ശബ്ദവും, സിംഹങ്ങളുടെ ഗർജ്ജനവും വന്നു.'

At night the watchmen of the city say, "Beauty shall rise with the dawn from the east."
നിശാനേരത്ത് നഗര കാവൽക്കാർ പറയുന്നു, 'സൗന്ദര്യം ഉദയത്തോടുകൂടി, കിഴക്ക് നിന്നും ഉദിക്കും.'

And at noontide the toilers and the wayfarers say, "we have seen her leaning over the earth from the windows of the sunset."
മദ്ധ്യാഹ്നനേരത്ത് അദ്ധ്വാനിക്കുന്നവരും, വഴിപോക്കരും പറയും, 'സൂര്യാസ്തമയത്തിന്റെ ജാലകങ്ങളിലൂടെ അയാൾ(സ്ത്രീ) ഭൂമിക്ക് മീതെ ചാഞ്ഞുനിൽക്കുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്.'

In winter say the snow-bound, "She shall come with the spring leaping upon the hills."
തണുപ്പുകാലത്ത് കടുത്ത മഞ്ഞ് തേടിപ്പോകുന്നവർ പറയും, 'വസന്തത്തിൽ കുന്നിൻപുറങ്ങളിൽ തുള്ളിചാടിക്കൊണ്ട് അയാൾ(സ്ത്രീ) വരും.'

And in the summer heat the reapers say, "We have seen her dancing with the autumn leaves, and we saw a drift of snow in her hair."
വേനൽചൂടിൽ, കൊയ്ത്തുകാർ പറയും, 'ശരത്കാല ഇലകളോടൊപ്പം അയാൾ(സ്ത്രീ) നൃത്തംചെയ്യുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്, അയാളുടെ(സ്ത്രീ) മുടിയിൽ മഞ്ഞിന്റെ ഒരുകൊച്ചൊഴുക്കും ഞങ്ങൾ കണ്ടിട്ടുണ്ട്.'

All these things have you said of beauty.
സൗന്ദര്യത്തെക്കുറിച്ച് നിങ്ങൾ ഈ കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്.

All these things have you said of beauty.
സൗന്ദര്യത്തെക്കുറിച്ച് നിങ്ങൾ ഈ കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്.

Yet in truth you spoke not of her but of needs unsatisfied,
എന്നിരുന്നാലും, നിറവേറ്റപ്പെടാത്ത ആവശ്യകതകളെക്കുറിച്ചല്ലാതെ, നിങ്ങൾ അയാളെ(സ്ത്രീ)ക്കുറിച്ച് പറഞ്ഞില്ല,

And beauty is not a need but an ecstasy.
എന്നാൽ സൗന്ദര്യം എന്നത് ഒരു ആവശ്യകതയല്ല, മറിച്ച് ഒരു നിർവൃതിയാണ്.

It is not a mouth thirsting nor an empty hand stretched forth,
ദാഹിക്കുന്ന ഒരു വായയോ, അല്ലെങ്കിൽ മുന്നിലേക്ക് നീട്ടിയ ഒരു ഒഴിഞ്ഞ കൈയോ അല്ല,

But rather a heart enflamed and a soul enchanted.
മറിച്ച്, ജ്വലിക്കുന്ന ഒരു ഹൃദയവും, വശീകൃതമായ ഒരു ആത്മാവും ആണ് അത്.

It is not the image you would see nor the song you would hear,
നിങ്ങൾ കാണാൻ തയ്യാറുള്ള ചിത്രവുമല്ല, നിങ്ങൾ കേൾക്കാൻ തയ്യാറുള്ള പാട്ടുമല്ല അത്.

But rather an image you see though you close your eyes and a song you hear though you shut your ears.
നിങ്ങളുടെ നേത്രങ്ങൾ അടച്ചുവച്ചാലും, നിങ്ങൾ കാണുന്ന ഒരു ചിത്രവും നിങ്ങളുടെ കാതുകൾ മൂടിവെച്ചാലും, നിങ്ങൾ കേൾക്കുന്ന ഒരു ഗീതവും ആണ് അത്.

It is not the sap within the furrowed bark, nor a wing attached to a claw,
ചുളിവുവീണ മരത്തൊലിക്കുള്ളിലെ കറയുമല്ല, മാംസഭുക്കുകളായ ജീവികളുടെ കാല്നഖത്തിനോട് ഒട്ടിച്ചുവച്ചിട്ടുള്ള ഒരു ചിറകുമല്ല അത്,

But rather a garden for ever in bloom and a flock of angels for ever in flight.
മറിച്ച്, എന്നുമെന്നും പൂവണിഞ്ഞിരിക്കുന്ന ഒരു പൂന്തോട്ടവും, എന്നുമെന്നും പറന്നുകൊണ്ടിരിക്കുന്ന ഒരു സംഘം മാലാഖമാരും ആണ് അത്.

People of Orphalese, beauty is life when life unveils her holy face.
ഓർഫാലീസിലെ ജനങ്ങളെ, ജീവിതം അയാളുടെ(സ്ത്രീ) ദിവ്യമുഖം മുഖംമൂടി അനാവരണം ചെയ്യുമ്പോൾ, സൗന്ദര്യം ആണ് ജീവിതം.

But you are life and you are the veil.
എന്നാൽ നിങ്ങളാണ് ജീവിതം, നിങ്ങളാണ് ആ മുഖംമൂടി.

Beauty is eternity gazing at itself in a mirror.
നിത്യത ഒരു കണ്ണാടിയിൽ അതിനെത്തന്നെ നോക്കിക്കാണുന്നതാണ്, സൗന്ദര്യം.

But you are the eternity and you are the mirror.
എന്നാൽ നിങ്ങളാണ് ആ നിത്യത, നിങ്ങളാണ് ആ കണ്ണാടി.

മതത്തെക്കുറിച്ച്



On Religion

And an old priest said, "Speak to us of Religion."
ഒരു വൃദ്ധനായ പുരോഹിതൻ പറഞ്ഞു, 'ഞങ്ങളോട് മതത്തെക്കുറിച്ച് സംസാരിക്കൂ.'

And he said:
അപ്പോൾ അയാൾ പറഞ്ഞു:

Have I spoken this day of aught else?
ഞാൻ ഇന്ന് മറ്റെന്തെങ്കിലും കാര്യത്തെക്കുറിച്ച് സംസാരിച്ചുവോ?

Is not religion all deeds and all reflection,
എല്ലാ ചെയ്തികളും, എല്ലാ ചിന്തകളും ദൈവവിചാരമല്ലെ,

And that which is neither deed nor reflection, but a wonder and a surprise ever springing in the soul, even while the hands hew the stone or tend the loom?
അതോടൊപ്പംതന്നെ യാതോരു ചെയ്തിയോ, ചിന്തയോ അല്ലാത്തതും, എന്നാൽ, കൈകൾ കല്ലുചെത്തുമ്പോളും അല്ലെങ്കിൽ നെയ്ത്തുതറിയെ നിയന്ത്രിക്കുമ്പോളും, എന്നെന്നും ആത്മാവിൽ കുതിച്ച് ചാടുന്ന ഒരു വിസ്മയവും ഒരു ആശ്ചര്യവും അല്ലെ?

Who can separate his faith from his actions, or his belief from his occupations?
ആർക്കാണ് അയാളുടെ പ്രവർത്തികളെ അയാളുടെ ദൈവഭക്തിയിൽനിന്നും, അല്ലെങ്കിൽ അയാളുടെ ആത്മീയവിശ്വാസത്തെ അയാളുടെ ജീവിതവൃത്തിയിൽ നിന്നും വേര്‍പ്പെടുത്താനാകുക?

Who can spread his hours before him, saying, "This for God and this for myself; This for my soul, and this other for my body?"
'ഇത് ദൈവത്തിനാണ്, ഇത് എനിക്കാണ്; ഇത് എന്റെ ആത്മാവിനാണ്, ഈ മറ്റേത് എന്റെ ശരീരത്തിനുള്ളതാണ്,' എന്ന് പറഞ്ഞുകൊണ്ട് ആർക്കാണ് മണിക്കൂറുകളെ മുന്നിൽ വിരിക്കാനാവുക?

All your hours are wings that beat through space from self to self.
നിങ്ങളുടെ എല്ലാ മണിക്കൂറുകളും, ആത്മസത്തയിൽനിന്നും ആത്മസത്തയിലേക്ക് ശൂന്യതയിലൂടെ സ്പന്ദിക്കുന്ന ചിറകുകളാണ്.

He who wears his morality but as his best garment were better naked.
ഒരാൾ അയാളുടെ ഏറ്റവും മുന്തിയ കുപ്പായമായി സ്വന്തം സദാചാര ധർമ്മശാസ്ത്രത്തെ ഉടുക്കുന്നുവെങ്കിൽ, അയാൾ നഗ്നനായിരിക്കുന്നതാണ്കൂടുതൽ നല്ലത്.

The wind and the sun will tear no holes in his skin.
കാറ്റും വെയിലും അയാളുടെ തൊലിയിൽ യാതോരു തുളയും കുത്തിക്കീറില്ല.

And he who defines his conduct by ethics imprisons his song-bird in a cage.
സ്വന്തം പെരുമാറ്റത്തെ സദാചാരസംഹിതകളാൽ നിർവ്വചനം ചെയ്യുന്ന ആൾഅയാളുടെ പാടുന്നകിളിയെ ഒരു കൂട്ടിൽ തടവിലിടുന്നു.

The freest song comes not through bars and wires.
ഏറ്റവും സ്വതന്ത്രമായ ഗീതങ്ങൾ അഴികൾക്കിടയിലൂടെയും കമ്പിവേലികൾക്കിടയിലൂടെയും അല്ല പുറത്ത് വരുന്നത്.

And he to whom worshipping is a window, to open but also to shut, has not yet visited the house of his soul whose windows are open from dawn to dawn.
ആരാധന എന്നത് തുറക്കാനും അതേപോലെതന്നെ അടക്കാനും ആവുന്ന ഒരു ജാലകം ആവുന്ന ആൾ, ഉദയം മുതൽ ഉദയം വരെ തുറന്നുനിൽക്കുന്ന ജാലകങ്ങൾ ഉള്ള തന്റെ ആത്മാവിന്റെ ഭവനം ഇതുവരെയായിട്ടും സന്ദർശിച്ചിട്ടില്ല.

Your daily life is your temple and your religion.
നിങ്ങളുടെ നിത്യജീവിതം നിങ്ങളുടെ കോവിലും മതവിശ്വാസവും ആണ്.

Whenever you enter into it take with you your all.
നിങ്ങൾ എപ്പോഴെല്ലാം അവിടെ പ്രവേശിക്കുമ്പോഴും, നിങ്ങളുടെ സർവ്വതുംകൂടെകൊണ്ടുപോകുക.

Take the plough and the forge and the mallet and the lute, The things you have fashioned in necessity or for delight.
ആവശ്യത്തിനായോ അല്ലെങ്കിൽ ആനന്ദത്തിനായോ നിങ്ങൾ ആകൃതിപ്പെടുത്തിയ സാധനങ്ങൾ, കലപ്പയും പണിയാലയും, കൊട്ടുവടിയും കമ്പിവാദ്യവും കൂടെക്കൊണ്ടുപോകുക.

For in revelry you cannot rise above your achievements nor fall lower than your failures.
കാരണം വിളയാട്ടത്തിൽ നിങ്ങളുടെ നേട്ടങ്ങളെക്കാൾ ഉയരത്തിൽ നിങ്ങൾക്ക് ഉയരാനാകില്ല, നിങ്ങളുടെ പരാജയങ്ങളെക്കാൾ താഴെ താഴാനും ആകില്ല.

And take with you all men:
നിങ്ങളോടൊപ്പം എല്ലാ ആളുകളേയും കൊണ്ടുപോകുക:

For in adoration you cannot fly higher than their hopes nor humble yourself lower than their despair.
കാരണം, ആരാധനാഭാവത്തിൽ, നിങ്ങൾക്ക് അവരുടെ പ്രതീക്ഷകളെക്കാളും ഉയരത്തിൽ പറക്കാനാവില്ല, മാത്രവുമല്ല, അവരുടെ ആശവെടിഞ്ഞ അവസ്ഥയെക്കാളും കീഴോട്ട് നിങ്ങൾക്ക് താഴാനും ആവില്ല.

And if you would know God be not therefore a solver of riddles.
നിങ്ങൾക്ക് ദൈവത്തെ അറിയുമാറാകുമെങ്കിൽ, അതിനാൽത്തന്നെ കടംകഥകൾക്ക് പ്രശ്നോത്തരം കണ്ടെത്തുന്ന ഒരു ആളാവാതിരിക്കുക.

Rather look about you and you shall see Him playing with your children.
ഇതിന് പകരം, നിങ്ങൾക്ക് ചുറ്റും നോക്കുക, അപ്പോൾ നിങ്ങൾക്ക് കാണാനാവും, അവൻ നിങ്ങളുടെ കുട്ടികളോടൊപ്പം കളിപറഞ്ഞിരിക്കുന്നത് കാണാം.

And look into space; you shall see Him walking in the cloud, outstretching His arms in the lightning and descending in rain.
ശൂന്യതയിലേക്ക് നോക്കുക; മിന്നൽ പിണറിൽ കൈകൾ മുന്നിലേക്ക് വിടർത്തിക്കൊണ്ട്, അവൻ മേഘങ്ങളിൽ നടക്കുന്നതും മഴയിൽ താഴോട്ട് വരുന്നതും നിങ്ങൾ കാണും.

You shall see Him smiling in flowers, then rising and waving His hands in trees.
പൂവുകളിൽ അവൻ പുഞ്ചിരിക്കുന്നതും, അതിന്ശേഷം, ഉയരങ്ങളിലേക്ക് പൊങ്ങി മരങ്ങളിൽ കൈകൾ വീശുന്നതും നിങ്ങൾ കാണും.

മരണത്തെക്കുറിച്ച്

On Death

Then Almitra spoke, saying, "We would ask now of Death."
'നാം ഇപ്പോൾ മരണത്തെക്കുറിച്ചു ചോദിക്കും,' എന്ന് പറഞ്ഞ്കൊണ്ട് അപ്പോൾ അൽമിത്ര സംസാരിച്ചു.

And he said:
അയാൾ പറഞ്ഞു:

You would know the secret of death.
മരണത്തിന്റെ നിഗൂഢ രഹസ്യം നിങ്ങൾ അറിയും.

But how shall you find it unless you seek it in the heart of life?
എന്നാൽ ജീവന്റെ ഹൃദയത്തിൽ തിരയാതെ നിങ്ങൾ അത് എങ്ങിനെ കണ്ടെത്തും?

The owl whose night-bound eyes are blind unto the day cannot unveil the mystery of light.
പകലിൽ അന്ധമായിട്ടുള്ള മൂങ്ങയ്ക്ക് പ്രകാശത്തിന്റെ നിഗൂഢതകൾ നിശാവേളക്കായുള്ള നേത്രങ്ങൾക്ക് വെളിപ്പെടുത്തികൊടുക്കാനാവില്ല.

If you would indeed behold the spirit of death, open your heart wide unto the body of life.
മരണത്തിന്റെ ആത്മാവിനെ വാസ്തവത്തിൽ നിങ്ങൾക്ക് കാണണമെന്നുണ്ടെങ്കിൽ, ജീവന്റെ ശരീരംവരെ നിങ്ങളുടെ ഹൃദയത്തെ വിശാലമായി തുറക്കുക.

For life and death are one, even as the river and the sea are one.
കാരണം ജീവനും മരണവും ഒന്നാണ്, പുഴയും കടലും ഒന്നാണ് എന്നത് പോലെ.

In the depth of your hopes and desires lies your silent knowledge of the beyond;
നിങ്ങളുടെ ആശകളുടേയും ആർത്തികളുടേയും ആഴങ്ങളിൽ, അഗോചരമായ ഇടത്തിനെക്കുറിച്ചുള്ള നിങ്ങളുടെ മൂകജ്ഞാനം സ്ഥിതിചെയ്യുന്നു.

And like seeds dreaming beneath the snow your heart dreams of spring.
മഞ്ഞുകട്ടകൾക്കടിയിൽ നിന്നും വിത്തുകൾ സ്വപ്നം കാണുന്നു എന്നത് പോലെ, നിങ്ങളുടെ ഹൃദയം വസന്തകാലത്തെക്കുറിച്ച് കിനാവ് കാണുന്നു.

Trust the dreams, for in them is hidden the gate to eternity.
ആ സ്വപ്നങ്ങളെ വിശ്വസിക്കുക, കാരണം അവയിലാണ് അനന്തതയിലേക്കുള്ള കവാടം ഒളിഞ്ഞിരിപ്പുള്ളത്.

Your fear of death is but the trembling of the shepherd when he stands before the king whose hand is to be laid upon him in honour.
മരണത്തോടുള്ള നിങ്ങളുടെ ഭയം, രാജാവ് തന്നെ ആദരിച്ച്കൊണ്ട് തന്റെമേൽ കൈകൊണ്ട് സ്പർശിക്കാനായി, രാജാവിന്റെ മുന്നിൽ നിൽക്കുന്ന ആട്ടിടയന്റെ വിറയല്മാത്രമാണ്.

Is the sheered not joyful beneath his trembling, that he shall wear the mark of the king?
വിറയലിന്ന് കീഴെ വാസ്തവത്തിൽ ഈ ആട്ടിടയൻ ആനന്ദിക്കുന്നില്ലെ, രാജാവ് നൽകുന്ന അടയാളം അയാൾ ധരിക്കാൻ പോകുകയാണ് എന്നതിൽ?

Yet is he not more mindful of his trembling?
എന്നിരുന്നാലും, അയാളുടെ വിറയലിനെക്കുറിച്ച് അയാൾ കൂടുതൽ ബോധവാനല്ലെ?

For what is it to die but to stand naked in the wind and to melt into the sun?
കാരണം മരിക്കുക എന്നുള്ളത്, ഇളംകാറ്റിൽ നഗ്നമായി നിന്നുകൊണ്ട് വെയിലിലേക്ക് അലിയുകയെന്നുള്ളതല്ലാതെ മറ്റെന്താണ്?

And what is to cease breathing, but to free the breath from its restless tides, that it may rise and expand and seek God unencumbered?
ശ്വാസം നിലക്കുകയെന്നുള്ളത്, യതോരു ബാധ്യതകളുമില്ലാതെ ഈശ്വരനെ തേടാനായി ശ്വാസം ഉയരുകയും വികസിക്കുകയും ചെയ്യുമാറാകാനായി, അതിന്റെ ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്ന തിരകൾക്കടിയിൽനിന്നും അതിനെ സ്വതന്ത്രമാക്കുകയെന്നുള്ളതല്ലാതെന്താണ്?

Only when you drink from the river of silence shall you indeed sing.
നിശബ്ദതയുടെ പ്രവാഹത്തിൽ നിന്നും നുകര്ന്നാൽ മാത്രമെ വാസ്തവത്തിൽ നിങ്ങൾ ഗാനാലാപനം ചെയ്യുള്ളു.

And when you have reached the mountain top, then you shall begin to climb.
പർവ്വതകൊടുമുടിയിൽ നിങ്ങൾ എത്തിച്ചേര്ന്നാൽ, അപ്പോൾ നിങ്ങൾ കയറാൻ തുടങ്ങും.

And when the earth shall claim your limbs, then shall you truly dance.
മാത്രവുമല്ല, ഭൂമി നിങ്ങളുടെ കൈകാലുകളെ കവരുമ്പോൾ, അഭിനിവേശത്തോടെ നിങ്ങൾ നൃത്തംചെയ്യും.

വിടവാങ്ങൽ

The Farewell

And now it was evening.
ഇപ്പോഴേക്കും വൈകുന്നേരം ആയി.

And Almitra the seeress said, "Blessed be this day and this place and your spirit that has spoken."
ആത്മജ്ഞാനിയായ അൽമിത്ര പറഞ്ഞു, 'ഈ ദിവസവും, ഈ സ്ഥലവും, സംസാരിച്ച അങ്ങയുടെ ആത്മാവും അനുഗ്രഹിക്കപ്പെടട്ടെ.'

And he answered, Was it I who spoke? Was I not also a listener?
അപ്പോൾ അയാൾ മറുപടി നൽകി, സംസാരിച്ചത് ഞാൻ ആണോ? ഞാനും ഒരു ശ്രോതാവായിരുന്നില്ലേ?

Then he descended the steps of the Temple and all the people followed him. And he reached his ship and stood upon the deck.
അപ്പോൾ അയാൾ ആ ആരാധനാലയത്തിന്റെ പടികളിലൂടെ താഴോട്ടിറങ്ങി, എല്ലാ ജനങ്ങളും അയാളെ പിന്തുടർന്നു. അയാൾ അയാളുടെ കപ്പലിൽ എത്തിച്ചേരുകയും, കപ്പലിന്റെ മേൽത്തട്ടിൽ നിൽക്കുകയും ചെയ്തു.

And facing the people again, he raised his voice and said:
വീണ്ടും ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ട്, അയാൾ സ്വന്തം സ്വരം ഉയർത്തി, പറഞ്ഞു:

People of Orphalese, the wind bids me leave you.
ഓർഫാലീസിലെ ജനങ്ങളെ, നിങ്ങളെ വിട്ടുപിരിയാൻ തെന്നൽ എന്നോട് ആവശ്യപ്പെടുന്നു.

Less hasty am I than the wind, yet I must go.
കടൽകാറ്റിന് ഉള്ളതിനേക്കാൾ കുറവാണ് എന്നിലുള്ള ധൃതി, എന്നിരുന്നാലും ഞാൻ പോകേണ്ടിയിരിക്കുന്നു.

We wanderers, ever seeking the lonelier way, begin no day where we have ended another day; and no sunrise finds us where sunset left us.
എന്നും കൂടുതൽ കൂടുതൽ ഏകാന്തമായ പാതകൾ തേടുന്ന അലഞ്ഞുനടക്കുന്നവരായ ഞങ്ങൾ, ഒരു ദിവസത്തെ അവസാനിപ്പിച്ചഇടത്തിലല്ല മറ്റൊരു ദിവസം ആരംഭിക്കുന്നത്; സൂര്യാസ്തമയം ഞങ്ങളെ വിട്ടുപിരിഞ്ഞ ഇടത്തിൽ യാതോരു സൂര്യോദയവും ഞങ്ങളെ കണ്ടെത്തുന്നില്ല.

Even while the earth sleeps we travel. We are the seeds of the tenacious plant, and it is in our ripeness and our fullness of heart that we are given to the wind and are scattered.
ഭൂമി ഉറങ്ങുമ്പോഴും ഞങ്ങൾ യാത്രചെയ്യുന്നു. ദൃഢനിശ്ചയമുള്ള ചെടിയുടെവിത്തുകളാണ് ഞങ്ങൾ, ഞങ്ങളുടെ ഹൃദയത്തിന്റെ പൂർണ്ണതയിലും, പാകതയിലുമാണ് ഞങ്ങൾ കാറ്റിന് നൽകപ്പെടുന്നതും, വിതറപ്പെടുന്നതും.

Brief were my days among you, and briefer still the words I have spoken.
നിങ്ങളുടെ ഇടയിൽ എന്റെ ദിവസങ്ങൾ അൽപകാലംമാത്രമായിരുന്നു.
അതിനേക്കാൾ അൽപ്പമായിരുന്നു ഞാൻ ഉച്ചരിച്ച വാക്കുകൾ.

But should my voice fade in your ears, and my love vanish in your memory, then I will come again,
എന്നാൽ നിങ്ങളുടെ കാതുകളിൽ എന്റെ സ്വരം മങ്ങിപ്പോകുകയും, നിങ്ങളുടെ ഓർമ്മകളിൽ എന്റെ പ്രണയം അപ്രത്യക്ഷമാകുകയും ചെയ്യുമ്പോൾ, അപ്പോൾ ഞാൻ വീണ്ടും വരും.

And with a richer heart and lips more yielding to the spirit will I speak.
എന്നിട്ട്, കൂടുതൽ ഉജ്ജ്വലമായ ഹൃദയത്തോടും, ആത്മാവിനോട് കൂടുതൽ വഴങ്ങുന്ന ചുണ്ടുകളുമായി ഞാൻ സംസാരിക്കും.

Yea, I shall return with the tide,
അതെ, ഞാൻ തിരമാലയോടൊപ്പം തിരിച്ച് വരും.

And though death may hide me, and the greater silence enfold me, yet again will I seek your understanding.
മരണം എന്നെ മറയ്ക്കുമെങ്കിലും, കൂടുതൽ മഹനീയമായ നിശബ്ദത എന്നെ ആവരണം ചെയ്യുമെങ്കിലും, വീണ്ടും ഞാൻ നിങ്ങളുടെ അറിവിനെ തേടും.

And not in vain will I seek.
മാത്രവുമല്ല, വ്യർത്ഥമായല്ല, ഞാൻ തേടുക.

If aught I have said is truth, that truth shall reveal itself in a clearer voice, and in words more kin to your thoughts.
ഞാൻ പറഞ്ഞത് എന്തെങ്കിലും സത്യമാണെങ്കിൽ, ആ സത്യം കൂടുതൽ വ്യക്തമായ ശബ്ദത്തിലും, നിങ്ങളുടെ ചിന്തകൾക്ക് അടുപ്പമുള്ള വാക്കുകളിലും അതിനെത്തന്നെ സ്വയം വെളിവാക്കും.

I go with the wind, people of Orphalese, but not down into emptiness;
ഓർഫാലീസിലെ ജനങ്ങളെ, ഞാൻ കാറ്റിനോടൊപ്പം പോകുകയാണ്, എന്നാൽ ശൂന്യതയിലേക്ക് ഇറങ്ങിപ്പോകുകയല്ല ചെയ്യുന്നത്;

And if this day is not a fulfillment of your needs and my love, then let it be a promise till another day. Know therefore, that from the greater silence I shall return.
ഈ ദിവസം നിങ്ങളുടെ ആവശ്യകതകളുടേയും എന്റെ സ്നേഹത്തിന്റേയും നിറവേറ്റപ്പെടലല്ലെങ്കിൽ, എങ്കിൽ അത് മറ്റൊരു ദിവസംവരെയുള്ള ഒരു വാഗ്ദാനമായിരിക്കട്ടെ. അതിനാൽത്തന്നെ അറിയുക, കൂടുതൽ മഹനീയ നിശബ്ദതയിൽ നിന്നും ഞാൻ തിരിച്ചുവരും.

The mist that drifts away at dawn, leaving but dew in the fields, shall rise and gather into a cloud and then fall down in rain.
വയലേലകളിൽ, വെറും ഏതാനും മഞ്ഞുതുള്ളികൾമാത്രം ബാക്കിവച്ചുകൊണ്ട്, വെളുപ്പാങ്കാലത്ത് ഒഴുകിപ്പോകുന്ന മൂടൽമഞ്ഞ്, ഉയരുകയും ഒരു മേഘത്തിൽ കൂട്ടംചേരുകയും, അതിന് ശേഷം, മഴയായി താഴേക്ക് വീഴുകയും ചെയ്യും.

And not unlike the mist have I been.
ആ മഞ്ഞിനോട് സാദൃശ്യമായിട്ടല്ലാതല്ല ഞാൻ ആയിരുന്നത്.

In the stillness of the night I have walked in your streets, and my spirit has entered your houses,
രാത്രിയുടെ നിശ്ചലതയിൽ ഞാൻ നിങ്ങളുടെ തെരുവുകളിൽ നടന്നിട്ടുണ്ട്,എന്റെ ആത്മസത്ത നിങ്ങളുടെ വീടുകളിൽ കയറിയിട്ടുമുണ്ട്,

And your heart-beats were in my heart, and your breath was upon my face, and I knew you all.
നിങ്ങളുടെ ഹൃദയസ്പന്ദനങ്ങൾ എന്റെ ഹൃദയത്തിൽ ആയിരുന്നു, നിങ്ങളുടെ നിശ്വാസം എന്റെ മുഖത്തിന്മേലായിരുന്നു, എനിക്ക് നിങ്ങളെയെല്ലാവരെയും അറിയുമായിരുന്നു.

Ay, I knew your joy and your pain, and in your sleep your dreams were my dreams.
അതെ, നിങ്ങളുടെ ആനന്ദവും നിങ്ങളുടെ നൊമ്പരവും ഞാൻ അറിഞ്ഞു, നിങ്ങളുടെ നിദ്രാവേളയിൽ, നിങ്ങളുടെ സ്വപ്നങ്ങൾ എന്റെ സ്വപ്നങ്ങളായിരുന്നു.

And oftentimes I was among you a lake among the mountains.
പർവ്വതങ്ങൾക്കിടയിലെ ഒരു തടാകം പോലെ, ഞാൻ പലപ്പോഴും നിങ്ങളുടെ ഇടയിലുണ്ടായിരുന്നു.

I mirrored the summits in you and the bending slopes, and even the passing flocks of your thoughts and your desires.
നിങ്ങളിലെ കൊടുമുടികളേയും കുനിവുള്ള ചരിവുകളേയും, മാത്രവുമല്ല, നിങ്ങളിലെ ചിന്താപ്രവാഹങ്ങളുടേയും നിങ്ങളുടെ ഇച്ഛകളുടേയും കടുന്നു പോകുന്ന കൂട്ടങ്ങളേയും ഞാൻ പ്രതിബിംബിച്ചു.

And to my silence came the laughter of your children in streams, and the longing of your youths in rivers.
അരുവികളിൽ ഉള്ള നിങ്ങളുടെ കുട്ടികളുടെ ആർത്തുല്ലാസവും, നദികളില്ഉള്ള നിങ്ങളുടെ യുവാക്കളുടെ അഭിലാഷവും എന്റെ നിശബ്ദതയിൽ കയറിവന്നു.

And when they reached my depth the streams and the rivers ceased not yet to sing.
അവർ എന്റെ ആഴത്തിൽ എത്തിയപ്പോൾ, ആ അരുവികളും നദികളും എന്നിട്ടും പാടുന്നത് നിർത്താറായില്ല.

But sweeter still than laughter and greater than longing came to me.
എന്നാൽ, പൊട്ടിച്ചിരിയേക്കാളും മാധുര്യമുള്ളതും, ആശയെക്കാൾ മഹത്തായതും എന്റടുത്തേക്ക് വന്നു.

It was boundless in you;
നിങ്ങളിൽ അത് നിസ്സീമമായിരുന്നു;

The vast man in whom you are all but cells and sinews;
നിങ്ങളെല്ലാവരും വെറും കോശങ്ങളും ദശനാരുകളും ആകുന്ന ആ വിശാല മനുഷ്യൻ;

He in whose chant all your singing is but a soundless throbbing.
ആരുടെതാണോ മന്ത്രാലാപനത്തിൽ നിങ്ങളുടെയെല്ലാം ആലാപനങ്ങൾ വെറും നിശബ്ദ മിടിപ്പുകൾ മാത്രമാകുന്നു, ആ ആൾ.

It is in the vast man that you are vast,
ഈ വിശാല മനുഷ്യനിലാണ് നിങ്ങൾ വിശാലരാവുന്നത്,

And in beholding him that I beheld you and loved you.
അവനെ ദർശിക്കുമ്പോൾ, ഞാൻ നിങ്ങളെ കാണുകയും സ്നേഹിക്കുകയും ചെയ്തു.

For what distances can love reach that are not in that vast sphere?
കാരണം, ആ വിശാല ഗോളത്തിൽ ഇല്ലാത്ത ഏത് ദൂരങ്ങളാണ് വാത്സല്യത്തിന് എത്തിച്ചേരാനാവാത്തത്?

What visions, what expectations and what presumptions can outsoar that flight?
എന്ത് ദർശനങ്ങൾക്ക്, എന്ത് പ്രതീക്ഷകൾക്ക്, എന്ത് അനുമാനങ്ങൾക്ക് ആണ് ആ പറക്കലിനേക്കാൾ ഉയരത്തിൽ എത്താനാവുക?

Like a giant oak tree covered with apple blossoms is the vast man in you.
വിരിഞ്ഞിരിക്കുന്ന ആപ്പിൾ പൂവുകളാൽ ആവരണംചെയ്യപ്പെട്ടിരിക്കുന്ന ഒരു വലിയ ഓക്ക് മരം പോലെയാണ് നിങ്ങളിൽ ആ വിശാല മനുഷ്യൻ.

His mind binds you to the earth, his fragrance lifts you into space, and in his durability you are deathless.
അവന്റെ മനസ് നിങ്ങളെ ഭൂമിയോട് ബന്ധിപ്പിക്കുന്നു, അവന്റെ സൗരഭ്യം നിങ്ങളെ ശൂന്യാകാശത്തിലേക്ക് ഉയർത്തുന്നു, അവന്റെ ഈടുനിൽപ്പിൽ നിങ്ങൾ മരണമില്ലാത്ത അവസ്ഥയിലാണ്.

You have been told that, even like a chain, you are as weak as your weakest link.
നിങ്ങളോട് പറഞ്ഞിട്ടുണ്ട്, ഒരു ചങ്ങലയിലെന്നെപോലെ, നിങ്ങളിലെ ഏറ്റവും ബലഹീനമായ കണ്ണിയോളം ബലഹീനനാണ് നിങ്ങളെന്ന്.

This is but half the truth. You are also as strong as your strongest link.
അത് വെറും പകുതി സത്യം മാത്രമാണ്. നിങ്ങൾ നിങ്ങളുടെ കണ്ണികളിൽ ഏറ്റവും ബലമുള്ളതിനോടൊപ്പവും ബലമുള്ളതാണ്.

To measure you by your smallest deed is to reckon the power of ocean by the frailty of its foam.
നിങ്ങളുടെ ഏറ്റവും ചെറിയ പ്രവർത്തിയാൽ നിങ്ങളെ അളക്കുകയെന്നുള്ളത് അലയാഴിയെ അതിന്റെ പതയുടെ ശൈഥില്യത്തെവച്ച് അളക്കുന്നത് പോലെയാണ്.

To judge you by your failures is to cast blame upon the seasons for their inconsistency.
നിങ്ങളുടെ പരാജയങ്ങളാൽ നിങ്ങളെ മൂല്യനിർണ്ണയം ചെയ്യുക എന്നുള്ളത്, അവരുടെ അസ്ഥിരതയ്ക്ക് ഋതുക്കളുടെമേൽ പഴിചാരുന്നത് പോലെയാണ്.

Ay, you are like an ocean,
അതെ, നിങ്ങൾ ഒരു സമുദ്രം പോലെതന്നെയാണ്,

And though heavy-grounded ships await the tide upon your shores, yet, even like an ocean, you cannot hasten your tides.
പൂഴിയിൽതട്ടി നിൽക്കുന്ന ഭാരമേറിയ കപ്പലുകൾ നിങ്ങളുടെ തീരങ്ങളിൽ തിരമാലകളെ കാത്ത് നിൽക്കുന്നു, എങ്കിലും സമുദ്രത്തിനെന്നപോലെ, നിങ്ങൾക്ക് നിങ്ങളുടെ ഓളങ്ങളെ തിരക്കുകൂട്ടുവാനാകില്ല.

And like the seasons you are also,
കാലങ്ങളെപ്പോലെതന്നെയാണ് നിങ്ങളും,

And though in your winter you deny your spring,
നിങ്ങളുടെ ശൈത്യത്തിൽ നിങ്ങൾ നിങ്ങളുടെ വസന്തത്തെ നിഷേധിക്കുന്നുവെങ്കിലും,

Yet spring, reposing within you, smiles in her drowsiness and is not offended.
നിങ്ങളിൽ വിശ്രമിക്കുന്ന വസന്തം എന്നിട്ടും, അയാളുടെ(സ്ത്രീ) മയക്കത്തിൽ മന്ദഹസിക്കുന്നു, വിദ്വേഷത്തിലാകുന്നില്ല.

Think not I say these things in order that you may say the one to the other, "He praised us well. He saw but the good in us."
'അയാൾ ഞങ്ങളെ നന്നായി പുകഴ്ത്തി. അയാൾ ഞങ്ങളിൽ ഉള്ള നന്മ മാത്രം കണ്ടു', എന്ന് നിങ്ങൾ മറ്റെ ആളോട് പറയും എന്നതിന് വേണ്ടിയാണ് ഞാൻ ഇതെല്ലാം നിങ്ങളോട് പറയുന്നത് എന്ന് നിനക്കരുത്.

I only speak to you in words of that which you yourselves know in thought.
ചിന്തകളിൽ നിങ്ങൾക്ക് സ്വയം അറിയുന്ന കാര്യങ്ങൾ വാക്കുകളിൽ ഞാൻ നിങ്ങളോട് പറയുകമാത്രമാണ് ചെയ്യുന്നത്.

And what is word knowledge but a shadow of wordless knowledge?
വാക്കുകളാലുള്ള വിവരം, വാക്കുകളില്ലാത്ത വിജ്ഞാനത്തിന്റെ ഒരു നിഴൽ അല്ലാതെ മറ്റെന്താണ്?

Your thoughts and my words are waves from a sealed memory that keeps records of our yesterdays,
നിങ്ങളുടെ ചിന്തകളും എന്റെ വാക്കുകളും, നമ്മുടെ ഇന്നലകളുടെ രേഖകൾ സൂക്ഷിച്ചുവെക്കപ്പെട്ട ഒരു മുദ്രവച്ചടച്ചുവെക്കപ്പെട്ട ഓർമ്മയിൽ നിന്നുമുള്ള അലകൾ ആണ്.

And of the ancient days when the earth knew not us nor herself,
ഭൂമിക്ക് നമ്മളേയും, അയാളെ(സ്ത്രീ)ത്തന്നെയും അറിയാതിരുന്നപ്പോഴുള്ള പ്രാചീന ദിനങ്ങളെക്കുറിച്ചും,

And of nights when earth was upwrought with confusion,
മനോവിഭ്രാന്തിയാൽ ഭൂമി വേവലാതിപ്പെട്ട രാത്രികളെക്കുറിച്ചും,

Wise men have come to you to give you of their wisdom. I came to take of your wisdom:
വിവേകശാലികളായ ബുദ്ധിമാന്മാർ അവരുടെ അറിവ് നിങ്ങൾക്ക് നൽകാനായി നിങ്ങളുടെ അടുത്ത് വന്നിട്ടുണ്ട്. ഞാൻ വന്നതോ, നിങ്ങളുടെ അറിവിൽ നിന്നും എടുക്കാനായിട്ടാണ്:

And behold I have found that which is greater than wisdom.
നോക്കിക്കാണുക, ഞാൻ വിജ്ഞാനത്തെക്കാളും മഹത്തായതിനെ കണ്ടെത്തിയിരിക്കുന്നു.

It is a flame spirit in you ever gathering more of itself,
അതിനെത്തന്നെ എന്നുമെന്നും കൂടുതൽ വാരിക്കൂട്ടുന്ന, നിങ്ങളിലുള്ള ഒരു അഗ്നിജ്വാലാ സത്തയാണ്, അത്.

While you, heedless of its expansion, bewail the withering of your days.
അതേ സമയം നിങ്ങൾ, അതിന്റെ വ്യാപനത്തെക്കുറിച്ച് ശ്രദ്ധിക്കാതെ, നിങ്ങളുടെ ദിവസങ്ങളുടെ മങ്ങലിനെക്കുറിച്ച് വ്യസനിക്കുന്നു.

It is life in quest of life in bodies that fear the grave.
ശവകുടീരങ്ങളെ ഭയപ്പെടുന്ന ശരീരങ്ങളിലുള്ള ജീവനെ തിരയുന്ന ജീവൻ ആണ് അത്.

There are no graves here.
ഇവിടെ ശവകുടിരങ്ങളില്ല.

These mountains and plains are a cradle and a stepping-stone.
ഈ പർവ്വതങ്ങളും സമതലപ്രദേശങ്ങളും ഒരു തൊട്ടിലും, ഒരു ചവിട്ടുകല്ലുമാണ്.

Whenever you pass by the field where you have laid your ancestors look well thereupon, and you shall see yourselves and your children dancing hand in hand.
നിങ്ങളുടെ പൂര്വ്വികരെ അടക്കംചെയ്തിട്ടുള്ള നിലങ്ങൾക്ക് അരികിലൂടെ നിങ്ങൾ കടന്നുപോകുമ്പോൾ, നന്നായി നോക്കുക, നിങ്ങളും നിങ്ങളുടെ കുട്ടികളും കൈയോട് കൈചേർത്തുകൊണ്ട് നൃത്തം ചെയ്യുന്നത് അപ്പോൾ നിങ്ങൾ കാണും.

Verily you often make merry without knowing.
വാസ്തവത്തിൽ നിങ്ങളറിയാതെതന്നെ നിങ്ങൾ പലപ്പോഴും ഉല്ലസിക്കാറുണ്ട്.

Others have come to you to whom for golden promises made unto your faith you have given but riches and power and glory.
നിങ്ങളുടെ വിശ്വാസങ്ങളോട് പൊന്നുപോലുള്ള വാഗ്ദാനങ്ങൾ നൽകിയതിന്, വിലപിടിപ്പുള്ളതും, ശക്തിയും, ആഢംബരങ്ങളും അല്ലാതുള്ളത് മാത്രം, നിങ്ങൾ നൽകിയിട്ടുള്ള മറ്റുള്ളവർ നിങ്ങളുടെ അടുത്ത് വന്നിട്ടുണ്ട്.

Less than a promise have I given, and yet more generous have you been to me.
ഒരു വാഗ്ദാനത്തെക്കാളും അൽപമാണ് ഞാൻ നിങ്ങൾക്ക് നൽകിയിട്ടുള്ളത്, എന്നിട്ടും എന്നോട് കൂടുതൽ ഔദാര്യത്തോടുകൂടിയാണ് നിങ്ങൾ പെരുമാറിയത്.

You have given me deeper thirsting after life.
ജീവിതത്തോടുള്ള കൂടുതൽ അഗാധമായ ദാഹം നിങ്ങൾ എനിക്കു തന്നിട്ടുണ്ട്.

Surely there is no greater gift to a man than that which turns all his aims into parching lips and all life into a fountain.
ഒരു ആളുടെ സർവ്വ ലക്ഷ്യങ്ങളും വരണ്ട ചുണ്ടുകളും, എല്ലാ ജീവനും ഒരു നീരുറവയും, ആയി പരിവർത്തനം ചെയ്യിക്കാൻ കഴിയുന്ന ഒരു കഴിവിനേക്കാൾ മഹത്തായ ഒരു വരപ്രസാദം ഒരു മനുഷ്യന് ലഭിക്കാൻ, തീർച്ചയായും, ഇല്ലതന്നെ.

And in this lies my honour and my reward,
ഇതിൽ എന്റെ സൽപ്പേരും എനിക്കുള്ള പാരിതോഷികവും കിടക്കുന്നു,

That whenever I come to the fountain to drink I find the living water itself thirsty; And it drinks me while I drink it.
നീരുറവയിൽ വെള്ളം കുടിക്കാനായി വരുമ്പോഴെല്ലാം, ജീവനുള്ള ജലം തന്നെയും ദാഹിച്ചിരിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു; ഞാൻ അതിനെ കുടിച്ചുകൊണ്ടിരിക്കുമ്പോൾ, അത് എന്നെയും കുടിക്കുന്നു.

Some of you have deemed me proud and over-shy to receive gifts.
പാരിതോഷികങ്ങൾ സ്വീകരിക്കാൻ ആകാത്തവിധം ദുരഭിമാനവും അമിതമായി നാണവും ഉള്ള ആൾ ആണ് ഞാൻ എന്ന് നിങ്ങളിൽ ചിലർ കരുതിയിട്ടുണ്ട്.

Too proud indeed am I to receive wages, but not gifts.
ശരിയാണ്, വേതനം സ്വീകരിക്കാൻ പറ്റാത്തവിധം ഞാൻ ദുരഭിമാനിയാണ്, എന്നാൽ ദക്ഷിണ വാങ്ങിക്കാൻ ഇങ്ങിനെയല്ല.

And though I have eaten berries among the hill when you would have had me sit at your board,
നിങ്ങൾ എന്നെ നിങ്ങളുടെ കൂടെയിരുത്തി ഭക്ഷണം കഴിപ്പിക്കുമായിരുന്നപ്പോഴും ഞാൻ കുന്നുകൾക്കിടയിലിരുന്ന് കാട്ടുകനികൾ ഭക്ഷിച്ചിട്ടുണ്ട് എങ്കിലും,

And slept in the portico of the temple where you would gladly have sheltered me,
നിങ്ങളെനിക്ക് സന്തോഷത്തോടുകൂടി പാർപ്പിടസൗകര്യം തരുമായിരുന്ന ക്ഷേത്രത്തിന്റെ നടപ്പുരയിൽ ഞാൻ ഉറങ്ങിയിട്ടുണ്ട് എങ്കിലും,

Yet was it not your loving mindfulness of my days and my nights that made food sweet to my mouth and girdled my sleep with visions?
എന്നിരുന്നാലും, എന്റെ പകലുകളുടേമേലും എന്റെ രാത്രികളുടേമേലും, നിങ്ങൾ നൽകിയ വാത്സല്യപൂർണ്ണമായ ശ്രദ്ധയല്ലേ, എന്റെ വായിൽ ആഹാരത്തിന് മാധുര്യം നൽകിയതും, എന്റെ രാത്രികളെ സ്വപ്നദർശനങ്ങളാൽ വലയംവെപ്പിച്ചതും?

For this I bless you most:
ഇതിന് ഞാൻ നിങ്ങളെ ഏറ്റവും അധികം അനുഗ്രഹിക്കുന്നു:

You give much and know not that you give at all.
നിങ്ങൾ വളരെ നൽകുന്നു, എന്നിട്ടും നിങ്ങൾ എന്തെങ്കിലും നൽകിയെന്നുപോലും അറിയുന്നില്ല.

Verily the kindness that gazes upon itself in a mirror turns to stone,
ഒരു കണ്ണാടിയിൽ സ്വന്തം ദേഹത്തെ വീക്ഷിക്കുന്ന കാരുണ്യം ശിലയായി മാറുന്നു എന്നുള്ളത് നേരാണ്,

And a good deed that calls itself by tender names becomes the parent to a curse.
വാത്സല്യപൂർണ്ണമായ പേരുകളാൽ തന്നെത്തന്നെ വിശേഷിപ്പിക്കുന്ന ഒരു നല്ല പ്രവൃത്തി, ഒരു ശാപത്തിന്റെ മാതാപിതാവായി മാറുന്നു.

And some of you have called me aloof, and drunk with my own aloneness,
നിങ്ങളിൽ ചിലർ എന്നെ ഒഴിഞ്ഞുനിൽക്കുന്നവനെന്നും, സ്വന്തം ഏകാന്തതയിൽ ലഹരിപിടിച്ചിരിക്കുന്നവനെന്നും വിളിച്ചിട്ടുണ്ട്,

And you have said, "He holds council with the trees of the forest, but not with men.
നിങ്ങൾ പറഞ്ഞിട്ടുണ്ട്, 'അയാൾ കാട്ടിലെ മരങ്ങളോടിരുന്ന് ആലോചനനടത്തുന്നു, എന്നാൽ മനുഷ്യരോട് അത് ചെയ്യുന്നില്ല.

He sits alone on hill-tops and looks down upon our city."
അയാൾ കുന്നിൻ-കൊടുമുടിയിൽ ഒറ്റക്ക് ഇരിക്കുന്നു, എന്നിട്ട് നമ്മുടെ നഗരത്തെ താഴെക്കായി വീക്ഷിക്കുന്നു.'

True it is that I have climbed the hills and walked in remote places.
ഞാൻ കുന്നുകൾ കയറുകയും ഒറ്റപ്പെട്ടുനിൽക്കുന്ന വിദൂര പ്രദേശങ്ങളിൽ നടന്നിട്ടുമുണ്ട്, എന്നത് നേരുതന്നെ.

How could I have seen you save from a great height or a great distance?
ഒരു വളരെ ഉയരത്തിൽ നിന്നല്ലാതെയോ, അതുമല്ലെങ്കിൽ ഒരു മഹാ ദൂരത്ത് നിന്നല്ലാതെയോ എനിക്ക് നിങ്ങളെ എങ്ങിനെ കാണാൻ കഴിയുമായിരുന്നു?

How can one be indeed near unless he be far?
ദൂരത്ത് ആയിരിക്കാതെ, എങ്ങിനെയാണ് വാസ്തവത്തിൽ ഒരാൾക്ക് അരികത്ത് ആവാനാകുക?

And others among you called unto me, not in words, and they said,
നിങ്ങളിൽ ഉള്ള മറ്റുള്ളവർ വാക്കുകളിൽ അല്ലാതെ എന്നെ വിളിച്ചു, എന്നിട്ട് അവർ പറഞ്ഞു,

Stranger, stranger, lover of unreachable heights, why dwell you among the summits where eagles build their nests?
അപരിചിതനായ മനുഷ്യാ, വഴിപോക്കാ, എത്തിച്ചേരാൻ പറ്റാത്ത ഉയരങ്ങളെ സ്നേഹിക്കുന്നവനെ, പരുന്തുകൾ അവരുടെ കൂടുകൾ കെട്ടുന്ന പർവ്വതശൃംഗങ്ങളിൽ എന്തിനാണ് നിങ്ങൾ തങ്ങുന്നത്?

Why seek you the unattainable?
അപ്രാപ്യമായതിനെ എന്തിനാണ് നിങ്ങൾ തേടുന്നത്?

What storms would you trap in your net,
ഏത് കൊടുങ്കാറ്റുകളെയാണ് നിങ്ങൾ നിങ്ങളുടെ കെണിയിൽ പെടുത്തുക,

And what vaporous birds do you hunt in the sky?
ഏത് അദൃശ്യ പക്ഷികളെയാണ് നിങ്ങൾ ആകാശത്ത് വേട്ടയാടുന്നത്?

Come and be one of us.
വരൂ, എന്നിട്ട് ഞങ്ങളിൽ ഒരാളായിത്തീരൂ.

Descend and appease your hunger with our bread and quench your thirst with our wine."
താഴേക്ക് വരൂ, എന്നിട്ട് അങ്ങയുടെ വിശപ്പ് ഞങ്ങളുടെ റൊട്ടിയാലും, അങ്ങയുടെ ദാഹം ഞങ്ങളുടെ വീഞ്ഞിനാലും, ശമിപ്പിക്കുക.'

In the solitude of their souls they said these things;
അവരുടെ ആത്മാവിന്റെ ഏകാന്തതയിൽ അവർ ഈ കാര്യങ്ങൾ പറഞ്ഞു;

But were their solitude deeper they would have known that I sought but the secret of your joy and your pain,
എന്നാൽ അവരുടെ ഏകാന്തത കൂടുതൽ അഗാധമായിരുന്നെങ്കിൽ, അവർ അറിയുമായിരുന്നു, ഞാൻ തേടിയത് മറ്റൊന്നുമല്ല, മറിച്ച് നിങ്ങളുടെ ആനന്ദത്തിന്റെയും നിങ്ങളുടെ നൊമ്പരത്തിന്റെയും നിഗൂഢ രഹസ്യമായിരുന്നുവെന്ന്,

And I hunted only your larger selves that walk the sky.
ആകാശത്ത് നടക്കുന്ന നിങ്ങളുടെ ആശ്ചര്യകരമായ സത്തയെ മാത്രമാണ് ഞാൻ വേട്ടയാടിയത് എന്നും.

But the hunter was also the hunted: For many of my arrows left my bow only to seek my own breast.
എന്നാൽ വേട്ടക്കാരൻ വേട്ടയാടപ്പെടുന്നവനുമായിരുന്നു: കാരണം എന്റെ വില്ലിൽ നിന്നും പല അമ്പുകളും പോയത്, എന്റെ സ്വന്തം മാറിടം തന്നെ തേടാനായാണ്.

And the flier was also the creeper;
ആ പറക്കുന്ന ആൾ ആ ഇഴജന്തുവും തന്നെയായിരുന്നു;

For when my wings were spread in the sun their shadow upon the earth was a turtle.
കാരണം, എന്റെ ചിറകുകൾ വെയിലത്ത് വിടർത്തിയപ്പോൾ, അവയുടെ നിഴൾ ഭൂമിക്ക് മീതെ ഒരു വെള്ളാമയായിരുന്നു.

And I the believer was also the doubter;
ഞാൻ എന്ന ആ വിശ്വാസി തന്നെയായിരുന്നു ആ സംശയാലുവും;

For often have I put my finger in my own wound that I might have the greater belief in you and the greater knowledge of you.
എനിക്ക് നിങ്ങളിൽ കൂടുതൽ വിശ്വാസവും നിങ്ങളെക്കുറിച്ച് കൂടുതൽ അറിവും കിട്ടുമാറാകാനായി, ഞാൻ പലപ്പോഴും എന്റെ സ്വന്തം മുറിവിൽ എന്റെ കൈവിരൽ ഇട്ടിട്ടുണ്ട്.

And it is with this belief and this knowledge that I say,
ഈ വിശ്വാസത്തോടുകൂടിയും, ഈ വിജ്ഞാനത്തോടുകൂടിയും ആണ് ഞാൻ പറയുന്നത്,

You are not enclosed within your bodies, nor confined to houses or fields.
നിങ്ങളുടെ സ്വന്തം ശരീരങ്ങൾക്കുള്ളിലോ അല്ലെങ്കിൽ ഭവനങ്ങളിലോ, പാടങ്ങളിലോ നിങ്ങൾ അകപ്പെട്ടിരിക്കുന്നില്ല.

That which is you dwells above the mountain and roves with the wind.
നിങ്ങൾ എന്നത് ആവുന്ന ആ സത്ത പർവ്വതത്തിന് മുകളിലായി വസിക്കുകയും, കാറ്റിനോടൊപ്പം അലഞ്ഞുതിരിഞ്ഞു നടക്കുകയും ചെയ്യുന്നു.

It is not a thing that crawls into the sun for warmth or digs holes into darkness for safety,
ഇളംചൂടിനായി വെയ്ലിലേക്ക് ഇഴയുന്നതോ അല്ലെങ്കിൽ സുരക്ഷയ്ക്കായി ഇരുളിൽ കുഴികൾ കുഴിക്കുന്നതോ ആയ ഒന്നല്ല അത്.

But a thing free, a spirit that envelops the earth and moves in the ether.
സ്വതന്ത്രമായ ഒരു വസ്തുവും, ഭൂമിയെ ആവരണം ചെയ്യുന്നതും, ശൂന്യതയിൽ ചലിക്കുന്നതുമായ ഒരു ആത്മസത്തയാണ് അത്.

If this be vague words, then seek not to clear them.
ഇത് അവ്യക്തമായ വാക്കുകൾ ആണെങ്കിൽ, അവയെ വ്യക്തമാക്കാനായി ശ്രമിക്കേണ്ട.

Vague and nebulous is the beginning of all things, but not their end,
അവ്യക്തവും വ്യക്തമായ നിർവചനമില്ലാത്തതുമാണ്, എല്ലാ കാര്യങ്ങളുടേയും തുടക്കം, എന്നാൽ അവയുടെ അവസാനം അങ്ങിനെയായിരിക്കില്ല,

And I fain would have you remember me as a beginning.
ഒരു ആരംഭമായി നിങ്ങൾ എന്നെ ഓർമ്മിക്കണം എന്നതാണ് എനിക്ക് ഇഷ്ടം.

Life, and all that lives, is conceived in the mist and not in the crystal.
ജീവിതവും, ജീവിക്കുന്ന എല്ലാം തന്നെയും ഒരു മൂടൽ മഞ്ഞിലാണ് ആദ്യം ഉത്ഭവിക്കുന്നത്, സ്ഫടികക്കണ്ണാടിയിലല്ല.

And who knows but a crystal is mist in decay?
സ്ഫടികക്കണ്ണാടി എന്നത് ജീർണ്ണിക്കപ്പെട്ടുകൊണ്ടിക്കുന്ന ഒരു മൂടൽമഞ്ഞ് അല്ലായെന്ന് ആർക്ക് അറിയാം?

This would I have you remember in remembering me:
എന്നെ ഓര്ക്കുമ്പോൾ ഈ കാര്യം നിങ്ങൾ ഓർക്കും എന്ന് ഞാൻ ആഗ്രഹിക്കുന്നു:

That which seems most feeble and bewildered in you is the strongest and most determined.
നിങ്ങളിൽ ഏറ്റവും ബലഹീനവും പേടിച്ചരണ്ടതുമായിതോന്നപ്പെടുന്നതാണ് ഏറ്റവും ശക്തവും ഏറ്റവും ദൃഢനിശ്ചയമുള്ളതും.

Is it not your breath that has erected and hardened the structure of your bones?
നിങ്ങളുടെ ശ്വാസമല്ലെ നിങ്ങളുടെ എല്ലുകളെ സ്ഥാപിച്ചതും, അതിന്റെ രൂപഘടനയെ കഠിനപ്പെടുത്തിയതും?

And is it not a dream which none of you remember having dreamt that built your city and fashioned all there is in it?
നിങ്ങളിൽ ആരുംതന്നെ കണ്ടതായി ഓർമ്മയില്ലാത്ത ഒരു സ്വപ്നമല്ലെ നിങ്ങളുടെ നഗരത്തെയും പടുത്തുയർത്തിയതും, അതിലുള്ള എല്ലാത്തിനേയും രൂപപ്പെടുത്തിയതും?

Could you but see the tides of that breath you would cease to see all else,
ആ നിശ്വാസത്തിന്റെ അലകൾ നിങ്ങൾക്ക് കാണാനായിരുന്നുവെങ്കിൽ, നിങ്ങൾ മറ്റെല്ലാം കാണുന്നത് നിർത്തുമായിരുന്നു,

And if you could hear the whispering of the dream you would hear no other sound.
ആ സ്വപ്നത്തിന്റെ പതിഞ്ഞ സ്വകാര്യംപ്പറച്ചിൽ നിങ്ങൾക്ക് കേൾക്കാനായിരുന്നുവെങ്കിൽ, നിങ്ങൾ മറ്റ് യാതോരു ശബ്ദത്തിനും കാത് നൽകുമായിരുന്നില്ല.

But you do not see, nor do you hear, and it is well.
എന്നാൽ നിങ്ങൾ കാണുന്നുമില്ല, കേൾക്കുന്നുമില്ല, അത് തന്നെയാണ് നല്ലത്.

The veil that clouds your eyes shall be lifted by the hands that wove it,
നിങ്ങളുടെ നേത്രങ്ങളെ മൂടിവെക്കുന്ന ആ യവനിക, അത് നെയ്ത അതേ കരങ്ങളാൽതന്നെ ഉയർത്തിമാറ്റപ്പെടുന്നതാണ്.

And the clay that fills your ears shall be pierced by those fingers that kneaded it.
നിങ്ങളുടെ കാതുകളിൽ നിറഞ്ഞിരിക്കുന്ന കളിമണ്ണ്, അവകുഴച്ചുവച്ച അതേ കൈവിരലുകളാൽതന്നെ തുളയ്ക്കപ്പെടുന്നതാണ്.

And you shall see
എന്നിട്ട് നിങ്ങൾ കാണും

And you shall hear.
നിങ്ങൾ കേൾക്കുകയും ചെയ്യും.

Yet you shall not deplore having known blindness, nor regret having been deaf.
എന്നാലും, കാഴ്ചയില്ലായ്മ അനുഭവിച്ചതിനെ അപലപിക്കുകയോ, കേൾവി നഷ്ടമായിരുന്നതിനെപ്പറ്റി വ്യസനിക്കുകയോ നിങ്ങൾ ചെയ്യില്ല.

For in that day you shall know the hidden purposes in all things,
കാരണം, ആ ദിനത്തിൽ എല്ലാത്തിന്റേയും ഒളിഞ്ഞിരിക്കുന്ന ഉദ്ദേശ്യം നിങ്ങൾ അറിയും,

And you shall bless darkness as you would bless light.
എന്നിട്ട്, പ്രകാശത്തെ അനുഗ്രഹിക്കുന്നത് പോലെതന്നെ, നിങ്ങൾ ഇരുളിനേയും അനുഗ്രഹിക്കും.

After saying these things he looked about him, and he saw the pilot of his ship standing by the helm and gazing now at the full sails and now at the distance.
ഈ കാര്യങ്ങൾ പറഞ്ഞതിന് ശേഷം, അയാൾ അയാൾക്ക് ചുറ്റും നോക്കി, അയാളുടെ കപ്പലിന്റെ നാവികൻ ചുക്കാനിന് അടുത്തായി നിൽക്കുന്നതും, പൂർണ്ണമായി വിടർന്നിരിക്കുന്ന കപ്പൽപ്പായയേയും അകലങ്ങളിലേക്കും മാറിമാറി നോക്കുന്നത് അയാൾ കണ്ടു.

And he said:
എന്നിട്ട് അയാൾ പറഞ്ഞു:

Patient, over-patient, is the captain of my ship.
ക്ഷമയുള്ള ആളാണ്, വളരെ ക്ഷമയുള്ള ആളാണ്, എന്റെ കപ്പലിന്റെ കപ്പിത്താൻ.

The wind blows, and restless are the sails;
കാറ്റ് വീശുന്നു, പായകൾ അക്ഷമരായിരിക്കുന്നു;

Even the rudder begs direction; Yet quietly my captain awaits my silence.
ചുക്കാൻ പോലും ദിശയേതാണ് എന്ന് ചോദിക്കുന്നു; എന്നിട്ടും എന്റെ കപ്പിത്താൻ ശാന്തനായി എന്റെ നിശബ്ദതയെ കാത്തുനിൽക്കുന്നു.

And these my mariners, who have heard the choir of the greater sea, they too have heard me patiently.
വലിയ കടലിന്റെ ഗാനതരംഗങ്ങൾ കേട്ടിട്ടുള്ള, എന്റെ ഈ കപ്പൽസഞ്ചാരികൾ, അവരും ഞാൻ പറയുന്നത് ക്ഷമയോടുകൂടി കേട്ടുനിന്നിട്ടുണ്ട്.

Now they shall wait no longer.
ഇനി അവർ കൂടുതൽ നേരം കാത്ത് നില്ക്കില്ല.

I am ready.
ഞാൻ തയ്യാറാണ്.

The stream has reached the sea, and once more the great mother holds her son against her breast.
അരുവി കടലിൽ എത്തിയിരിക്കുന്നു, വീണ്ടും ആ മഹാ മാതാവ് തന്റെ മകനെ തന്റെ മാറിലേക്ക് ചേർത്തു പിടിക്കുന്നു.

Fare you well, people of Orphalese.
ഒർഫാലീസിലെ ജനങ്ങളെ, നിങ്ങൾക്ക് നല്ലത് വരട്ടെ.

This day has ended.
ഈ ദിവസം കഴിഞ്ഞിരിക്കുന്നു.

It is closing upon us even as the water-lily upon its own tomorrow.
വെള്ളത്തിലെ ആമ്പൽപൂ അതിന്റെ സ്വന്തം നാളയിന്മേലെന്നപോലെ, അത് നമ്മുടെ മേൽ വന്നടയുകയാണ്.

What was given us here we shall keep,
ഇവിടെ നമുക്ക് നൽകപ്പെട്ടത്, നാം കൈവശംവെക്കും.

And if it suffices not, then again must we come together and together stretch our hands unto the giver.
അത് മതിയാകുന്നില്ലായെങ്കിൽ, നാം വീണ്ടും ഒത്തുചേരണം, എന്നിട്ട് ഒന്നിച്ചു നിന്നുകൊണ്ട് നൽകുന്ന അവന്റെ നേരേ നമ്മുടെ കൈകൾ നീട്ടണം.

Forget not that I shall come back to you.
ഞാൻ നിങ്ങളുടെ അടുത്തേക്ക് തിരിച്ചു വരും എന്നത് മറക്കാതിരിക്കുക.

A little while, and my longing shall gather dust and foam for another body.
കുറച്ചുനേരംമാത്രം കഴിയട്ടെ, എന്റെ ആശ മറ്റൊരു ശരീരത്തിനായി പൊടിയും പതയും ശേഖരിക്കും,

A little while, a moment of rest upon the wind, and another woman shall bear me.
കുറച്ചുനേരംമാത്രം കഴിയട്ടെ, ഇളംകാറ്റിന്മേൽ ഒരൽപ്പസമയ വിശ്രമം, എന്നിട്ട് മറ്റൊരു സ്ത്രീ എന്നെപേറും.

Farewell to you and the youth I have spent with you.
നിങ്ങളോടും, നിങ്ങളോടൊപ്പം ഞാൻ ചിലവഴിച്ച യൗവ്വനത്തിനോടും വിടപറയുന്നു.

It was but yesterday we met in a dream.
ഒരു സ്വപ്നത്തിൽ നമ്മള്തമ്മിൽ കണ്ടുമുട്ടിയതോ, അത് വെറും ഇന്നലെയായിരുന്നു.

You have sung to me in my aloneness, and I of your longings have built a tower in the sky.
എന്റെ ഏകാന്തതയിൽ നിങ്ങൾ എന്നോട് ഗാനാലാപനം നടത്തിയിട്ടുണ്ട്, നിങ്ങളുടെ അഭിലാഷങ്ങളാൽ ആകാശത്ത് ഒരു ഗോപുരം കെട്ടിയിട്ടുണ്ട് ഞാൻ.

But now our sleep has fled and our dream is over, and it is no longer dawn.
എന്നാൽ ഇപ്പോൾ നമ്മുടെ ഉറക്കം ഓടിമറഞ്ഞിരിക്കുന്നു, നമ്മുടെ കിനാവ് കഴിഞ്ഞിരിക്കുന്നു, ഇനിയങ്ങോട്ട് സുപ്രഭാതം അല്ലതന്നെ.

The noontide is upon us and our half waking has turned to fuller day, and we must part.
നമ്മുടെ മേൽ മദ്ധ്യാഹ്നം എത്തിയിരിക്കുന്നു, നമ്മുടെ അർദ്ധ ഉണരൽ പൂർണ്ണമായ ദിനമായി മാറിയിരിക്കുന്നു, ഇനി നാം പിരിയേണ്ടിയിരിക്കുന്നു.

If in the twilight of memory we should meet once more, we shall speak again together and you shall sing to me a deeper song.
ഓർമ്മയുടെ മൂവന്തിനേരത്ത് നാം വീണ്ടും കണ്ടുമുട്ടുവാൻ ഇടവന്നാൽ, നമ്മൾ ഒന്നിച്ചു വീണ്ടും സംസാരിക്കും, എന്നിട്ട് നിങ്ങൾ എനിക്കായി ഒരു കൂടുതൽ നിഗൂഢമായ ഗീതം പാടിത്തരും.

And if our hands should meet in another dream, we shall build another tower in the sky.
നമ്മുടെ കൈകൾ മറ്റൊരു കിനാവിൽ കണ്ടുമുട്ടുകയാണെങ്കിൽ, നാം ആകാശത്തിൽ മറ്റൊരു ഗോപുരം പണിയും.

So saying he made a signal to the seamen, and straightaway they weighed anchor and cast the ship loose from its moorings, and they moved eastward.
അങ്ങിനെ പറഞ്ഞുകൊണ്ട്, അയാൾ നാവികർക്ക് ഒരു അടയാളം നൽകി, ഉടൻതന്നെ അവർ നങ്കൂരം ഉയർത്തി, കപ്പലിനെ അതിനെ കെട്ടിയിട്ടയിടത്ത് നിന്നും അഴിച്ചുവിട്ടു, എന്നിട്ട് അവർ കിഴക്കോട്ട് നീങ്ങി.

And a cry came from the people as from a single heart, and it rose the dusk and was carried out over the sea like a great trumpeting.
ജനങ്ങളിൽനിന്നും, ഒരേ ഹൃദയത്തിൽ നിന്നുവെന്നവണ്ണം, ഒരു രോദനസ്വരം ഉയർന്നു, അത് ആ ത്രിസന്ധ്യാ നേരത്ത് ഉയരങ്ങളിലേക്ക് നീങ്ങി, ഒരു വലിയ കുഴല്വിളിനാദം പോലെ കടലിന് മുകളിലേക്ക് കൊണ്ട് പോകപ്പെട്ടു.

Only Almitra was silent, gazing after the ship until it had vanished into the mist.
അൽമിത്ര മാത്രം നിശബ്ദയായിരുന്നു, ആ കപ്പൽ മൂടൽമഞ്ഞിലേക്ക് അപ്രത്യക്ഷമാകുന്നതുവരെ അതിനെ നോക്കിനിന്നു.

And when all the people were dispersed she still stood alone upon the sea-wall, remembering in her heart his saying,
എല്ലാ ആളുകളും പിരിഞ്ഞുപോയതിന് ശേഷം, അയാൾ(സ്ത്രീ) ആ കടൽ മതിലിന്മേൽ ഒറ്റക്ക് നിന്നു, അയാൾ പറഞ്ഞത് ഹൃദയത്തിൽ ഓർത്തുകൊണ്ട്.

“A little while, a moment of rest upon the wind, and another woman shall bear me.”
'കുറച്ചുനേരം മാത്രം കഴിയട്ടെ, കാറ്റിന്മേൽ ഒരൽപ്പസമയ വിശ്രമം, എന്നിട്ട് മറ്റൊരു സ്ത്രീ എന്നെപേറും'.